# ആത്മപ്രകാശിനി

## 2008 നവംബർ

ആത്മപ്രകാശിനി പി. ഡി. എഫ് . ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട് . വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപോകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ് . ആത്മപ്രകാശിനി പി. ഡി. എഫ് . ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ് .

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of “Athmaprakashini, Kumbanad”.**



www.bahrainbrethren.com

# അകത്താളുകളിൽ


**ഓർമ്മിക്കേണ്ട ചില മറവികൾ ...........**
കെ. എ. ഫിലിപ്പ് ................................ 3

**ആരാധനാ ചിന്തകൾ**
റ്റി.ജെ. തോമസ് .................................. 6

**പരിണാമ സൃഷ്ടി വിവാദം........**
ഡോ.ജോൺസൺ ജോർജ്ജ്........... 7

**മാളികമുറി പ്രഭാഷണം**
ഡോ. ഒ.എം. സാമുവേൽ ................ 9

**ആരാധന പുതിയനിയമത്തിൽ**
എസ്. ജി. ഗിൽബർട്ട്......................... 12

**തിമൊഥെയൊസിന് എഴുതിയ . . . . .**
ജേക്കബ് തോമസ് .............................. 13

**പുനരുത്ഥാനത്തിന്റെ പ്രസക്തി**
യോഹന്നാൻ ഏബ്രഹാം ................ 15

**സഭയാം ദൈവാലയത്തിലെ.......**
ജോർജ്ജ് സി. വർഗീസ് ................... 16

**ഏതു മനുഷ്യനെയും . . . . .**
സാം പീറ്റർ ........................................... 18

**മുടന്തൻ സൗഖ്യമാകുന്നു**
കെ.വി. ജോൺ ............................... 19

**ബൈബിൾ പ്രശ്നാവലി ................** 20

**വാർത്തകളും, കുറിപ്പുകളും** 22


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തോടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXVII** **No.11**

## 2008 നവംബർ

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഒ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
kcjohnson3000@gmail.com
+919447265500


www.bahrainbrethren.com

# ഓർമ്മിക്കേണ്ട ചില മറവികൾ

കെ.എ. ഫിലിപ്പ്, മൈലപ്ര

മറവി മനുഷ്യസഹജമാണ്. ഒന്നാലോചിച്ചാൽ മറക്കാൻ കഴിയുന്നതുകൊണ്ടാണല്ലോ നാം ജീവിച്ചു പോകുന്നതു തന്നെ. എന്നാൽ വലിയ വില കൊടുക്കേണ്ടി വരുന്ന മറവികൾ ഉണ്ടാകാം. അതിരിക്കട്ടെ. നമ്മുടെ ദൈവം മനുഷ്യന്റെ മറവിയെയും തന്റെ പദ്ധതിയുടെ നടത്തിപ്പിനായി എടുത്തു പയോഗിക്കാറുണ്ട് എന്നുള്ളത് ഒരു വിചിത്ര സത്യമാണ്. മറ്റൊന്നിനുമല്ല, ദൈവത്തിന്റെ സമയത്തു മാത്രം ആ പരിപാടി നടപ്പിലാക്കാൻ വേണ്ടി. അസാധാരണവും സുദീർഘവുമായ ഒരു വിസ്മൃതിയും ചില അനുബന്ധചിന്തകളുമാണ് ഈ ലേഖനത്തിൽ.

വിഖ്യാതമായ ഈ മറവിക്കു പശ്ചാത്തലം ഒരുക്കിയത് ഈജിപ്റ്റിലെ ഒരു ജയിലാണ്. കുറ്റം ചെയ്തു ജയിലിൽ പോകുന്നവരാണ് അധികവും. കുറ്റം ചെയ്യുന്നവരെല്ലാം ജയിലിൽ പോകുന്നില്ല എന്നുള്ളത് മറ്റൊരു കാര്യം. എന്നാൽ ഒരു ധാർമ്മിക കുറ്റം ചെയ്യാൻ കൂട്ടാക്കാതെ രംഗത്തുനിന്ന് ഓടിപ്പോയതിന് ജയിൽ ശിക്ഷ കിട്ടുക എന്നു വന്നാൽ അത് അപൂർവ്വങ്ങളിൽ അപൂർവ്വമായ ഒരു കേസ് ആയിരിക്കും. അങ്ങനെ ഒരു അനുഭവമാണ് ഗോത്ര പിതാവായ യാക്കോബിന്റെ ഇഷ്ട പുത്രൻ യോസേഫിന് ഉണ്ടായത്. ചെന്നു പെട്ടത് ഫറവോൻ രാജാവിന്റെ തടവുകാർ കിടക്കുന്ന ജയിലിൽ. അന്തേവാസികൾ വി.ഐ.പി.കൾ എന്നു ചുരുക്കം. ആട്ടിടയന്മാരായ സഹോദരന്മാരുടെ ക്ഷേമമന്വേഷിക്കാനും അവരോടൊത്തു സല്ലപിക്കാനും ദോഥാനിലെ പുൽമേടുകളിലേയ്ക്കു ചെന്ന യോസേഫിന് അവരിൽ നിന്നുണ്ടായ അനുഭവങ്ങൾ വച്ചു നോക്കുമ്പോൾ അന്യായമായ ഈ ശിക്ഷപോലും സാരമില്ലെന്ന് പറയാം. എന്നാൽ ഇവിടെയും യോസേഫിനു സഹായകനായി ദൈവം ഉണ്ട്. വചനം ഇങ്ങനെയാണ്, *"എന്നാൽ യഹോവ യോസേഫിനോടു കൂടെ ഇരുന്നു. കാരാഗൃഹപ്രമാണിക്ക് അവനോട് ദയ തോന്നത്തക്കവണ്ണം അവനു കൃപ നൽകി"* (ഉല്പത്തി 39:21). അതുകൊണ്ട് എന്തു സംഭവിച്ചു? *"കാരാഗൃഹത്തിലെ സകല ബദ്ധന്മാരെയും കാരാഗൃഹ പ്രമാണി യോസേഫിന്റെ കയ്യിൽ ഏല്പിച്ചു. അവരുടെ പ്രവൃത്തിക്കൊക്കെയും അവൻ വിചാരകനായിരുന്നു. യഹോവ അവനോടുകൂടെ ഇരുന്ന് അവൻ ചെയ്തതൊക്കെയും സഫലമാക്കുകകൊണ്ട് അവന്റെ കൈക്കീഴുള്ള യാതൊന്നും കാരാഗൃഹപ്രമാണി നോക്കിയില്ല."* ചുരുക്കത്തിൽ തടവുപുള്ളി ജയിലധികാരിയുടെ പേഴ്സനൽ അസിസ്റ്റന്റ് ആയിത്തീർന്നു!

അങ്ങനെയിരിക്കെ രണ്ടു പ്രമുഖന്മാർ ശിക്ഷിക്കപ്പെട്ട് അവിടെ എത്തി. ഒരാൾ രാജാവിന്റെ പാനപാത്രവാഹകന്മാരുടെ പ്രമാണി. മറ്റെയാൾ അപ്പക്കാരുടെ പ്രമാണി. അവർ കുറെക്കാലം അവിടെ കിടന്നു. ഒരിക്കൽ ഇരുവരും അർത്ഥവത്തായ ഓരോ സ്വപ്നം കണ്ടു. അർത്ഥമറിയാതെ വിഷമിച്ചിരുന്ന പ്രമാണിമാർക്ക് യോസേഫ് അർത്ഥം പറഞ്ഞു കൊടുത്തു. പാനപാത്രവാഹകന് മോചനവും ഒപ്പം ജോലിയിൽ പുനഃപ്രതിഷ്ഠയും. അപ്പക്കാരനാകട്ടെ, വധശിക്ഷയും. എല്ലാം മൂന്നു ദിവസങ്ങൾക്കകം. അതേപടി സംഭവിക്കുകയും ചെയ്തു. പാനപാത്രവാഹകന്റെ സ്വപ്നം വ്യാഖ്യാനിച്ചു കൊടുത്തപ്പോൾ യോസേഫ് അയാളോട് ഇങ്ങനെ അപേക്ഷിക്കകൂടി ചെയ്തു. *"എന്നാൽ നീ ശുഭമായിരിക്കുമ്പോൾ എന്നെ ഓർത്ത് എന്നോട് ദയ ചെയ്ത് ഫറവോനെ എന്റെ വസ്തുത ബോധിപ്പിച്ച് എന്നെ ഈ വീട്ടിൽനിന്ന് വിടുവിക്കേണമേ. എന്നെ എബ്രായരുടെ ദേശത്തു നിന്ന് കട്ടുകൊണ്ട് പോന്നതാകുന്നു. ഈ കുണ്ടറയിൽ എന്നെ ഇടേണ്ടതിന് ഞാൻ ഇവിടെയും യാതൊന്നും ചെയ്തിട്ടില്ല"* (ഉല്പത്തി 40:14).

യോസേഫിന്റെ അപേക്ഷ ശ്രദ്ധിക്കേണ്ടതുണ്ട്. കുണ്ടറയിൽനിന്നുള്ള മോചനം മാത്രമാണ് ഉണ്ടാകുന്നതെങ്കിൽ അത് തന്റെ ജീവിതം കൂടുതൽ ദുഷ്ക്കരമാക്കുകയേ ഉള്ളൂ എന്ന് യോസേഫിന് അറിയാമായിരുന്നു. കാരണം താൻ പൊത്തിഫറിന്റെ അടിമയാണ്; യിശ്മായേല്യരോട് നല്ല വില കൊടുത്ത് അയാൾ വാങ്ങിയതാണ് (യിശ്മായേല്യ വണിക്ക് സംഘത്തിന് 20 വെള്ളിക്കാശ് മുതലായതാണ്. പിന്നെ വഴിച്ചെലവ്, ലാഭം എന്നിവ വേറെ. അതിലുപരി ആളിന്റെ സൗന്ദര്യം, ആഢ്യത എന്നിവയും ഈ ഇടപാടിൽ കടന്നുകൂടും. അതുകൊണ്ടാണല്ലൊ ഒരു ഉന്നത മിലിറ്ററി ഓഫീസർ അവനെ വാങ്ങിയത്). വീണ്ടും പൊത്തിഫറിന്റെ കൈകളിലേക്കുപോകുന്നത് അപകടകരമാണല്ലൊ. അതുകൊണ്ടാണ് യോസേഫ് താൻ എങ്ങനെ ഈജിപ്റ്റിൽ വന്നു എന്നുകൂടി പറഞ്ഞത്. അതായത്, തന്നെ 'കട്ടുകൊണ്ടു' വന്നതാണ്. ചുരുക്കത്തിൽ ഫറവോൻ ഇടപെട്ട് ഉടനെ തന്നെ യോസേഫിന് ജയിലിൽ നിന്നും ഒപ്പം അടിമത്തത്തിൽ നിന്നും മോചനം നൽകി സ്വദേശത്ത് എത്തിക്കാൻ നടപടി എടുക്കണം എന്നാണ് ആ അപേക്ഷ. വളരെ ശ്രദ്ധേയനായ ഒരു വ്യക്തി ഒരു അവിസ്മരണീയ മുഹൂർത്തത്തിൽ നടത്തിയ ഹൃദയസ്പർശിയായ ഒരു അഭ്യർത്ഥനയാണിത്.



www.bahrainbrethren.com

ഇവിടെയാണ് മറവിയുടെ ആ കഥ തുടങ്ങുന്നത്. നമുക്കത് ഇങ്ങനെ വായിക്കാം. *"എങ്കിലും പാനപാത്രവാഹകന്മാരുടെ പ്രമാണി യോസേഫിനെ ഓർക്കാതെ അവനെ മറന്നു കളഞ്ഞു"* (ഉല്പത്തി 40:23).

ഈ മറവി തികച്ചും അസാധാരണമാണ്. രാജസേവകന്മാർ സാധാരണഗതിയിൽ ബുദ്ധിശാലികളും നിരീക്ഷണ നിപുണന്മാരും കാര്യശേഷിയുള്ളവരും മറ്റും ആയിരിക്കും. ദിവാസ്വപ്നക്കാരെയും മറവിക്കാരെയും ഒന്നും രാജാവിന്റെ സേവനത്തിന് നിയമിക്കുകയില്ല. ശരിക്കും പരീക്ഷിച്ച് ഇന്റർവ്യൂ ചെയ്ത് ആയിരിക്കും നിയമനം നൽകുക. എങ്കിൽ ഈ മറവി എങ്ങനെ സംഭവിച്ചു? പിന്നെയും ഉണ്ട് ചോദ്യങ്ങൾ. ജീവൻ ത്രാസിൽ തൂങ്ങുന്ന ഒരു വ്യക്തിക്ക് വിടുതൽ ഉണ്ടാകുവാൻ പോകുന്നു എന്ന് കൃത്യമായി പ്രവചിച്ച ഒരാളിനെ എങ്ങനെ മറക്കും? അതും പറഞ്ഞതു പോലെ മൂന്നു ദിവസത്തിനകം തന്നെ കാര്യം സംഭവിക്കുകയും ചെയ്തപ്പോൾ? മാത്രമോ, സഹതടവുകാരനായിരുന്ന അപ്പക്കാരന്റെ അനുഭവം മനസ്സിൽ മായാതെ നിൽക്കുകയും ചെയ്യുന്നു. ഇതിനിടയിൽ അവരുടെ രൂപവും യോസേഫ് ഒടുവിൽ പറഞ്ഞ അപേക്ഷാ ശബ്ദവും ഈ 'കിംഗ്സ് ചീഫ് ഷെഫിന്റെ' മനസ്സിൽ ഒരു 'മൾട്ടീ മീഡിയ ഇഫെക്റ്റ്' ഉണ്ടാക്കേണ്ടതായിരുന്നില്ലേ, വല്ലപ്പോഴുമെങ്കിലും? പക്ഷെ, ഒന്നും നടന്നില്ല. അവശേഷിച്ചത് കടുകട്ടിയായ ഒരു മറവി.

എന്നാൽ യോസേഫ് ഒന്നും മറന്നില്ല; അതു സാധിക്കുകയുമില്ലല്ലോ. അല്പമല്ലാത്ത പ്രതീക്ഷ യിലായിരുന്നിരിക്കണം യോസേഫ്. ആ ഓഫീസർക്ക് ഏറെക്കാലം ശുശ്രൂഷ ചെയ്ത ആളാണല്ലോ താൻ (ഉല്പത്തി 40:4). അതിലുപരി അയാളുടെ ഒരു ജീവിത സൗഭാഗ്യവുമായി അഭേദ്യമായി ബന്ധപ്പെട്ട ആളുമാണല്ലൊ. കൊട്ടാരത്തിലെ അതിപ്രധാന സ്ഥാനത്ത് നിലകൊള്ളുന്ന ഈ ഉന്നതനായ 'അഭ്യുദയ കാംക്ഷി'യിലൂടെ തന്റെ മോചനം ഉറപ്പ് എന്ന് യോസേഫ് ചിന്തിച്ചുപോയാൽ അത്ഭുതമില്ല. എന്നാൽ സ്വാതന്ത്ര്യത്തിന്റെ കൈച്ചീട്ടുമായി ആരും വന്നില്ല. വർഷങ്ങൾ രണ്ടു കഴിഞ്ഞു. ദൈവവും മറന്നോ?

ഫറവോന് അത് സ്വപ്നങ്ങളുടെ ഒരു രാത്രിയായിരുന്നു. ഒരു ഉറക്കം; അതിൽ ഒരു സ്വപ്നം. പിന്നെയും ഒരു ഉറക്കം; അപ്പോൾ മറ്റൊരു സ്വപ്നം. പ്രഭാതം വിടർന്നപ്പോൾ ഫറവോന്റെ മുഖം വിഷാദാച്ഛാദിതമായിരുന്നു. താൻ കണ്ട സ്വപ്നത്തിൽ എന്തോ വലിയ അർത്ഥം ഉണ്ടെന്ന് അദ്ദേഹത്തിന് ഒരു ബോധം. സ്വപ്ന വ്യാഖ്യാനത്തിനായി ഈജിപ്റ്റിലെ മന്ത്രവാദികളെയും ജ്ഞാനികളെയുമെല്ലാം രാജാവ് അന്വേഷിച്ചു. രാജകീയ രഥങ്ങൾ നാലുപാടും ഓടി. അവർ വന്നു, അവർ സ്വപ്നം കേട്ടു, എന്നാൽ അർത്ഥം പറഞ്ഞില്ല. കാരണം ആരോടാണവർ സംസാരിക്കുന്നതെന്ന് അവർക്ക് അറിയാമായിരുന്നു. രാജാവിനു വേണ്ടത് സത്യമാണ്, അല്ലാതെ, സാധാരണ അവർ പ്രയോഗിക്കുന്ന, എങ്ങും തൊടാതുള്ള വാചകക്കസർത്തല്ല. കൊട്ടാരത്തിൽ അസ്വസ്ഥത പരന്നു. മഹാരാജാവിന്റെ ഒരു ആവശ്യം സാധിപ്പിക്കാൻ കഴിയാതെ ഉദ്യോഗസ്ഥപ്രമാണികൾ കുഴങ്ങി. കൊട്ടാരത്തിൽ ഇതികർത്തവ്യതാമൂഢതയുടെ ഒരു പിരിമുറുക്കം!

ഇത്രയും വേണ്ടി വന്നു നമ്മുടെ പാനപാത്രവാഹക പ്രമാണിക്ക് 'യോസേഫ്' എന്ന് ഒന്നോർത്തുവരാൻ! അവസാനം അയാൾ എല്ലാം ഓർത്തു. ഫറവോനോട് അയാൾ ഇങ്ങനെ പറഞ്ഞു, *"ഇന്ന് ഞാൻ എന്റെ കുറ്റം ഓർക്കുന്നു. ഫറവോൻ അടിയങ്ങളോട് കോപിച്ചു എന്നെയും അപ്പക്കാരുടെ പ്രമാണിയെയും അകമ്പടി നായകന്റെ വീട്ടിൽ തടവിലാക്കിയിരുന്നുവല്ലൊ. അവിടെ വച്ച് ഞാനും അവനും ഒരു രാത്രിയിൽത്തന്നെ സ്വപ്നം കണ്ടു. വെവ്വേറെ അർത്ഥമുള്ള സ്വപ്നമായിരുന്നു ഓരോരുത്തൻ കണ്ടത്. അവിടെ അകമ്പടി നായകന്റെ ദാസനായ ഒരു എബ്രായ യൗവ്വനക്കാരൻ ഞങ്ങളോടുകൂടെ ഉണ്ടായിരുന്നു. ഞങ്ങൾ അവനോട് അറിയിച്ചാറെ അവൻ സ്വപ്നങ്ങളെ വ്യാഖ്യാനിച്ചു. ഓരോരുത്തന് താന്താന്റെ സ്വപ്നത്തിന്റെ അർത്ഥം പറഞ്ഞു തന്നു. അവൻ അർത്ഥം പറഞ്ഞതുപോലെ തന്നെ സംഭവിച്ചു. എന്നെ വീണ്ടും സ്ഥാനത്താക്കുകയും മറ്റവനെ തൂക്കിക്കളയുകയും ചെയ്തുവല്ലൊ"* (ഉല്പത്തി 41:9).

പിന്നെ നടന്നതെല്ലാം ശരവേഗത്തിൽ. ഫറവോൻ ആളയച്ച് യോസേഫിനെ വരുത്തി. ക്ഷൗരം ചെയ്ത്, കുളിച്ച് ഫറവോൻ കൊടുത്തയച്ച വസ്ത്രം ധരിച്ച് രാജസന്നിധിയിൽ നിൽക്കുമ്പോൾ യോസേഫിന് മുപ്പതു വയസ്സ്. സ്വപ്നം കേട്ട യോസേഫ് അതിന്റെ അർത്ഥം വ്യക്തമായി പറഞ്ഞു. ആദ്യ ഏഴു വർഷക്കാലം സുഭിക്ഷവും അടുത്ത ഏഴു വർഷക്കാലം വലിയ ക്ഷാമവും ഈജിപ്റ്റിൽ ഉണ്ടാകുവാൻ പോകുന്നു എന്ന് ദൈവം ഫറവോനെ ഈ രണ്ടു സ്വപ്നങ്ങളിൽക്കൂടി കാണിച്ചിരിക്കുകയാണ് എന്ന് യോസേഫ് പറഞ്ഞു. കണ്ട സ്വപ്നത്തിന്റെ കൃത്യമായ വ്യാഖ്യാനമാണ് താൻ കേൾക്കുന്നതെന്ന് ഫറവോന് ബോധ്യമായി. വ്യാഖ്യാനത്തോടൊപ്പം സുചിന്തിതമായ ഒരു ഉപദേശം കൂടി യോസേഫിൽ നിന്നുണ്ടായി. സുഭിക്ഷ കാലത്തെ വിളവിൽ അഞ്ചിലൊന്ന് വാങ്ങി പട്ടണങ്ങളിൽ ശേഖരിച്ചു വയ്ക്കണം. ഇതിന്റെ മേൽനോട്ടത്തിന് വിവേകവും ജ്ഞാനവുമുള്ള ഒരു


www.bahrainbrethren.com

അധികാരിയെ ആക്കി വയ്ക്കണം. കൂടാതെ, സഹായത്തിന് വിചാരകന്മാരെയും നിയമിക്കണം. ഇങ്ങനെ സംഭരിക്കുന്ന ധാന്യം അടുത്ത സപ്തവത്സര ക്ഷാമകാലത്തേയ്ക്ക് കരുതൽ ശേഖരമായിരിക്കും. ഫറവോനും തന്റെ സകല ഭൃത്യന്മാരും ഈ വാക്കുകൾ കേട്ട് കോരിത്തരിച്ചു. സ്വപ്നത്തിന് ചേരുന്ന അർത്ഥവും, അർത്ഥത്തിനു ചേരുന്ന ഒരു ദേശീയ കർമ്മ പദ്ധതിയും രാജാവിനു സമർപ്പിക്കാൻ കഴിഞ്ഞ ഈ യുവാവ് ദൈവാത്മാവുള്ള ഒരു അതുല്യമനുഷ്യനാണ് എന്ന് അവർക്ക് എല്ലാവർക്കും ബോധ്യമായി. ഉടൻതന്നെ ഉണ്ടായി രാജാവിന്റെ പ്രഖ്യാപനം: ***"നീ എന്റെ ഗൃഹത്തിന് മേലധികാരിയാകും. നിന്റെ വാക്ക് എന്റെ ജനമെല്ലാം അനുസരിച്ച് നടക്കും. സിംഹാസനം കൊണ്ടു മാത്രം ഞാൻ നിന്നെക്കാൾ വലിയവനായിരിക്കും. ഇതാ, മിസ്രയീം ദേശത്തിനൊക്കെയും ഞാൻ നിന്നെ മേലധികാരി ആക്കിയിരിക്കുന്നു"*** (ഉല്പത്തി 41:40,41). നിയമന ഉത്തരവ് നൽകിയ ഉടൻതന്നെ സ്ഥാനാരോഹണവും നടന്നു. ഫറവോൻ തന്റെ കൈയ്യിൽനിന്ന് മുദ്രമോതിരം ഊരി യോസേഫിന്റെ കൈയ്ക്ക് ഇട്ടു. വിലപ്പെട്ട നേർമ്മയുള്ള വസ്ത്രം ധരിപ്പിച്ചു. കട്ടിയുള്ള ഒരു സ്വർണ്ണമാല കഴുത്തിൽ ഇട്ടു. ഫറവോന്റെ രണ്ടാം രഥത്തിൽ യോസേഫിനെ കയറ്റി. 'മുട്ടുകുത്തുവിൻ,' എന്ന് ആ മഹാത്മാവിന്റെ മുമ്പിൽ വിളിച്ചു പറയിച്ചു. സ്ഥാനാരോഹണം കഴിഞ്ഞ് യോസേഫിന്റെ ഭരണാധികാരത്തെ ഫറവോൻ ഒറ്റ വാചകത്തിൽ നിർവചിക്കുകയുണ്ടായി. *"ഫറവോൻ എന്ന ഞാൻ പറയുന്നു, നിന്റെ കല്പന കൂടാതെ മിസ്രയീം ദേശത്തെങ്ങും യാതൊരുത്തനും കയ്യോ കാലോ അനക്കുകയില്ല."* ഈജിപ്റ്റിന്റെ സർവ്വാധികാരി എന്നർത്ഥം. സ്ഥാനത്തിന് ചേർന്ന ഒരു പേരുകൂടി നൽകി. "സാപ്നത് പനേഹ്." താമസിയാതെ ഫറവോൻ യോസേഫിന് ഒരു ജീവിത പങ്കാളിയേക്കൂടി നൽകി. വധു സൂര്യനഗരത്തിലെ (ഓൻ) പുരോഹിതനായ പൊത്തിഫേറയുടെ മകൾ ആസ്നത്ത്. കഴിഞ്ഞുപോയ 13 വർഷക്കാലത്തെ ദുർദ്ദിനങ്ങൾ ഒരു സ്വപ്നം പോലെ യോസേഫിന്റെ മനസ്സിലൂടെ കടന്നുപോയി. അപ്പോഴെല്ലാം തന്നെ ചൂഴ്ന്നു നിന്ന തിളക്കമാർന്ന ദൈവപ്രഭാവം മായാതെ നിന്നു.

യോസേഫ് തന്റെ രാജ്യസേവനം വിശ്വസ്തതയോടും കാര്യക്ഷമതയോടും കൂടെ നിർവ്വഹിച്ചു. സമൃദ്ധിയുടെ കാലത്തെ അധിക ധാന്യം പരിപാടി അനുസരിച്ചു തന്നെ ശേഖരിച്ചു വച്ചു. ഈ കാലത്ത് ആസ്നത്ത് ഒരു മകനെ പ്രസവിച്ചു. ഒരു യുവാവിന്റെ ജീവിതത്തിലെ അവിസ്മരണീയ നിമിഷങ്ങളാണ് പിതൃസ്ഥാനത്തേക്കുള്ള അവന്റെ പ്രവേശം. ആ കുഞ്ഞുമുഖം കണ്ട യോസേഫിന് ഉണ്ടായ സന്തോഷസാഗരത്തിൽ തന്റെ പൂർവ്വകാല ദുഃഖങ്ങൾ മുങ്ങിപ്പോയി. അതുകൊണ്ട് കുഞ്ഞിന് ***"മറക്കുമാറാക്കി"*** എന്നർത്ഥമുള്ള മനശ്ശ എന്ന പേര് യോസേഫ് നൽകി. ഈ മറവിയും നമ്മുടെ സവിശേഷ ശ്രദ്ധയെ ആകർഷിക്കേണ്ടതാണ്.

യോസേഫ് മറന്നു. എന്തു മറന്നു? *"എന്റെ സകല കഷ്ടതയും എന്റെ പിതൃഭവനം ഒക്കെയും"* (ഉല്പത്തി 41:51). സഹോദരന്മാരുടെ നിർദ്ദയ പെരുമാറ്റങ്ങൾ, അടിമത്തം, സ്വഭാവഹത്യ, നിന്ദ, പരിഹാസം, ജയിൽ വാസം, ഗൃഹാതുരത എന്നിങ്ങനെ ദുഃഖകാരണങ്ങളെ ചുരുക്കിപ്പറയാം. മറന്നത് പ്രധാനമന്ത്രിയായ യോസേഫാണ്. അധികാരം കിട്ടിയാൽ ഉപദ്രവിച്ചവരെ പീഡിപ്പിച്ച് നശിപ്പിക്കുക എന്നുള്ളതാണ് എക്കാലത്തെയും ലോകനീതി. തന്നോടു ചെയ്തതിന് എണ്ണി എണ്ണി പലിശ കൂട്ടി പകരം ചെയ്യാൻ മറക്കാത്തവരുടേതാണ് ലോകം. എന്നാൽ യോസേഫ് മറന്നു. ആ മറവിക്ക് രണ്ടു വശങ്ങൾ ഉണ്ട്. ഒന്ന്, തന്നോടു തന്നെ സമാധാനമായിരിക്കുന്ന മാനസികാവസ്ഥ. രണ്ട്, മറ്റുള്ളവരോട്, വിശേഷിച്ച് ഭൂതകാല 'ശത്രു'ക്കളോട് സമാധാനമായി കഴിയുന്ന സ്ഥിതി. ഈ വിസ്മൃതി പാനപാത്രവാഹകന്റേതുപോലെ ഒരു പ്രത്യേകകാര്യത്തിലുണ്ടായ മാനസിക മാന്ദ്യമോ നിഷ്ക്രിയത്വമോ അല്ല, പ്രത്യുത ക്രിയാത്മകവും ചലനാത്മകവുമായ ഒരു മാനസികവ്യാപാരമാണ്. സർവ്വധാർമ്മിക ശക്തിയും ഉപയോഗിച്ച് ശ്രേഷ്ഠമായ ലക്ഷ്യത്തോടുകൂടെ ചില കാര്യങ്ങളെ മനസിന്റെ വൈകാരിക മേഖലയിൽനിന്ന് അകറ്റി ബുദ്ധിയുടെ ഒരു കോണിലേയ്ക്ക് മാറ്റി വയ്ക്കുക എന്നാണർത്ഥം. ഒരു മഹത്തായ പോസിറ്റീവ് തിങ്കിംഗിന്റെ ദിവ്യഫലം.

മറ്റൊരു മഹത്തായ മറവിയുടെ പാഠം അപ്പൊസ്തലനായ പൗലൊസ് നമുക്കു തരുന്നുണ്ട്. ബുദ്ധിമാനായ ഒരു വിദ്യാർത്ഥിയും പണ്ഡിതനായ വേദശാസ്ത്രിയും ന്യായപ്രമാണത്തിന്റെ ഒരു വിജ്ഞാനകോശവുമായിരുന്നു പൗലൊസ്. ക്രിസ്തുവിശ്വാസിയായിക്കഴിഞ്ഞപ്പോൾ എത്രയെത്ര വ്യക്തികളുമായി അദ്ദേഹം സ്നേഹബന്ധം സ്ഥാപിച്ചു! അവരിൽ മിക്കവരുടെയും പേരുകൾ അദ്ദേഹം മനസ്സിൽ കൊണ്ടുനടന്നിരുന്നു (റോമർ 16). ഫിലിപ്പ്യരോട് പൗലൊസ് പറഞ്ഞു, "ഞാൻ നിങ്ങളെ *ഓർക്കുമ്പോൾ* ഒക്കെയും എന്റെ ദൈവത്തിനു സ്തോത്രം ചെയ്യുന്നു" (ഫിലി. 1:6). അതുമാത്രമല്ല, സംഭവങ്ങളും അനുഭവങ്ങളും മറന്നുകളയുന്ന ആളല്ല പൗലൊസ്. സഹോദരീസഹോദരന്മാർ ചെയ്ത സേവനങ്ങളും ഉപകാരങ്ങളും എപ്പോഴും ഓർക്കുന്ന ആളാണ് (ഫിലി. 4:2,3,14,15-19). ആവശ്യമെങ്കിൽ സ്വന്തം അനുഭവങ്ങൾ എണ്ണി എണ്ണി പറയുവാനുമറിയാം (2 കൊരി. 11:23-33). എന്നാൽ കഴിഞ്ഞതിനെയെല്ലാം ഉദാത്തമായ ഒരു ലക്ഷ്യാധിഷ്ഠിത വിസ്മൃതിയിൽ മറയ്ക്കാൻ പൗലൊസിന് അതിലേറെ വശമായിരുന്നു. അദ്ധ്വാനിച്ചു സാധിക്കുന്ന ഈ സിദ്ധിയെ അപ്പൊസ്തലൻ ഇങ്ങനെ വിവരിക്കുന്നു:


www.bahrainbrethren.com

# ആരാധനാ ചിന്തകൾ – 3

റ്റി.ജെ. തോമസ്, കുളനട

ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിന്റെ പ്രാധാന്യം നാം കഴിഞ്ഞ ലക്കത്തിൽ കാണുകയുണ്ടായി. തുടർന്ന് അപ്പംനുറുക്ക് കൂടിവരവിനെപ്പറ്റി നോക്കാം. പൗലൊസും കൂടെയുള്ളവരും ത്രോവാസിലുള്ള സഹോദരങ്ങളുമൊത്ത് അപ്പം നുറുക്കുവാൻ മാളികയുടെ മൂന്നാം നിലയിലാണ് കൂടിയതെന്ന് മനസ്സിലാക്കാം. വചനശുശ്രൂഷ തുടങ്ങിയ പല ശുശ്രൂഷകളും അവിടെ നടന്നിരുന്നു. എങ്കിലും അപ്പം നുറുക്കു യോഗവും ആരാധനയും മുഖ്യമായിരുന്നു എന്നു മനസ്സിലാക്കാം. പുലരുംവരെ സംസാരിച്ചു എന്നും വായിക്കുന്നു.

സഭയ്ക്ക് 2 അനുഷ്ഠാനങ്ങളാണ് ഉള്ളത്. ഒന്ന് സ്നാനവും; മറ്റേത് കർത്തൃമേശയുമാണ്. കർത്താവിനെ കാണിച്ചുകൊടുക്കുന്ന രാത്രിയിൽ വിരിച്ചൊരുക്കിയ ഒരു മാളികമുറിയിൽ വെച്ചാണ് ആദ്യമായി കർത്താവു തന്റെ ശിഷ്യന്മാരുമായി ആരംഭം കുറിച്ചത്. അത് ഒരു മാതൃകയായാണ് ചെയ്തത്. അന്നു മുതൽ ഇന്നേവരെ ദൈവജനം നിർവിഘ്നം തുടരുന്നു. ഇതിന്റെ ഉപദേശ രൂപം പൗലൊസ് 1 കൊരി. 11:23 മുതലുള്ള ഭാഗത്തു നൽകുന്നുണ്ട്. വചനത്തിൽ കർത്താവിന്റെ മേശ കർത്താവിന്റെ അത്താഴം എന്നൊക്കെ പറയുന്നു. സമുദായസ്തർ ഇതിന് കുർബ്ബാന എന്നും പറയുന്നു. കുർബ്ബാന എന്നാൽ ബലിവഴിപാട് എന്നൊക്കെ അർത്ഥമാണ്. ആ നാമകരണം വചനാനുസരണമല്ല. സമുദായക്കാർ മൂന്നിന്മേൽ കുർബ്ബാന അഞ്ചിന്മേൽ കുർബ്ബാന എന്നൊക്കെ പറഞ്ഞ് പല കാര്യങ്ങൾക്കായി ചെയ്തു വരുന്നു. അതിന് വേദാധാരമില്ല. കത്തോലിക്കർ പുരോഹിതന്റെ പ്രാർത്ഥനയ്ക്ക് ശേഷം അപ്പവും വീഞ്ഞും കർത്താവിന്റെ ശരീരമായും രക്തമായും മാറ്റപ്പെടുന്നു എന്നു വിശ്വസിക്കുന്നു. നാം അങ്ങനെ വിശ്വസിക്കുന്നില്ല. മാത്രമല്ല അപ്പവും വീഞ്ഞും വസ്തു മാറ്റം സംഭവിക്കാതെ കേവലം കർത്താവിന്റെ ഓർമ്മയ്ക്കായി വയ്ക്കപ്പെട്ട വസ്തുക്കൾ മാത്രമായി കരുതുന്നു. എന്റെ ഓർമ്മയ്ക്കായി ചെയ്‌വിൻ എന്ന കർത്താവിന്റെ കല്പന ലൂക്കൊസ് 22:19 ൽ ഉണ്ടല്ലോ. ഇത് പാപങ്ങളുടെ പരിഹാരത്തിനും കടങ്ങളുടെ പൊറുതിക്കായും നൽകപ്പെടുന്നു എന്നും അവർ പറയുന്നു. എന്നാൽ നമ്മൾ പാപപരിഹാരം ലഭിച്ചവർ മാത്രം ഇതിൽ സംബന്ധിക്കുന്നു. അത് വചനാനുസരണവുമാണ്.

നാം അപ്പം നുറുക്കു ശുശ്രൂഷക്കായി ഓരോ ആഴ്ചവട്ടത്തിന്റെയും ഒന്നാം ദിവസം കൂടി വരികയും ഒരു സഹോദരൻ അപ്പത്തിനായി സ്തോത്രം ചെയ്യുകയും എല്ലാവരും അതിൽ പങ്കുകൊണ്ട ശേഷം മറ്റൊരു സഹോദരൻ പാനപാത്രത്തിനായി സ്തോത്രം ചെയ്യുകയും ചെയ്തശേഷം എല്ലാവരും അതിൽ പങ്കുചേരുന്നു. ഇവിടെ സ്തോത്രം ചെയ്യുക എന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ നമുക്കുവേണ്ടി ചെയ്ത രക്ഷാപ്രവർത്തനത്തിന് നന്ദി പറയുക എന്നാണ് അതിന്റെ ലളിതമായ അർത്ഥം. അതാണ് ഇത് ചെയ്യുമ്പോഴൊക്കെയും "അവന്റെ മരണത്തെ പ്രസ്താവിക്കുന്നു" എന്ന് 1 കൊരി. 11: 26 ൽ പറയുന്നത്. സ്തോത്രം ചെയ്യുന്നത് ഒരു സഹോദരനാണെങ്കിലും എല്ലാവരും ചേർന്നാണ് ചെയ്യുന്നത്. 1 കൊരി. 10: 16 ൽ നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം എന്നും നാം നുറുക്കുന്ന അപ്പം എന്നുമുള്ള പ്രയോഗം ഈ ബന്ധത്തിൽ പ്രാധാന്യമുള്ളതാണ്. സഭയായി എല്ലാവരും ചേർന്ന് സ്തോത്രം ചെയ്യുകയാണല്ലോ നന്ദി പറയലിൽ അതാണല്ലോ ആരാധന. അങ്ങനെ സഭയായി ആത്മാവിലും സത്യത്തിലും അവനെ ആരാധിക്കാം. സത്യനമസ്കാരികളായി. ●

---

***"ഒന്നു ഞാൻ ചെയ്യുന്നു; പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിനു ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു"*** (ഫിലി. 3:14). വിജയകരമായ ക്രിസ്തീയ ഓട്ടത്തിന് പിമ്പിലുള്ളത് മറക്കേണ്ടതുണ്ട്. ഓടിക്കഴിഞ്ഞതല്ല, ഓടിത്തീർക്കാനുള്ളതാണ് പ്രധാനം. കഴിഞ്ഞകാല വിജയവും പരാജയവും എല്ലാം തന്നെ മറന്നുകൊണ്ട് ലക്ഷ്യത്തിലേക്കുള്ള ഓട്ടമാണ് ക്രിസ്തീയ ജീവിതം. പരാജയങ്ങളിൽ ദുഃഖിച്ചു തളർന്നുനിൽക്കാനോ നേട്ടങ്ങളിൽ മതിമയങ്ങി മന്ദഗമനം നടത്താനോ പാടില്ല. അതെല്ലാം മറന്ന് ആ പരമ വിളിയുടെ ലാക്കിലേക്ക് ഏകാഗ്രതയോടെ ഓടുകയാണു വേണ്ടത്. ഓട്ടത്തിൽ പിന്നിലുള്ളതിനെ ഓർക്കുകയും തിരിഞ്ഞു നോക്കുകയും ചെയ്ത ഒരു സ്ത്രീയുടെ നിശ്ചലദൃശ്യം നമ്മുടെ സ്മൃതിയിൽ വിരിയട്ടെ. ഒപ്പം നമ്മുടെ കർത്താവിന്റെ മുന്നറിയിപ്പും: ***"ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവിൻ"*** (ലൂക്കൊസ് 17:32).

യോസേഫിനെ മറന്നതും, യോസേഫ് മറന്നതും നമ്മുടെ ഓർമ്മയിൽ നിൽക്കട്ടെ. പാനപാത്രവാഹകൻ യോസേഫിനെ മറന്നത് ഒരു പ്രധാനമന്ത്രിയുടെ നിയമനത്തിനുള്ള ദൈവികസമയ നിർണ്ണയത്തിന്റെ ഭാഗം മാത്രമായിരുന്നു. യോസേഫിന്റെ മറവിയാകട്ടെ പക്വമായ ഒരു ധന്യ ജീവിതത്തിന്റെ മഹത്തായ ഗുണലക്ഷണവും. പൗലൊസിന്റേത് ഒരു സ്പോർട്സ്മാന്റെ വിജയവിസ്മൃതിയാണ്. നാം ചിന്തിച്ച ഈ വിസ്മൃതിവിസ്മയങ്ങൾ നമ്മുടെ പാപങ്ങളും അകൃത്യങ്ങളും ക്ഷമിക്കുകയും മറക്കുകയും ചെയ്ത ദൈവത്തിന്റെ മാറ്റമില്ലാത്ത ഒരു വാഗ്ദാനത്തിലേയ്ക്ക് നമ്മുടെ ശ്രദ്ധയെ കൊണ്ടുവരുന്നു. ***"ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസവിച്ച മകനോട് കരുണ തോന്നാതിരിക്കുമോ? അവർ മറന്നു കളഞ്ഞാലും ഞാൻ നിന്നെ മറക്കയില്ല"*** (യെശ. 49:15). ●



www.bahrainbrethren.com

# പരിണാമ സൃഷ്ടി വിവാദം : ഒരു പുനഃപരിശോധന – 27

DR. JOHNSON GEORGE, TORONTO, CANADA

**അദ്ധ്യായം 20. ജലപ്രളയത്തിനെതിരെയുള്ള ആക്ഷേപങ്ങൾക്ക് മറുപടി. Part II**

**ആക്ഷേപം 2** : ഇന്നു കാണുന്ന ഊറൽപാറ അടുക്കുകൾ (Sedimentary rock layers) നോഹയുടെ കാലത്തെ ജലപ്രളയ സമയത്ത് ഉണ്ടായതാണെങ്കിൽ, മനുഷ്യർ ഉൾപ്പെടെ അന്നു ചത്ത എല്ലാ ജീവികളുടെയും ജീവാശ്മങ്ങൾ (fossils) എല്ലാ അടുക്കുകളിലും കാണപ്പെടേണ്ടതാണ്. പിന്നെ എന്തുകൊണ്ട് ഉയർന്ന ജീവികളുടെയും മനുഷ്യരുടെയും ജീവാശ്മങ്ങൾ അടിയിലുള്ള പാറ അടുക്കുകളിൽ കാണപ്പെടുന്നില്ല? പ്രളയസമയത്ത് അടിഞ്ഞവ എന്ന് വിശ്വസിക്കപ്പെടുന്ന പാറ അടുക്കുകളിൽ എന്തുകൊണ്ട് ഒരു മനുഷ്യജീവാശ്മവും ഇതുവരെയും കണ്ടുകിട്ടിയിട്ടില്ല? പാറ അടുക്കുകളിൽ താഴെനിന്ന് മുകളിലേയ്ക്ക് കൂടുന്ന സങ്കീർണ്ണതയിൽ (in increasing complexity) ജീവാശ്മങ്ങൽ കാണപ്പെടുന്നത് പരിണാമം നടന്നിട്ടുള്ളതിനെയല്ലേ കാണിക്കുന്നത്? അതുകൊണ്ട് ഊറൽ പാറ അടുക്കുകളും ജീവാശ്മങ്ങളും നോഹയുടെ കാലത്തെ ജലപ്രളയ സമയത്ത് ഉണ്ടായവയല്ല.

**മറുപടി** : ഇന്ന് ഭൂമിക്ക് ചുറ്റും മണ്ണിനടിയിൽ ഉള്ളിയുടെ തൊലിപോലെ പല അടുക്കുകളായി കാണപ്പെടുന്ന ഊറൽപാറകളുടെ ഭൂരിഭാഗവും (താഴോട്ടുള്ളവ) നോഹയുടെ കാലത്തെ ജലപ്രളയ സമയത്ത് ഏകദേശം ഒരു വർഷത്തിനുള്ളിൽ പല പ്രാവശ്യമായി ഊറൽ (മണ്ണ്) അടിഞ്ഞതുകൊണ്ട് ഉണ്ടായി വന്നതാണ് എന്ന് സൃഷ്ടിവാദികൾ വിശ്വസിക്കുന്നു. നേരെ മറിച്ച്, ഇവ കോടിക്കണക്കിന് വർഷങ്ങളിലൂടെ ഊറൽ സാവധാനമായി അടിഞ്ഞതുകൊണ്ട് ഉണ്ടായിവന്നതാണെന്ന് പരിണാമവാദികൾ വിശ്വസിക്കുന്നു.

ഊറൽപാറ അടുക്കുകളിൽ കാണുന്ന ജീവാശ്മങ്ങൾ നോഹയുടെ കാലത്ത് പ്രളയത്തിൽ ചത്ത ജന്തുക്കളുടെ അവശിഷ്ടങ്ങളാണെന്ന് സൃഷ്ടിവാദികൾ വിശ്വസിക്കുന്നു. അങ്ങനെയെങ്കിൽ പിന്നെ എല്ലാ പാറ അടുക്കുകളിലും എല്ലാ വിധ ജന്തുക്കളുടെയും അവശിഷ്ടങ്ങൾ എന്തുകൊണ്ടുകാണുന്നില്ലെന്ന് പരിണാമവാദികൾ ചോദിക്കുന്നു. ഊറൽപാറകളിൽ സാധാരണ താഴെയുള്ള അടുക്കുകളിൽ സമുദ്രത്തിലെ ലളിത (simple) ജീവികളുടെ ജീവാശ്മങ്ങളും മുകളിലേക്ക് സങ്കീർണ്ണ (complex) ജീവികളുടെ ജീവാശ്മങ്ങളും ആണ് കാണപ്പെടുന്നത്. ജലപ്രളയ സമയത്ത് ഉണ്ടായവ എന്ന് കരുതപ്പെടുന്ന താഴോട്ടുള്ള പാറ അടുക്കുകളിൽ എങ്ങും മനുഷ്യരുടെ ജീവാശ്മങ്ങൾ കാണപ്പെടുന്നുമില്ല. ജലപ്രളയത്തിൽ എല്ലാ ജന്തുക്കളും മനുഷ്യരും ഒരുമിച്ച് ചത്തു എങ്കിൽ അവ അടിയിലുള്ള പാറകളിലും അടിയേണ്ടതല്ലേ? പക്ഷേ അടിയിലുള്ള പാറ അടുക്കുകളിൽ എപ്പോഴും ലളിതമായ കടൽജീവികളുടെ ജീവാശ്മങ്ങൾ മാത്രമാണ് കണ്ടുവരുന്നത്. മുകളിലേക്ക് സങ്കീർണ്ണമായ ജീവികളുടെ ജീവാശ്മങ്ങളും. ഇക്കാരണത്താൽ ജീവാശ്മരേഖ (fossile record) പരിണാമം നടന്നിട്ടുള്ളതിന്റെ തെളിവാണെന്ന് ഭൂരിപക്ഷം ആളുകളും വിശ്വസിച്ചിരിക്കുന്നു. പരിണാമവാദത്തിലുള്ള വിശ്വാസം ആരംഭിക്കുവാനും ഇന്നും നിലനിൽക്കുവാനും ഉള്ള ഏക കാരണം ജീവാശ്മങ്ങളുടെ ഈ വിധത്തിലുള്ള കിടപ്പ് മാത്രമാണ്. (പക്ഷേ ജീവാശ്മരേഖയിൽ മദ്ധ്യവർത്തി ജീവാശ്മങ്ങളുടെ (intermediate fossils) അഭാവം പരിണാമം നടന്നിട്ടില്ല എന്ന് തെളിയിക്കുന്നു എന്ന് പലരും മറന്നു കളയുന്നു.)

Neanderthal man, Cro-Magnon Man, Java man എന്ന പേരുകളിൽ ഒക്കെ അറിയപ്പെടുന്ന ചില മനുഷ്യ ജീവാശ്മങ്ങൾ ഏറ്റവും മുകളിലുള്ള പാറ -അടുക്കുകളിൽ (Tertiary layers-ൽ) നിന്നും ലഭിച്ചിട്ടുണ്ട്. ഇവ ഏറ്റവും മുകളിൽ ഉള്ള അടുക്കുകളിൽ ആയതുകൊണ്ട് പരിണാമത്തിന്റെ ഏറ്റവും ഒടുവിലത്തെ അവസ്ഥയെ കാണിക്കുന്നു എന്ന് പരിണാമവാദികൾ പറയുന്നു. ഈ ജീവാശ്മങ്ങളൊക്കെ വാലില്ലാക്കുരങ്ങിൽ (ape) നിന്നും മനുഷ്യൻ പരിണമിച്ചുകൊണ്ടിരുന്ന അവസ്ഥയെ കാണിക്കുന്നു എന്നും അതുകൊണ്ട് ഈ ജീവാശ്മങ്ങൾ വാലില്ലാക്കുരങ്ങിന്റെയും ആധുനിക മനുഷ്യന്റെയും ഇടയിലുള്ള യോജിപ്പിക്കുന്ന കണ്ണികളാണ് (connecting links) എന്നും പരിണാമവാദികൾ വിശ്വസിക്കുന്നു.

സൃഷ്ടിവാദികൾ ഈ അഭിപ്രായത്തോട് വിയോജിക്കുന്നു. മനുഷ്യജീവാശ്മങ്ങൾ എന്ന പേരിൽ മിക്കവാറും ലഭിക്കുന്നത് ഒരു എല്ല്, പല്ല്, തലയോട്ടി എന്നിവയൊക്കെ മാത്രമാണ്. ഇവയുടെ അടിസ്ഥാനത്തിൽ ആരംഭകാലത്തെ മനുഷ്യർ കുരങ്ങിനെപ്പോലെ ആയിരുന്നു എന്ന പരിണാമവാദികളുടെ ചിത്രീകരണം വെറും സങ്കല്പം മാത്രമാണ്. ഈ ജീവാശ്മങ്ങൾ യഥാർത്ഥ മനുഷ്യരുടെ ജീവാശ്മങ്ങൾ തന്നെ ആണെന്നും പക്ഷേ ഇവ കണ്ടുകിട്ടിയിരിക്കുന്ന Tertiary അടുക്കുകൾ നോഹയുടെ കാലത്തെ ജലപ്രളയത്തിനുശേഷം ഉണ്ടായ പ്രാദേശിക പ്രളയങ്ങളിൽ അടിഞ്ഞവയാണെന്ന് സൃഷ്ടിവാദികൾ വിശ്വസിക്കുന്നു. ഇന്ന് ലഭിച്ചിരിക്കുന്ന മനുഷ്യജീവാശ്മങ്ങൾ പ്രധാനമായും ജലപ്രളയത്തിന് ശേഷമുണ്ടായ ഹിമയുഗത്തിൽ (Ice age) അടിഞ്ഞവയാണെന്ന് സൃഷ്ടിവാദികൾ വിശ്വസിക്കുന്നു. ചുരുക്കത്തിൽ നോഹ



www.bahrainbrethren.com

യുടെ കാലത്തെ ജലപ്രളയസമയത്ത് അടിഞ്ഞവയാണെന്ന് സംശയരഹിതമായി തെളിയിക്കാവുന്ന മനുഷ്യജീവാശ്മങ്ങൾ ഒന്നും ഇതുവരെയും ലഭിച്ചിട്ടില്ല. അന്ന് ചത്ത മനുഷ്യരുടെ ശരീരങ്ങൾക്ക് എന്തുസംഭവിച്ചു?

ജീവാശ്മങ്ങളെ മൊത്തത്തിൽ നോക്കുമ്പോൾ ഈ പ്രശ്നത്തിന് മറുപടി ലഭിക്കുന്നു. ഇന്ന് ലഭിച്ചിരിക്കുന്ന ജീവാശ്മങ്ങളിൽ 95 ശതമാനവും കടൽ ജീവികളുടേതാണ് (marine animals) എന്നതുകൊണ്ട് പ്രളയത്തിൽ ഊറലിൽ കുടുങ്ങിപ്പോയത് പ്രധാനമായും കടൽ ജീവികളായിരുന്നു എന്നു മനസ്സിലാകുന്നു. അങ്ങനെ ഈ ജലപ്രളയം പ്രധാനമായും കടലിലെ ഒരു ദുരന്തം (marine catastrophe) ആയിരുന്നു. പ്രളയത്തിന്റെ ആരംഭം സമുദ്രത്തിൽ നിന്നായിരുന്നു എന്ന് ബൈബിളും പറയുന്നു. 'അന്നുതന്നെ ആഴിയുടെ ഉറവുകൾ ഒക്കെയും പിളർന്നു" (ഉല്പത്തി 7:11). ഇങ്ങനെ സമുദ്രത്തിൽ ഇളകിമറിഞ്ഞ മണ്ണിന്റെ അടുക്കുകളിൽ സമുദ്രത്തിന്റെ അടിത്തട്ടിൽ ഉള്ള ചലനശേഷി കുറഞ്ഞ ജീവികൾ ആദ്യവും മുകളിലേക്കുള്ള ജീവികൾ പിന്നാലെയും കുഴിച്ചിടപ്പെട്ടു. ഇക്കാരണത്താലാണ് ഇന്ന് കണ്ടുകിട്ടിയിരിക്കുന്ന ഊറൽപാറകളുടെ ഏറ്റവും അടിയിലുള്ള അടുക്കുകളിൽ എപ്പോഴും ലളിതമായ സമുദ്രജീവികളുടെ ജീവാശ്മങ്ങൾ കാണപ്പെടുന്നത്.

കരയിലേക്ക് ഇരച്ചുകയറിയ സമുദ്രജലത്തിലും ഊറലിലും ചില കരജന്തുക്കൾ കുടുങ്ങിയെങ്കിലും ഭൂരിഭാഗം കരജന്തുക്കളും ഉയരമുള്ള സ്ഥലങ്ങളിലേക്ക് നീങ്ങി കുറച്ചുനാൾ പ്രളയത്തെ അതിജീവിച്ചു കാണും. പിന്നെ അവ മുങ്ങിച്ചത്തപ്പോൾ ഊറലിൽ കുടുങ്ങാതെ അവയുടെ മൃതശരീരങ്ങൾ വെള്ളത്തിൽ ഒഴുകിനടന്ന് ചീഞ്ഞളിഞ്ഞ് പോയിക്കാണും. ചീഞ്ഞളിയുന്ന മൃതശരീരം ജീവാശ്മമായി മാറുകയില്ല. ഇക്കാരണത്താലായിരിക്കാം പ്രളയ അടുക്കുകളിൽ കരജന്തുക്കളുടെ ജീവാശ്മങ്ങൾ താരതമ്യേന കുറഞ്ഞിരിക്കുന്നത്. (വെറും 0.25% മാത്രം).

ഇങ്ങനെ ചിന്തിക്കുമ്പോൾ മനുഷ്യരുടെ ജീവാശ്മങ്ങൾ പ്രളയ അടുക്കുകളിൽ അടിഞ്ഞിട്ടുണ്ടായിരിക്കാം. പക്ഷേ അവ എത്ര ചുരുക്കമായിരിക്കും എന്ന് തെളിയുന്നു. ഭൂമിയിലുള്ള എല്ലാ പാറ അടുക്കുകളെയും ജീവാശ്മങ്ങൾക്കായി പരിശോധിക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ട് അടിയിലേക്കുള്ള പാറ അടുക്കുകളിൽ മനുഷ്യരുടെ ജീവാശ്മങ്ങൾ ഉണ്ടെങ്കിൽതന്നെയും അവ എന്നെങ്കിലും കണ്ടെടുക്കപ്പെടുമെന്ന് നമുക്ക് പ്രവചിക്കുവാൻ സാധിക്കുകയില്ല. ഇതുവരെയും ഉള്ള പരിശോധനയിൽ പ്രളയ അടുക്കുകൾ എന്ന് വിശ്വസിക്കപ്പെടുന്ന അടിയിലുള്ള ഊറൽപാറ അടുക്കുകളിൽ മനുഷ്യരുടെ ജീവാശ്മങ്ങൾ കണ്ടുകിട്ടിയിട്ടില്ല.

മനുഷ്യരുടെ ജീവാശ്മങ്ങൾ ലഭിക്കാത്തതിനെക്കുറിച്ച് ചിലവിശദീകരണങ്ങൾ കൊടുക്കാവുന്നതാണ്. 1) മനുഷ്യർ കൂടുതൽ ബുദ്ധിയും ചലനശക്തിയും ഉള്ള ജീവികളായതുകൊണ്ട് പ്രളയജലം ഉയർന്നതനുസരിച്ച് ഉയരമുള്ള സ്ഥലങ്ങളിലേക്ക് ആദ്യം രക്ഷപെട്ടുകാണും. അങ്ങനെ അവർ ഊറലിൽ കുടുങ്ങാതെ ഒടുവിൽ വെള്ളത്തിൽ മുങ്ങി ചാകുകയായിരുന്നിരിക്കണം. ഊറലിൽ കുഴിച്ചിടപ്പെടാത്തിടത്തോളം കാലം മൃതശരീരങ്ങൾ ജീവാശ്മങ്ങളായി മാറുകയില്ല. അവ ചീഞ്ഞളിഞ്ഞ് പോവുകയേ ഉള്ളൂ. 2) നോഹയുടെ കാലത്ത് മനുഷ്യർ ഭൂമിയിൽ എല്ലായിടത്തും ചിതറിപ്പാർത്തിരിക്കുവാൻ സാദ്ധ്യതയും കുറവാണ്. ഇക്കാരണത്താൽ മറ്റ് ജന്തുക്കളുടെ ജീവാശ്മങ്ങൾ എല്ലായിടത്തും ലഭിക്കുന്നതുപോലെ മനുഷ്യരുടെ ജീവാശ്മങ്ങൾ ലഭിച്ചില്ലെന്ന് വരും. മാത്രമല്ല മറ്റു ജന്തുക്കളെപ്പോലെ മനുഷ്യർ വേഗം പെറ്റുപെരുകുന്നില്ല. അതുകൊണ്ട് പ്രളയ സമയത്ത് (ആദാമിന് 1600 വർഷങ്ങൾക്ക് ശേഷം) ഭൂമിയിൽ മനുഷ്യരുടെ സംഖ്യ മറ്റ് ജന്തുക്കളുടെ സംഖ്യയെക്കാൾ തുലോം ചുരുക്കമായിരുന്നിരിക്കണം. ഈ കാരണങ്ങളാലെല്ലാം പ്രളയ അടുക്കുകളിൽ മനുഷ്യന്റെ ജീവാശ്മങ്ങൾ ഇല്ലാതെ വന്നിരിക്കുന്നു.

പ്രളയ അടുക്കുകളിൽ നിന്ന് മനുഷ്യന്റെ തെളിവുകൾ കണ്ടുകിട്ടാതിരിക്കുന്നതിനെ ദൈവിക ന്യായവിധിയുടെ പരിപൂർത്തിയായും കാണാവുന്നതാണ്. "ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽ നിന്ന് നശിപ്പിച്ചു കളയും" (ഉല്പത്തി. 6:7) എന്ന് ദൈവം അരുളിച്ചെയ്തു. 'നശിപ്പിച്ചു കളയും' എന്നതിനുപയോഗിച്ചിരിക്കുന്ന എബ്രായ പദമായ Maha യുടെ അർത്ഥം തുടച്ചുകളയുക (wipe) എന്നാണ്. NIV ബൈബിളിൽ അങ്ങനെ ഭാഷാന്തരം ചെയ്തിരിക്കുന്നത് നോക്കുക. ദൈവം മറ്റു കരജന്തുക്കളെയും തുടച്ചുകളയും എന്നു പറഞ്ഞു (ഉല്പത്തി. 7:23), എങ്കിലും ഈ പ്രളയത്തിന് കാരണക്കാരൻ മനുഷ്യൻ ആയിരുന്നതുകൊണ്ട് പ്രളയസമയത്ത് ജീവിച്ചിരുന്ന മനുഷ്യരുടെ സകല അടയാളങ്ങളും ദൈവം ഭൂമിയിൽ നിന്ന് ഒരു വിധത്തിൽ തുടച്ചുകളഞ്ഞതായി മനസ്സിലാക്കാം. അതുകൊണ്ട് പ്രളയപൂർവ്വ ഭൂമിയിലെ മനുഷ്യരുടെ യാതൊരു അവശിഷ്ടങ്ങളും ഇന്ന് നമുക്ക് ലഭിച്ചിട്ടില്ല. പുരാവസ്തു ഗവേഷകർ ഇന്ന് കണ്ടെടുക്കുന്ന തെളിവുകളെല്ലാം ബാബേൽ ഗോപുരം മുതലുള്ള സംഭവങ്ങളുടേതാണ്. (തുടരും)


www.bahrainbrethren.com

# മാളികമുറി പ്രഭാഷണം - 13

ഡോ. ഒ.എം. സാമുവേൽ

**നി**ങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത് എന്ന് ആശ്വസിപ്പിച്ച കർത്താവിന്റെ ആശ്വാസദായകമായ മറ്റൊരു വസ്തുത തുടർന്നുള്ള വാക്യങ്ങളിൽ നമുക്ക് കാണാം (14:25-31). യേശുക്രിസ്തുവിന്റെ അസാന്നിധ്യത്തിൽ അയയ്ക്കാൻ പോകുന്ന പരിശുദ്ധാത്മാവിനെക്കുറിച്ച് കർത്താവ് വീണ്ടും ആവർത്തിച്ചു പറയുന്ന വാക്കുകൾ നോക്കാം. "എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" (വാക്യം 26). പരിശുദ്ധാത്മാവ് ചെയ്യുന്ന രണ്ടു കാര്യങ്ങൾ ഇവിടെ നാം കാണുന്നു. പരിശുദ്ധാത്മാവ് സകലവും ഉപദേശിച്ചു തരും. കർത്താവ് തന്നെ പത്രൊസിനോട് പറഞ്ഞല്ലോ ഞാൻ നിങ്ങളുടെ കാലുകൾ കഴുകുന്ന ശുശ്രൂഷയുടെ ആത്മീയ അന്തഃസത്ത ഇപ്പോൾ നിനക്ക് മനസ്സിലാകയില്ല. പിന്നീട് മനസ്സിലാകും. ഇത് എത്രയോ സത്യമായിരുന്നു. അതുപോലെ പെന്തക്കൊസ്തു നാളിൽ പത്രൊസിന്റെ പ്രസംഗത്തിൽ എത്രയോ ശ്രേഷ്ഠസത്യങ്ങളാണ് പരിശുദ്ധാത്മാവ് പത്രൊസിനെ അനുസ്മരിപ്പിക്കുന്നത്. പരിശുദ്ധാത്മാവ് തികഞ്ഞ ഒരു അദ്ധ്യാപകൻ തന്നെ. സകല സത്യങ്ങളിലും വഴി നടത്തുവാൻ കഴിവുള്ള പരിശുദ്ധാത്മാവിനെ നമുക്ക് വേണ്ടി അയച്ച കർത്താവിനു സ്തോത്രം ചെയ്യാം.

വേദനിച്ചിരിക്കുന്ന ഹൃദയത്തിനു ആശ്വാസപ്രദമായ മറ്റൊരു വാഗ്ദത്തം നോക്കാം. സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. ലോകം തരുന്നതു പോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നത് (വാക്യം 27). സമാധാനം എത്ര ഹൃദ്യമായ ഒരു പദം. ലോകം വളരെ ആഗ്രഹിക്കുന്ന ഒന്നാണ് സമാധാനം. സമാധാനമറ്റ ഈ ലോകത്തിൽ, യുദ്ധവും യുദ്ധഭീഷണിയും നിറഞ്ഞ ഈ ലോകത്തിൽ ലോക രാഷ്ട്രങ്ങൾ ആഗ്രഹിക്കുന്നതു പോലെ സമാധാനം സ്ഥാപിക്കാൻ ലോകത്തിന് സാധിക്കുന്നില്ല. കാരണം എന്താണെന്ന് ലോകനേതാക്കൾ അറിയുന്നില്ല. സമാധാനപ്രഭു ആകുന്ന യേശുക്രിസ്തുവിനെ കൂടാതെ ഈ ലോകത്തിൽ സമാധാനം സ്ഥാപിക്കാൻ ആർക്കും കഴിയുകയില്ല. ദൈവത്തോട് സമാധാനമില്ലാതെ ഒരു വ്യക്തിക്കും തന്റെ വ്യക്തിപരമായ ജീവിതത്തിൽ സമാധാനം ലഭിക്കയില്ല. വിശ്വാസത്താലുള്ള നീതികരണം പ്രാപിക്കുമ്പോൾ നമുക്കു ദൈവത്തോട് സമാധാനം ഉണ്ടാകും. ഈ അടിസ്ഥാനസത്യം വിസ്മരിച്ച് നമ്മുടെ ഏതു കഠിനപ്രയത്നത്തിനാലും സമാധാനം സംജാതമാക്കുവാൻ കഴിയുകയില്ല. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന വ്യക്തിക്ക് ആദ്യം ലഭിക്കുന്ന അനുഗ്രഹമാണ് ദൈവത്തോടുള്ള സമാധാനം. ഇത് ദൈവത്തിന്റെ ദാനമാണ്. യേശുക്രിസ്തുമായുള്ള വ്യക്തിപരമായ ബന്ധത്തിൽ നിന്നും ഉരുത്തിരിയുന്ന ആത്മീയ അനുഗ്രഹമാണിത്. ദൈവത്തോട് സമാധാനം ഉണ്ടായിക്കഴിഞ്ഞാൽ സകലബുദ്ധിയെയും കവിയുന്ന ദൈവസമാധാനത്തിന്റെ ശുശ്രൂഷ ലഭിക്കുന്നു. ദൈവസമാധാനം എന്താണ് ചെയ്യുന്നത്? നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും. നമ്മുടെ ഹൃദയവും ചിന്തകളും ഏതു സമയത്തും അസമാധാനം കൊണ്ട് നിറയുവാൻ സാധ്യതയുണ്ട്. അതുകൊണ്ട് അങ്ങനെ അസമാധാന അന്തരീക്ഷം ഉണ്ടാകാതെ കാത്തു കൊണ്ടിരിക്കും. ഒരു പട്ടാള ഉദ്യോഗസ്ഥൻ തന്റെ യജമാനന്റെ ജീവനെ കാത്തു സൂക്ഷിക്കുന്നതു പോലെയുള്ള ഒരു ശുശ്രൂഷയാണ് ദൈവസമാധാനം ചെയ്തു കൊണ്ടിരിക്കുന്നത്. പഴയനിയമത്തിൽ ഈ ആശയം വ്യക്തമാക്കുന്ന നല്ല ഒരു സംഭവം ഉണ്ട്. ദൈവത്തോട് പ്രാർത്ഥിച്ചു എന്ന കുറ്റം ചുമത്തി ദാനീയേലിനെ സിംഹങ്ങളുടെ ഗുഹയിലേക്ക് എറിയുന്നു. മനുഷ്യരക്തത്തിനുവേണ്ടി ദാഹിക്കുന്ന സിംഹങ്ങൾ ദാനീയേലിന്റെ അടുത്ത് ചങ്ങാതികളെപ്പോലെ പ്രതികരിക്കുന്നു. ദാനീയേലിന്റെ മാനസീകസ്ഥിതിയെന്തായിരിക്കും. ദൈവസമാധാനം തന്റെ ചിന്തകളെയും ഹൃദയത്തെയും കാത്തു സൂക്ഷിച്ചു. ഇതുപോലെ പ്രതികൂലസാഹചര്യങ്ങളിൽ നാം ആയിരിക്കുമ്പോൾ കാർമേഘപടലങ്ങൾ ജീവിതത്തിൽ കുമിഞ്ഞുകൂടുമ്പോൾ ഒരു ദൈവപൈതലിന്റെ ഹൃദയത്തെയും ചിന്തകളെയും കാത്തു സൂക്ഷിക്കുന്ന ദൈവസാമാധനത്തിനായി ദൈവത്തെ സ്തുതിക്കാം. മാത്രവുമല്ല സമാധാനത്തിന്റെ ദൈവം തന്നെ നമ്മെ സമ്പൂർണ്ണമായി സംരക്ഷിക്കും. ഈ അവർണ്ണനീയമായ സമാധാനം യേശുക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തത്താലാണ് (കൊലൊ. 1:20). എഫെ. 2:14-17 വരെയുള്ള വേദഭാഗത്തു നിന്ന് യേശുക്രിസ്തു തന്നെയാണ് നമ്മുടെ സമാധാനം എന്നു ഗ്രഹിക്കാം. അതുകൊണ്ടാണല്ലോ ഉയിർത്തെഴുന്നേറ്റ കർത്താവ് യെഹൂദന്മാരെ പേടിച്ച് വാതിൽ പൂട്ടിയിരുന്ന മുറിയിൽ പ്രവേശിച്ച് നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞത്. അങ്ങനെ കർത്താവ് നമുക്കു സമാധാനം ഉണ്ടാക്കി. സാത്താന്റെ അധീനതയിലുള്ള ലോകം ധനവും പ്രതാപവും നൽകിയെന്നു വരാം. എന്നാൽ സമാധാനം നൽകുവാൻ ലോകത്തിനു കഴിയുകയില്ല.

അടുത്തു വാക്യം നോക്കാം. നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ ഞാൻ പിതാവിന്റെ



www.bahrainbrethren.com

അടുത്തു പോകുന്നതിനാൽ നിങ്ങൾ സന്തോഷിക്കുമായിരുന്നു. പിതാവ് എന്നേക്കാൾ വലിയവനല്ലോ. യേശുക്രിസ്തു പിതാവിന്റെ അടുത്തേക്ക് പോകുന്നത് നമുക്കുവേണ്ടി പക്ഷവാദം ചെയ്യാനാണ്. നമ്മോടു കൂടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിവുള്ള മഹാപുരോഹിതൻ യേശുക്രിസ്തു മാത്രമാണ്. അതിനാൽ നമുക്ക് അകമഴിഞ്ഞ് ആനന്ദിക്കാൻ കഴിയും. എന്റെ പിതാവ് എന്നേക്കാൾ വലിയവനാണെന്നുള്ള പ്രസ്ഥാവന പലരെയും ആശയക്കുഴപ്പത്തിലാക്കിയിട്ടുണ്ട്. യേശുക്രിസ്തുവിന്റെ ദൈവത്വത്തെ അംഗീകരിക്കാത്ത യഹോവാ സാക്ഷികളെ പോലുള്ളവർക്ക് വാദിക്കാൻ കഴിയുന്ന ഒരു വേദഭാഗമാണിത്. എന്നാൽ യേശുക്രിസ്തു ഈ വാക്കുകൾ പറയുന്നതിന്റെ പശ്ചാത്തലം കൂടി കണക്കിലെടുത്തു വേണം നാം ഒരു നിഗമനത്തിലെത്താൻ. യേശുക്രിസ്തു പൂർണ്ണ മനുഷ്യനായി ശിഷ്യന്മാരോടു കൂടി സംസാരിക്കുമ്പോഴാണ് പിതാവിന്റെ വലിപ്പത്തെക്കുറിച്ച് സൂചിപ്പിക്കുന്നത്. യേശുക്രിസ്തു ഈ ഭൂമിയിൽ മനുഷ്യനായി ശുശ്രൂഷിച്ച സമയം ദൈവത്വത്തിന്റെ ശക്തിയും മഹത്വവും മറച്ചു പിടിച്ചുകൊണ്ടാണ് ശുശ്രൂഷിച്ചത്. അതിന്റെ അർത്ഥം ദൈവത്വം പൂർണ്ണമായി ഉപേക്ഷിച്ചു എന്നല്ല; യേശുക്രിസ്തു എല്ലാ സമയത്തും സമ്പൂർണ്ണ ദൈവം തന്നെയായിരുന്നു. എന്നാൽ ഈ ഭാഗത്ത് മനുഷ്യത്വത്തോടുള്ള ബന്ധത്തിൽ പിതാവിന്റെ ശ്രേഷ്ഠത എടുത്തു പറയുകയാണ്. പിതാവിനെ പോലെ തന്നെ എല്ലാ സ്വഭാവ വിശേഷതകളും ഉള്ള വ്യക്തി തന്നെയാണ് യേശുക്രിസ്തു. മനുഷ്യൻ എന്നുള്ള നിലയിൽ പിതാവിന്റെ ഹിതം പൂർണ്ണമായി നിറവേറത്തക്ക നിലയിൽ അവൻ സ്വയം തന്നെത്താൻ താഴ്ത്തുകയായിരുന്നു. അപ്പോൾ തന്നെ അവൻ ദൈവരൂപത്തിൽ ഇരിക്കേയാണ് ഈ താഴ്ച ഉണ്ടാവുന്നത്. ആ നിലയിലാണ് പിതാവ് എന്നേക്കാൾ വലിയവൻ എന്നു പറഞ്ഞിരിക്കുന്നത്. ഇന്ന് മഹത്വത്തിൽ എല്ലാ നിലയിലും പിതാവിനു തുല്യനായ യേശുക്രിസ്തുവിനെയാണ് നാം കാണുന്നത്. വരുവാനിരിക്കുന്ന സംഭവത്തോടുള്ള ബന്ധത്തിലാണ് ഈ വിവരണം. മഹോപദ്രവകാല സമയത്ത് ലോകജാതികളെ ദൈവം ന്യായം വിധിക്കുന്നതിന്റെ വിവരണമാണ് ഈ ഭാഗത്ത് വിവരിക്കുന്നത്. ഇവിടെ പറഞ്ഞിരിക്കുന്ന മുന്തിരി ഭൂമിയിലെ മുന്തിരിയാണ്. യിസ്രായേൽ സ്വർഗ്ഗീയ മുന്തരിയാണ്.

യിസ്രായേലിനെ പ്രതിനിധീകരിക്കുന്ന അടുത്ത ഫലവൃക്ഷം അത്തിവൃക്ഷമാണ്. കർത്താവിന്റെ പരസ്യശുശ്രൂഷയിൽ മൂന്നു പ്രാവശ്യം അത്തിയെക്കുറിച്ച് സംസാരിക്കുന്നു. ലൂക്കൊസ് 13:6–9–ൽ രേഖപ്പെടുത്തിയിരിക്കുന്ന ഉപമയിൽ മുന്തിരി തോട്ടത്തിൽ നട്ടിരിക്കുന്ന ഒരു അത്തിയെക്കുറിച്ചുള്ള വിശദീകരണമാണ് ഉള്ളത്. മൂന്നു വർഷക്കാലം ഫലം പ്രതീഷിച്ചു എങ്കിലും ഫലം ലഭിക്കാത്തതുകൊണ്ട് അത് വെട്ടി നശിപ്പിക്കാൻ തോട്ടക്കാരൻ പറയുന്നുവെങ്കിലും ഒരു വർഷം കൂടി നിൽക്കാൻ അനുവാദം ചോദിക്കുന്നു. മൂന്നു വർഷക്കാലം ദീർഘിച്ച യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷകൊണ്ട് ഫലം പുറപ്പെടുവിക്കാൻ കഴിയാതിരുന്ന യിസ്രായേലിന്റെ ആത്മീയസ്ഥിതിയെ വ്യക്തമാക്കുന്നു. മത്താ.21:18–21 വരെയുള്ള ഭാഗത്ത് യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയിൽ ഫലം പ്രതീക്ഷിച്ച് യേശുക്രിസ്തു ഒരു അത്തിയെ സമീപിക്കുന്നു എങ്കിലും ഇലയല്ലാതെ ഫലം ഒന്നും കാണാതിരുന്നതുകൊണ്ട് ആ അത്തിയെ കർത്താവു ശപിക്കുന്നു. യിസ്രായേലിന്റെ പരീശഭക്തിയാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. അത്തിയിൽ ഇലയുണ്ടായാൽ ഫലവും ഉണ്ടായിരിക്കും. എന്നാൽ ഇവിടെ ഇല മാത്രമേ കാണുന്നുള്ളൂ. മറ്റുള്ളവരുടെ ദൃഷ്ടിയിൽ ഫലമുള്ളതായി തോന്നിപ്പിക്കുന്ന കപടഭക്തിയെ കർത്താവ് ശപിക്കുന്നു. മത്തായി 24:32,33 വരെയുള്ള ഭാഗത്ത് അത്തി തളിർക്കുന്നതും കർത്താവിന്റെ വരവും തമ്മിൽ ബന്ധിപ്പിച്ചു പറഞ്ഞിരിക്കുന്നു. അത്തിവൃക്ഷം യെഹൂദനെ കാണിക്കുന്നു. അതിന്റെ തളിർപ്പ് യെഹൂദജാതിയുടെ വർത്തമാനകാലത്തെ അഭിവൃദ്ധിയെ കാണിക്കുന്നു. യേശുക്രിസ്തുവിന്റെ പുനരാഗമനത്തിൽ ഏറ്റവും ശക്തമായ തെളിവ് യെഹൂദജാതിക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന അഭൂതപൂർവ്വമായ അഭിവൃദ്ധിയാണ്.

യേശുക്രിസ്തു സ്വന്തത്തിലേക്കു വന്നു എങ്കിലും സ്വന്തമായവരോ അവനെ സ്വീകരിച്ചില്ലയെന്നു നാം ഗ്രഹിക്കുന്നു. ഇങ്ങനെയുള്ള പശ്ചാത്തലത്തിൽ യേശുക്രിസ്തു യഥാർത്ഥ മുന്തിരിയായി അവകാശവാദം ചെയ്യുന്നു. “ഞാൻ സാക്ഷാൽ മുന്തിരിയും എന്റെ പിതാവ് തോട്ടക്കാരനും ആകുന്നു.” ദൈവിക കാര്യപരിപാടിയിലെ ഒരു വ്യതിയാനം നമുക്കു കാണാം. യിസ്രയേലിനെ മുന്തിരിയായി ജാതികളുടെ മധ്യത്തിൽ ലോകത്തിൽ നട്ടു. അനുഗ്രഹങ്ങളും ധാരാളം നൽകി. എന്നാൽ ഫലകരമായ സാക്ഷ്യം നിർവ്വഹിക്കുന്നതിൽ അവർ പരാജയപ്പെട്ടു. അതുപോലെ അവരുടെ മധ്യത്തിൽ അനേകം തോട്ടക്കാരും ഉണ്ടായിരുന്നു. അവർ ഇരുകൂട്ടരും ഒരുപോലെ പരാജയപ്പെട്ടു. ആ സ്ഥാനത്ത് യേശുക്രിസ്തു യഥാർത്ഥ മുന്തിരിയും പിതാവ് തോട്ടക്കാരനും ആയിട്ടുള്ള ഒരു നവയുഗം ആരംഭിച്ചു കഴിഞ്ഞു. മുന്തിരി ഭൂമിയിൽ വളരുന്ന ഒരു ഫലവൃക്ഷമാണല്ലോ. ഈ അദ്ധ്യായത്തിൽ യേശുക്രിസ്തുവും ഭൂമിയിലുള്ള വിശ്വാസികളും തമ്മിലുള്ള ബന്ധത്തെ അധികരിച്ചുള്ള


www.bahrainbrethren.com

ആത്മീയ പാഠമാണ് നാം ഉൾക്കൊള്ളേണ്ടത്. വ്യാഖ്യാനങ്ങളുടെ വൈവിധ്യങ്ങളിലേക്ക് കടക്കുവാൻ ആഗ്രഹിക്കുന്നില്ല. രണ്ടും ആറും വാക്യങ്ങളിൽ ഈ ആശയത്തിന് വിപരീതമല്ലയെന്ന് നാം ഗ്രഹിച്ചിരിക്കേണം. ഈ ഭാഗത്തെ വിഷയം ഫലം കായിക്കുന്നതിനോടുള്ള ബന്ധത്തിലാണ്.

വളരെ ഗൗരവതരമായ ഒരു പ്രക്രിയയാണ് നീക്കിക്കളയുകയെന്നുള്ളത്. മുന്തിരിയൽ വസിക്കുകയും ഫലം കായ്ക്കാതിരിക്കുകയും ചെയ്യുകയെന്നുള്ളത് ജഡീകസ്വഭാവമാണ്. സാത്താന്റെ അധീനതയിലുള്ള ലോകത്തിലെ ഇമ്പങ്ങൾക്കും മറ്റും ജീവിതത്തിൽ പ്രാധാന്യം നൽകി വിശ്വാസികളായി ജീവിക്കുവാൻ ദൈവം ചിലപ്പോൾ അനുവദിച്ചു എന്നു വരികയില്ല. ജീവിത സയാഹ്നത്തിൽ എത്തുന്നതിനു അനുവദിക്കാതെ അങ്ങനെയുള്ളവരെ ഭൂമിയിൽ നിന്നും മരണം മൂലം മാറ്റിയെന്നും വരാം.

രക്ഷയോ രക്ഷയുടെ ഭദ്രതയോ ഇവിടത്തെ വിഷയമല്ല. ദൈവമക്കളുടെ ഫലകരമായ വിശ്വാസജീവിതത്തിലേക്ക് വെളിച്ചം വീശുന്ന വചനഭാഗമാണിത്. ഈ അദ്ധ്യായത്തിൽ വസിക്കുക (abide) എന്ന പദം ആദ്യത്തെ പത്തു വാക്യങ്ങളിൽ പതിനഞ്ചു പ്രാവശ്യം ആവർത്തിച്ചു വരുന്നു. വസിക്കുകയെന്നുള്ളത് യേശുക്രിസ്തുവിൽ ആയിക്കഴിഞ്ഞതിനു ശേഷമുള്ള അഭേദ്യമായ ബന്ധത്തെയാണ് കാണിക്കുന്നത്. മുന്തിരിയും ശാഖകളും തമ്മിലുള്ള പിരിയാബന്ധം വിശ്വാസികളോടുള്ള ബന്ധത്തിലാണെന്നുള്ളത് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ത്രിവിധങ്ങളായ ശാഖകളെക്കുറിച്ചുള്ള പരാമർശം ശ്രദ്ധേയമാണ്. കായ്ക്കാത്ത കൊമ്പുകൾ, കായ്ക്കുന്ന കൊമ്പുകൾ, ഉണങ്ങിയ ശാഖകൾ. ആദ്യം പറയുന്നത് കായ്ക്കാത്ത കൊമ്പുകളെക്കുറിച്ചാണ്. ഫലം പുറപ്പെടുവിക്കാത്ത കൊമ്പുകളെക്കുറിച്ചുള്ള കർത്താവിന്റെ ചിന്ത നാം വിസ്മരിക്കരുത്. ഓരോ വിശ്വാസിയുടെയും ജീവിതത്തെക്കുറിച്ച് കരുതുകയും ചിന്തിക്കുകയും ചെയ്യുന്നവനാണ് കർത്താവ്. തോട്ടക്കാരനായ പിതാവിന്റെ സംരക്ഷണശുശ്രൂഷ പ്രത്യേകം ശ്രദ്ധേയമാണ്. മാത്രവുമല്ല ഓരോ ശാഖയും അവന്റെ സൂക്ഷ്മ നിരീക്ഷണത്തിലാണ്. കായ്ക്കുന്ന കൊമ്പും കായ്ക്കാത്തവയും പിതാവിന്റെ ദൃഷ്ടിയിൽ നിന്ന് മറഞ്ഞു നൽക്കുന്നില്ല. അതുപോലെ ശാഖകളോടുള്ള ബന്ധത്തിൽ പിതാവിന്റെ വിശ്വസ്തതയും നാം ഗ്രഹിച്ചിരിക്കേണ്ടതാണ്. ഇങ്ങനെയുള്ള ഒരു തോട്ടക്കാരാനാണ് നമുക്കുള്ളത്. എന്നിൽ കായ്ക്കാത്ത കൊമ്പ് ഒക്കെയും അവൻ നീക്കിക്കളുയുന്നു. മുന്തിരിയുമായി ബന്ധമുള്ള കൊമ്പുകളുടെ കർത്തവ്യം ഫലം കായ്ക്കുകയെന്നുള്ളതാണ്. ആ കർത്തവ്യത്തിൽ പരാജയമടഞ്ഞാൽ കൊമ്പുകളെ മാറ്റിക്കളയുകയാണ് തോട്ടക്കാരൻ ചെയ്യുന്നത്. വളരെ ഗൗരവതരമായ ഒരു പ്രക്രിയയാണ് നീക്കിക്കളയുക എന്നുള്ളത്. മുന്തിരിയിൽ വസിക്കുകയും ഫലം കായ്ക്കാതിരിക്കുകയും ചെയ്യുകയെന്നുള്ളത് ജഡീകസ്വഭാവമാണ്. സാത്താന്റെ അധീനതയിലുള്ള ലോകത്തിലെ ഇമ്പങ്ങൾക്കും മറ്റും ജീവിതത്തിൽ പ്രാധാന്യം നൽകി വിശ്വാസികളായി ജീവിക്കുവാൻ ദൈവം ചിലപ്പോൾ അനുവദിച്ചുയെന്നു വരികയില്ല. ജീവിത സായാഹ്നത്തിൽ എത്തുന്നതിനു അനുവദിക്കാതെ അങ്ങനെയുള്ളവരെ ഭൂമിയിൽ നിന്നും മരണം മൂലം മാറ്റിയെന്നും വരാം. "ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു അനേകരും നിദ്ര കൊള്ളുന്നു" (1 കൊരി.11:30). കായ്ക്കാത്ത കൊമ്പുകളെ നീക്കിക്കളയുക എന്നതിന്റെ ഒരു വ്യാഖ്യാനമാണിത്. എന്നാൽ ഇതിനേക്കാൾ അർത്ഥവത്തായ മറ്റൊരു വ്യാഖ്യാനം കൂടി ഈ ഭാഗത്തിലുണ്ട്. **(തുടരും)**

---

## കൺവൻഷൻ, ക്യാമ്പ്

**ജി.റ്റി.സി. പെരുമ്പാവൂർ :** 15 വിദ്യാർത്ഥികൾ പഠനം നടത്തിക്കൊണ്ടിരിക്കുന്നു. തുടർന്നുള്ള ദിവസങ്ങളിൽ നടത്തപ്പെടേണ്ട ശുശ്രൂഷകളെ പ്രാർത്ഥനയിൽ ഓർത്താലും.

1. **മേഘാലയ, ജാർഖണ്ഡ് സുവിശേഷ യാത്ര** 2008 ഒക്ടോ. 21-നവം. 24 വരെ
2. റിവൈവൽ കോൺഫറൻസും പൂർവ്വ വിദ്യാർത്ഥി സമ്മേളനവും 2009 ഏപ്രിൽ 17, 18
3. ജി.റ്റി.സി. ഗ്രാജുവേഷൻ സർവ്വീസ് 2009 ഏപ്രിൽ 19
4. ഒരു മാസ ഹിന്ദി മാധ്യമ ബൈബിൾ സ്കൂൾ - West Bangal 2009 മെയ് 1 - 31 വരെ എന്ന്, സെക്രട്ടറി.

**ദിവ്യസന്ദേശം-2008 :** തൃശൂർ നെല്ലിക്കുന്ന് - കുറ പ്രദേശത്തുള്ള ദൈവജനത്തിന്റെ സംരംഭമായ "ദിവ്യ സന്ദേശം" ഈ വർഷവും നടത്തപ്പെടുന്നു.

തീയതി - 2008 ഡിസം. 4-7 ഞായർ വരെ

സ്ഥലം - നെല്ലിക്കുന്ന് - കുറ കനാൽ പാലത്തിന് സമീപം. വൈകിട്ട് 6.30 - 8.45 വരെ.

പ്രസംഗകർ - ചാണ്ടപ്പിള്ള ഫിലിപ്പ്, ബിജു കെ. ആലടി 7 ന് 3 മണിക്ക് 'ബേത്‌ലേഹേം' ചിൽഡ്രൻസ് ക്ലബ്ബിന്റെ വാർഷിക സമ്മേളനം. ഗാനശുശ്രൂഷ സ്പിരിച്ച്വൽ സിംഗേഴ്സ്. പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്താലും. എന്ന് സണ്ണി വിതയത്തിൽ, ജോഷി മൈക്കിൾ, കെ.എസ്. ശാമുവേൽ.

### ഇലന്തൂർ കൺവൻഷൻ

സ്ഥലം - ഇലന്തൂർ പഞ്ചായത്ത് സ്റ്റേഡിയം (നെടുവേലിൽ ജംഗ്ഷൻ)

തീയതി - 2008 നവം. 21,22,23 വൈകിട്ട് 6 - 8.30 വരെ

പ്രസംഗകർ : ആർ. കൃഷ്ണൻകുട്ടി, പി.എസ്. തമ്പാൻ. എന്ന് കെ.എ. ജോർജ്ജ്, റ്റി.ജെ. തോമസ്.


www.bahrainbrethren.com

# ആരാധന പുതിയ നിയമത്തിൽ (തുടർച്ച)

എസ്. ജി. ഗിൽബർട്ട്, ആറാമട

**ആരുമായിട്ടും ആരാധിക്കാമോ?**

കർത്താവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച ഏവരും ദൈവമക്കളും കർത്താവിന്റെ സാർവ്വത്രിക സഭയുടെ അംഗവുമാണ്. രക്ഷിക്കപ്പെട്ട വ്യക്തി സ്നാനപ്പെട്ടശേഷം മാത്രമെ കർത്തൃമേശയോടുകൂടിയുള്ള ആരാധനയ്ക്ക് യോഗ്യനാകൂ. ഒന്നാം നൂറ്റാണ്ടിൽ ഒരുവൻ രക്ഷിക്കപ്പെടുന്ന സമയംതന്നെ സ്നാനപ്പെട്ടിരുന്നു. അന്ന് രക്ഷിക്കപ്പെട്ടിട്ട് സ്നാനപ്പെടാത്ത വിശ്വാസികളായി സഭകളിൽ ആരും ഉണ്ടായിരുന്നതായി കാണുന്നില്ല. അന്ന് ദൈവജനം അവിടെ അവിടെയായി കൂടിയിരുന്നെങ്കിലും എല്ലായിടത്തും അപ്പൊസ്തലിക ഉപദേശം മാത്രം നിലനിന്നിരുന്നു. ഒരു വിശ്വാസിക്ക് എവിടെ വേണമെങ്കിലും കൂടി കർത്താവിനെ ആരാധിക്കാമായിരുന്നു. കാലങ്ങൾ കഴിഞ്ഞപ്പോൾ ദുരുപദേശങ്ങൾ സഭകളിൽ കടന്നുപിടിച്ചു. ഉപദേശ വ്യത്യാസങ്ങളാൽ അനേക സഭാവിഭാഗങ്ങൾ നിലവിൽ വന്നു. അങ്ങനെയാണെങ്കിൽ ഒരു വിശ്വാസിക്ക് എവിടെയും എങ്ങനെയും ആരാധിക്കാൻ സാധിക്കുമോ? വിശ്വാസികളും അവിശ്വാസികളും ഇരിക്കുന്ന സഭയിൽ കർത്താവിനെ ആരാധിക്കാൻ സാധിക്കുമോ? ഉപദേശ രൂപത്തിൽ വ്യത്യസ്ഥത പുലർത്തുന്നവരുമായി കർത്താവിനെ ആരാധിക്കാൻ സാധിക്കുമോ? നാം ചിന്തിക്കേണ്ടതാണ്.

**A ആരുമായി ആരാധന കഴിക്കരുത്.**

അവിശ്വാസികളുമായിട്ടുള്ള വിശ്വാസിയുടെ ബന്ധം ഏതു നിലയിലായിരിക്കണമെന്ന് തിരുവെഴുത്ത് വ്യക്തമായി പറഞ്ഞിട്ടുണ്ട്. “ദുഷ്ടന്മാരുടെ ആലോചന പ്രകാരം നടക്കരുത്.....” (സങ്കീ. 1:1). “വ്യർത്ഥന്മാരോടു കൂടെ ഞാൻ ഇരുന്നിട്ടില്ല കപടക്കാരുടെ അടുക്കൽ ഞാൻ ചെന്നിട്ടുമില്ല. ദുഷ്പ്രവർത്തിക്കാരുടെ സംഘത്തെ ഞാൻ പകച്ചിരിക്കുന്നു. ദുഷ്ടന്മാരോടു കൂടെ ഞാൻ ഇരിക്കുകയുമില്ല” (സങ്കീ. 26:4-8). വിശ്വാസികളും അവിശ്വാസികളുമായി ഇണയല്ലാപിണ കൂടാൻ പാടില്ല. അങ്ങനെ കൂടിയാൽ നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തെങ്കിലും ചേർച്ച ഉണ്ടായിരിക്കുമോ? അതുപോലെ ആകുകയുള്ളു. ക്രിസ്തുവിനും ബലിയാലിനും തമ്മിൽ എന്തു പൊരുത്തം? വിശ്വാസിക്കും അവിശ്വാസിക്കുമായി എന്ത് ഓഹരി? വിശ്വാസിക്ക് അവിശ്വാസിയുമായി ആത്മീയമായി യാതൊരു ഓഹരിയുമില്ല. ദൈവാലയത്തിന് വിഗ്രഹങ്ങളോട് എന്ത് യോജ്യത? വിഗ്രഹങ്ങളോടും വിഗ്രഹാരാധികൾ കൂടിയിരിക്കുന്നിടത്തും ദൈവജനത്തിന് എന്ത് ആത്മീയ ബന്ധമാണുള്ളത്. നാം ജീവനുള്ള ദൈവത്തിന്റെ ആലയമാണ്. “അവരുടെ നടുവിൽ നിന്നും പുറപ്പെട്ട് വേർപെട്ടിരിപ്പിൻ എന്ന് കർത്താവ് അരുളിച്ചെയ്യുന്നു” (2 കൊരി. 6:14-17). “അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടു പോരുവിൻ” (വെളി. 18:4).

മുകളിൽ കൊടുത്തിരിക്കുന്ന വേദഭാഗങ്ങളിൽ നിന്നും ഒരു യഥാർത്ഥ വിശ്വാസി ലോകത്തിൽ ജീവിക്കുമ്പോൾ അവിശ്വാസികളുമായി എങ്ങനെയുള്ള ബന്ധമാണ് പുലർത്തേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഒരു വിശ്വാസിക്ക് അവിശ്വാസിയുമായി യാതൊരു പങ്കും ഓഹരിയും ഇല്ലാതെയിരിക്കുമ്പോൾ അവിശ്വാസികൾ ഇരിക്കുന്ന സദസ്സിൽ വിശ്വാസികൾക്ക് സഭയായി ആരാധിക്കാൻ എങ്ങനെ കഴിയും. പാപികളുടെ വഴിയിൽ നിൽക്കരുതെന്നും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കരുതെന്നും തിരുവെഴുത്തു പറയുമ്പോൾ അങ്ങനെയുള്ളവർ കൂടുന്ന ഒരു സദസ്സിൽ ദൈവത്തെ എങ്ങനെയാണ് ആരാധിച്ച് മഹത്വപ്പെടുത്തുന്നത്? ഒരിക്കലും ഒരു ദൈവപൈതലിനു സാധിക്കയില്ല. അതുപോലെ രക്ഷിക്കപ്പെട്ടവരാണെങ്കിലും പരസ്പരം ഉപദേശ ഐക്യം ഇല്ലാത്തവരുമായി എങ്ങനെ ഒരു ഭക്തനായ വിശ്വാസിക്ക് ആത്മാവിലും സത്യത്തിലും ആരാധിക്കാൻ സാധിക്കും. അതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന കൂട്ടർ ഇരിക്കുന്ന സദസ്സിൽ (അവിശ്വാസികളുടെ) ഒരു വിശ്വാസിക്ക് ആരാധിക്കാൻ സാധിക്കയില്ല. അങ്ങനെ ആരാധിക്കാൻ തിരുവെഴുത്തിൽ പ്രമാണവുമില്ല.

**B. ആരുമായി ആരാധന കഴിക്കണം**

ദൈവത്തെ ആരാധിക്കുന്നവർ ആരുമായി ച്ചേർന്ന് ആരാധിക്കണമെന്ന് തിരുവെഴുത്ത് വ്യക്തമായ സൂചന നൽകുന്നുണ്ട്. ‘‘പിതാവായ ദൈവത്തിന്റെ മുന്നറിവിന് ഒത്തവണ്ണം ആത്മാവിന്റെ വിശുദ്ധീകരണം പ്രാപിച്ചു അനുസരണം കാണിപ്പാനും യേശുക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെടുവാനുമായി വൃതന്മാരുമായവർക്ക്” (1 പത്രൊസ് 1:2); “ക്രിസ്തുയേശുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും.... നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവരോടും കൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാരായവർക്ക്” (1 കൊരി. 1:2); “ഞാൻ നേരുള്ളവരുടെ സംഘത്തിലും സഭയിലും പൂർണ്ണ ഹൃദയത്തോടെ യഹോവയ്ക്ക് സ്തോത്രം ചെയ്യും” (സങ്കീ. 111:1); “യഹോവയ്ക്കു പുതിയൊരു പാട്ടും ഭക്തന്മാരുടെ സഭയിൽ അവന്റെ സ്തുതിയും പാടുവിൻ” (സങ്കീ. 149:1); അവന്റെ ഭക്തന്മാർ കാൺകെ ഞാൻ എന്റെ നേർച്ചകളെ കഴിക്കും” (സങ്കീ. 22:25).

മുകളിൽ കൊടുത്തിരിക്കുന്ന വേദഭാഗങ്ങളിൽ നിന്നും നാം മനസ്സിലാക്കുന്നത് എന്താണ്? ദൈവജനത്തിന് ദൈവജനത്തോടു ചേർന്നു മാത്രമേ കർത്താവിനെ ആരാധിക്കാൻ സാധിക്കൂ. നേരുള്ളവരുടെ സംഘത്തിലും സഭയിലും പൂർണ്ണഹൃദയത്തോടെ യഹോവയ്ക്കു സ്തോത്രം ചെയ്യും എന്നു സങ്കീർത്തനക്കാരൻ പറയുന്നു. ദൈവജ



www.bahrainbrethren.com

# തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനം: ഒരു പഠനം– 13

ജേക്കബ് തോമസ്, മാവേലിക്കര

**XIII. വിശ്വാസത്യാഗത്തെ ചെറുക്കുവാൻ നല്ല മാതൃകയായി ജീവിക്കുക (1 തിമൊ.4.12–16)**

*ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കരുത്; വാക്കിലും, നടപ്പിലും, സ്നേഹത്തിലും, വിശ്വാസത്തിലും, നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃകയായിരിക്ക. 13.ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക. 14. മുപ്പന്മാരുടെ കൈവെപ്പോടുകൂടെ പ്രവചനത്താൽ നിനക്ക് ലഭിച്ചതായി നിന്നിലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കാതെ 15.നിന്റെ അഭിവൃദ്ധി എല്ലാവർക്കും പ്രസിദ്ധമായിത്തീരേണ്ടതിന് ഇത് കരുതുക, ഇതിൽ തന്നെ ഇരുന്നുകൊൾക. 16. നിന്നെത്തന്നേയും, ഉപദേശത്തെയും സൂക്ഷിച്ചുകോൾക; ഇതിൽ ഉറച്ചുനില്ക്ക; അങ്ങനെ ചെയ്കതാൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും (1 തിമൊ.4.12–16).*

വിശ്വാസത്യാഗത്തെ പ്രതിരോധിക്കുവാൻ കഴിയുന്ന മറ്റൊരു ഫലപ്രദമായ മാർഗ്ഗത്തെക്കുറിച്ച് പൗലൊസ് തുടർന്ന് പറയുന്നു. ക്രിസ്തീയ ജീവിതമെന്നത് ഒരു വലിയ പോരാട്ടമാണ്. അവിടെ ഒരു വിശ്വാസി അനേക എതിരാളികളെ നേരിടേണ്ടതായി വരും; യാതൊരു ബുദ്ധിമുട്ടും പ്രയാസവുമില്ലാത്ത ഒരു ആത്മീയ ജീവിതത്തിനായി ആഗ്രഹിക്കുന്ന വിശ്വാസി ക്രിസ്തുവിന് പ്രയോജനമില്ലാത്തവനായിരിക്കും. പൗലൊസിന്റെ ജീവിതം ഒരു വലിയ പോരാട്ടമായിരുന്നു എന്നാൽ, താൻ മുറുകെപ്പിടിച്ച സത്യങ്ങൾക്കുവേണ്ടി നിലകൊള്ളുവാനും ആ സത്യത്തിലേക്ക് അനേകരെ ആനയിക്കുവാനും ഇടയായിത്തീർന്നതിന്റെ രഹസ്യം സമർപ്പണത്തോടുകൂടിയ സംശുദ്ധമായ ജീവിതമായിരുന്നു. ഇന്ന് നമ്മെ വിമർശന ബുദ്ധയോടെ വീക്ഷിക്കുന്ന ഒരു ജനസമൂഹത്തിന്റെ മധ്യത്തിലാണ് നാം ജീവിക്കുന്നത്, ആയതിനാൽ വിവിധ മതങ്ങളിലും വിശ്വാസങ്ങളിലുമുള്ള വ്യക്തികൾക്ക് മുന്നിൽ നിർമ്മലതയോടെയും വിശ്വസ്തതയോടെയും നാം ജീവിക്കണം. വിശ്വാസത്യാഗത്തെ ചെറുക്കുവാൻ തിമൊഥെയൊസ് ഒരു നല്ല ശുശ്രൂഷകനാകുന്നതോടോപ്പം നല്ല മാതൃകാ ജീവിതത്തോടെ ജീവിക്കേണ്ടതും ആവശ്യമാണെന്ന് പൗലൊസ് ഇവിടെ സൂചിപ്പിക്കുന്നു.

**1. യൗവ്വനത്തിൽ നല്ലമാതൃകയായി ജീവിക്കുക (1 തിമൊ. 4.12)**

മനുഷ്യജീവിതത്തിലെ ഏറ്റവും നിർണ്ണായകവും പ്രയോജനപ്രദവുമായ അവസ്ഥയാണ് യൗവ്വനകാലം. എന്നാൽ ഊർജ്ജസ്വലമായ പ്രായത്തെ തീവ്രവാദികളും, മദ്യലോബികളും അവരുടെ പൈശാചികമായ ലക്ഷ്യങ്ങൾക്ക് ഉപയോഗിക്കുന്നു. മറ്റുചിലർ ഈ സമയത്തെ പാഴാക്കുന്നു. ഒരു ദൈവപൈതലിനെ സംബന്ധിച്ച് അവന്റെ യൗവ്വനകാലം പാഴാക്കുവാനുള്ളതല്ല, ദൈവിക സമർപ്പണത്തോടെ ജീവിക്കുവാനുള്ളതാണ്. കേവലം ലോകത്തിലുള്ളവർക്ക് മാതൃകയാകണമെന്നല്ല വിശ്വാസികൾക്ക് മാതൃകയാകണമെന്നാണ് പൗലൊസ് നല്കുന്ന ആലോചന. മദ്യപാനവും, അധാർമ്മിക പ്രവർത്തനവും കൂടാതെ ജീവിക്കുക എന്ന് മാത്രമല്ല, ദൈവിക പ്രവർത്തനങ്ങളിൽ തിമൊഥെയൊസ് വിശ്വാസികൾക്ക് മാതൃകയാകേണ്ടതാണ്.

ദൈവികപ്രവർത്തനങ്ങളിൽ വളരെ പ്രധാന പങ്ക് വഹിക്കേണ്ട യുവാക്കൾ വളരെ നിഷ്ക്രീയരാകുന്ന കാഴ്ചയാണ് ഇന്ന് കാണുന്നത്. കാരണങ്ങൾ പലതും പറയുവാൻ ഉണ്ടായിരിക്കാം; കാലം അതിന്റെ അന്ത്യത്തിലേക്ക് കുതിക്കുമ്പോൾ ക്രിസ്തുവിന്റെ സാക്ഷികൾ എന്ന നിലയിൽ

---

നവും ലോകമനുഷ്യരും കൂടുന്ന യാതൊരു സമ്മേളനത്തിലും ദൈവജനത്തിനു സഭയായി കുറച്ചു സമയം ആരാധിക്കാൻ കഴിയുകയില്ല. അങ്ങനെ ദൈവജനം ആരാധിച്ചാൽ നേരുള്ളവരുടെ സംഘത്തിൽ വസിക്കുന്ന ദൈവം അവിടെ ആരാധന സ്വീകരിക്കാൻ വരുന്നതെങ്ങനെ?

വേർപെട്ട ദൈവജനം വേർപെട്ട ദൈവജനവുമായിട്ടുതന്നെ ദൈവത്തെ ആരാധിക്കണം. രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ് ദൈവസഭ എന്നതുകൊണ്ട് രക്ഷിക്കപ്പെട്ടവർ കൂടുന്ന ഏതു കൂട്ടത്തിലും പോയി എങ്ങനെയും ആരാധിച്ചാൽ ദൈവം സ്വീകരിക്കുമോ? ഒരിക്കലും സ്വീകരിക്കയില്ല. സഭയായി ദൈവത്തെ ആരാധിക്കുമ്പോൾ ആ സഭയുമായി ഉപദേശപരമായ ഐക്യം വളരെ അത്യാവശ്യമാണ്. നമുക്ക് ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഇല്ലാ എന്നു പറയുന്നവരോട് ചേർന്ന് എങ്ങനെ നമുക്ക് ആത്മാവിലും സത്യത്തിലും ആരാധിക്കാൻ സാധിക്കും.

ആരാധനയിൽ ദൈവമക്കൾ എന്ന ഐക്യം വേണം. ഉപദേശപരമായ ഐക്യം വേണം. മാനസീകമായ ഐക്യം അഥവാ പരസ്പരം പ്രയാസങ്ങൾ ഉണ്ടെങ്കിൽ അതിനു പരിഹാര ഐക്യം ഉണ്ടായിട്ടേ ദൈവത്തെ ആരാധിക്കാവൂ. എല്ലാറ്റിലും ഉപരിയായി തന്നെത്താൻ ദൈവസന്നിധിയിൽ ഒരുക്കപ്പെട്ടു ശുദ്ധീകരണത്തോടുകൂടെ ഒരുങ്ങി വന്നു ആരാധിക്കുന്നവരുടെ ആരാധന മാത്രമെ ദൈവം സ്വീകരിക്കുകയുള്ളൂ. അല്ലാത്ത ആരാധനകൾ ഒന്നും ദൈവവചനപ്രകാരം സുഗ്രാഹ്യമായ ആരാധനയല്ല. (തുടരും)



www.bahrainbrethren.com

യുവാക്കൾ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ടതാണ്. പൗലൊസ് തിമൊഥെയൊസിന് നല്കുന്ന ഈ നിർദ്ദേശങ്ങൾ ദൈവം നമുക്ക് നൽകുന്ന കല്പനയായി നാം ഏറ്റെടുക്കണം. സ്വഭാവത്തെയും, ഉദ്ദേശ്യത്തേയും വെളിപ്പെടുത്തുന്ന നിലയിലുള്ള വാക്കുകൾ, ദൈവമക്കൾക്കനുയോജ്യമായ നിലയിലുള്ള നടപ്പ്, കാപട്യമില്ലാത്ത നൈസർഗ്ഗികമായ സ്നേഹം, വിശ്വാസം, വിശ്വസ്തത, തുടങ്ങിയ ഗുണവിശേഷങ്ങൾ കൈമുതലായുള്ള ഒരു വ്യക്തിയുടെ യൗവ്വനം തുച്ഛീകരിക്കപ്പെടുകയില്ല. നമ്മുടെ സമൂഹത്തിലെ യുവാക്കൾ ഈ പ്രബോധനം കുറിക്കൊള്ളുകയും, ക്രിസ്തീയ പ്രവർത്തന മേഖലകളിൽ സജ്ജീവമായി പ്രവർത്തിക്കുവാൻ മുന്നോട്ട് വരികയും വേണം.

**2. കൃപാവരം വിനിയോഗിക്കുന്നതിൽ നല്ല മാതൃകയായിരിക്കുക (1 തിമൊ. 4.13-15)**

തന്റെ കൃപാവരം ദൈവനാമമഹത്വത്തിനായി വിനിയോഗിക്കുന്നതിൽ തിമൊഥെയൊസ് എങ്ങനെ മാതൃകയായിരിക്കണമെന്ന് പൗലൊസ് ഇവിടെ നിർദ്ദേശം നല്കുന്നു. വായനയെന്നത് തന്റെ വ്യക്തിപരമായ വായനയല്ല, സഭയിലെ പരസ്യമായ വേദവായനയാണ്. ഇത് ഒന്നാം നൂറ്റാണ്ടിൽ ദൈവവചനത്തിന് സഭയിലുള്ള സ്ഥാനത്തെ വ്യക്തമാക്കുന്നു. ദൈവവചനസത്യങ്ങളെ കേൾവിക്കാരുടെ വിചിന്തനത്തിനും, പ്രായോഗിക ക്രിസ്തീയജീവിതത്തിനും ഉതകുന്ന നിലയിൽ ലളിതമായി അവതരിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ദൈവവചനസത്യങ്ങൾ വിശ്വാസികളുടെ ജീവിതത്തിൽ പ്രായോഗിമാക്കുമ്പോഴാണ് ആത്മീക വർദ്ധനയുണ്ടാകുന്നത്. ഉപദേശം, ദൈവജനം എക്കാലവും മുറുകെപ്പിടുക്കുന്ന തിരുവചനസത്യങ്ങളാണ്. ഈ കാര്യങ്ങളിൽ തിമൊഥെയൊസ് ശ്രദ്ധിക്കണമെന്ന് പൗലൊസ് പ്രത്യേകം ഓർപ്പിക്കുകയാണ്. കാരണം, ഈ ലോകത്തിലെ വിവിധ വിഷയങ്ങൾ പലപ്പോഴും ഒരു ശുശ്രൂഷകനെ തന്റെ ദൗത്യത്തിൽ നിന്നും വ്യതിചലിക്കുവാൻ ഇടയാക്കുന്നു. ശുശ്രൂഷകൾക്കായി ദൈവദത്തമായി തിമൊഥെയൊസിന് നല്കപ്പെട്ട കൃപാവരങ്ങൾ അലക്ഷ്യമാക്കരുത് കാരണം അത് നല്കിയത് ദൈവമാണ്. മൂപ്പന്മാരുടെ കൈവെപ്പ് അതിനെ സ്ഥിരീകരിക്കുന്നതായിരുന്നു. ദൈവസഭയുടെ അഭിവൃദ്ധിക്കായി ദൈവദാസന്മാരെ ദൈവമെഴുന്നേല്പിക്കുമ്പോൾ സഭാനേതൃത്തിലുള്ളവരുടെ അംഗീകാരവും പിൻതുണയും അനിവാര്യമാണ്. യുവാവായ തിമൊഥെയൊസ് തന്റെ ശുശ്രൂഷയിൽ പുരോഗമിക്കേണ്ടതിന്റെ ആവശ്യകത പൗലോസ് ഓർപ്പിക്കുന്നു. ഇന്നത്തെ യുവതലമുറയും ഓർത്തിരിക്കേണ്ട വിഷയമാണിത്.

**3. തന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിക്കുന്നതിൽ നല്ലമാതൃകയായിരിക്കുക (1 തിമൊ.4.16)**

ഏറ്റവും പ്രാമുഖ്യമേറിയ കാര്യമാണ് പൗലോസ് തുടർന്ന് പ്രതിപാദിക്കുന്നത്. നിന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിക്കുക, ഈ രണ്ടു കാര്യങ്ങൾ സൂക്ഷിക്കാതെപോയാൽ, വരുന്ന വിപത്തുകൾ വളരെ വലുതാണ്. നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ജീവിതം തന്നെ നോക്കുക, തന്റെ ഉപദേശങ്ങളെ അന്വർത്ഥമാക്കുന്നത് തന്റെ ജീവിതത്തിന്റെ വൈശിഷ്ട്യമായിരുന്നു. ക്രിസ്തുവിന്റെ ജീവിതവും ഉപദേശവും പരസ്പര പൂരകങ്ങളായിരുന്നു. സംശുദ്ധമായ ജീവിതത്തിന് അത് അർഹിക്കുന്ന പ്രാധാന്യം കൊടുക്കാതെ ഉപദേശത്തിന് മാത്രം പ്രാധാന്യം കോടുക്കുന്നത് വളരെ ഗുരുതരമായ ദോഷങ്ങൾക്ക് വഴിയോരുക്കും. അതേസമയം തന്നെ ഉപദേശത്തിന് യാതോരു പ്രാധാന്യവും കൊടുക്കാതെ സദ്മാർഗ്ഗത്തെക്കുറിച്ച് വാതോരാതെ വാദിക്കുന്നവർ ദൈവവചനം വിട്ട് മാനുഷീക ജ്ഞാനത്തിലേക്ക് വഴുതിവീണ്, ദൈവത്തിന്റെ ദാനമായ നിത്യജീവനിൽ നിന്ന് അകന്ന് പോകുന്നു. ദൈവിക ശുശ്രൂഷകൾക്ക് മാർഗ്ഗദർശകമായി പൗലൊസ് വരച്ചു കാണിക്കുന്ന തികച്ചും സന്തുലിതമായ ജീവിത സരണി തിമൊഥെയൊസിന് മാത്രമല്ല കർത്താവിന്റെ വേലചെയ്യുവാനാഗ്രഹിക്കുന്ന ഏവർക്കും മാതൃകയാണ്. ജീവിതത്തിനും ഉപദേശത്തിനും തുല്യപ്രാധാന്യം കൊടുത്തുള്ള ജീവിതം ആ ശുശ്രൂഷകനേയും തന്റെ ശ്രോതാക്കളേയും രക്ഷിക്കും. അല്ലാത്ത പക്ഷം അത് ആരേയും രക്ഷിക്കില്ല. വിശ്വാസത്യാഗത്തെ ചെറുക്കുവാൻ യൗവ്വനത്തിൽ നല്ല മാതൃകയായിരിക്കുക, കൃപാവരം വിനിയോഗിക്കുന്നതിൽ നല്ല മാതൃകയായിരിക്കുക, തന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിക്കുന്നതിൽ നല്ല മാതൃകയായിരിക്കുക എന്നീ പ്രബോധനങ്ങൾ നമ്മുടെ യുവതലമുറക്ക് പ്രചോദനമാകുവാൻ കാരുണ്യവാനായ ദൈവം ഇടയാക്കട്ടെ. (തുടരും)

## ദയവായി ശ്രദ്ധിച്ചാലും

മാസികയിൽ പ്രസിദ്ധീകരിക്കുവാനായി അയച്ചുതരുന്ന വാർത്തകളിൽ അയയ്ക്കുന്ന സഹോദരന്മാരുടെ ഒപ്പോ പൂർണ്ണമായ മേൽവിലാസമോ ഉണ്ടായിരിക്കുകയില്ല. ഇത് അനിവാര്യമാണ്. സഭാവാർത്തകളോ കൂട്ടായ പ്രവർത്തന വിവരങ്ങളോ അയയ്ക്കുമ്പോഴും ഒന്നിലധികം ചുമതലപ്പെട്ടവരുടെ പേരും ഒപ്പും വിലാസവും ഫോൺ നമ്പരും ആവശ്യമാണ്. അല്ലാത്ത അപൂർണ്ണ വാർത്തകൾ മാസികയിൽ പ്രസിദ്ധീകരിക്കുന്നതല്ലായിരിക്കും. പബ്ലിഷർ.


www.bahrainbrethren.com

# പുനരുത്ഥാനത്തിന്റെ പ്രസക്തി (തുടർച്ച)

**യോഹന്നാൻ എബ്രഹാം**

**ന്യായവിധിക്കായുള്ള പുനരുത്ഥാനം**

ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുകയാണ് (എബ്രാ. 9:27). ഈ ന്യായവിധിക്ക് രണ്ടാം പുനരുത്ഥാനമെന്ന് പറയുന്നു. ഇത് ശിക്ഷാവിധിക്കുള്ളതാണ്. ദാനി 12:2; യോഹ. 5:27; വെളി. 20:5; 11-13. ഒന്നാം പുനരുത്ഥാനശേഷം 1000 വർഷങ്ങൾ കഴിഞ്ഞ് നടക്കുന്ന പുനരുത്ഥാനം. ദൈവത്തിൽ വിശ്വസിക്കാതെ രക്ഷിക്കപ്പെടാത്ത ആബാലവൃദ്ധം ജനങ്ങളും ദൈവത്തിന്റെ ന്യായവിധിയുടെ സിംഹാസനമായ വെള്ളസിംഹാസനത്തിന് മുൻപിൽ പുനരുത്ഥാനം ചെയ്തു നിൽക്കുന്നതാണ്. അവരവരുടെ പ്രവൃത്തിക്ക് തക്കവണ്ണം ന്യായവിധിയുണ്ടാകും. നരകത്തിലെ സെല്ലുകൾ വിവിധ തരത്തിൽ ഉള്ളതായിരിക്കും. ഇത് നിത്യമരണമാണ്. ദൈവത്തിലും ദൈവപുത്രനായ യേശുക്രിസ്തുവിലും വിശ്വസിക്കാത്തവർ ഈ വലിയ ന്യായവിധിക്ക് വിധേയരായിത്തീരും. നിത്യജീവൻ വേണമോ നിത്യമരണം വേണമോ എന്ന് തീരുമാനിക്കേണ്ടത് ഓരോ വ്യക്തിയുമാണ്.

യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ദൈവം ദാനമായി നൽകുന്നതാണ്. എന്നാൽ വിശ്വസിക്കാത്തവർ ജീവനെ കാണുകയില്ല. മാത്രമല്ല നിത്യമരണത്തിന് വിധിക്കപ്പെടുകയും ചെയ്യുന്നതാണ്. എന്നാൽ അവർക്കും പുനരുത്ഥാനമുണ്ട്. അത് സാർവ്വത്രീകമാണ്. 2 വിധത്തിലുള്ള ഭാഗധേയവും ഈ പുനരുത്ഥാനങ്ങളിൽ വിധിക്കപ്പെട്ടിരിക്കുകയാണ്. ഇത് സ്വർഗ്ഗീയ സുപ്രീംകോടതിയുടെ തീരുമാനമാണ്. മനുഷ്യർക്ക് ലംഘിക്കാൻ കഴിയുന്നതല്ല.

**പുനരുത്ഥാന നിര (1 കോരി. 15:23)**

നിര എന്ന വാക്കിന്റെ ഗ്രീക്കു പദം ടാഗ്മാ എന്നാണ്, സൈനിക നിര. സങ്കീർത്തനങ്ങളിൽ സേനാദിവസം യുവാക്കളായ മഞ്ഞ് എന്ന പ്രയോഗം ശ്രദ്ധിക്കുക(സങ്കീ. 110:3). പുനരുത്ഥാന നിരയുടെ നായകൻ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുക്രിസ്തുവാണ്. യേശുക്രിസ്തു പുനരുത്ഥാനത്തിന്റെ ആദ്യഫലമാണ്. ആദ്യഫലക്കറ്റ എന്നു പറയുന്നത് പിന്നീടു കൊയ്ത്തു നാളിൽ കറ്റയുടെ സമൃദ്ധിയേയാണ് കാണിക്കുന്നത്. ക്രിസ്തുവിന്റെ പുനരുത്ഥാനം കഴിഞ്ഞ ഉടനേ എന്നല്ല. പിന്നെ എന്ന പ്രയോഗം ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിന് ശേഷം കാലങ്ങൾ കഴിഞ്ഞ് എന്ന ആശയമാണ് നൽകുന്നത്. പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ. പിന്നെ അവസാനം. അവസാന നിര.

തെസ്സലോനിക്യ ലേഖനത്തിൽ ക്രിസ്തുവിൽ മരിച്ച വിശുദ്ധന്മാരുടെ പുനരുത്ഥാനത്തെക്കുറിച്ച് നാം മുൻപ് അല്പമായി ചിന്തിച്ചതാണ്. ഒരാൾ ക്രിസ്തുവിൽ മരിക്കണമെങ്കിൽ ക്രിസ്തുവിൽ വിശ്വസിച്ച് വീണ്ടും ജനനം പ്രാപിച്ചിരിക്കണം. അങ്ങനെ ക്രിസ്തുവിൽ ജനിച്ചവരാണ് ക്രിസ്തുവിൽ മരിക്കുന്നത്. മരിച്ച വിശുദ്ധന്മാരുടെ ഉയിർപ്പിനു ശേഷമാണ് ഭൂമിയിൽ ജീവനോടിരിക്കുന്ന വിശ്വാസികൾക്ക് അവരുടെ മർത്യശരീരത്തിന് രൂപാന്തരം പ്രാപിച്ച് അമർത്യശരീരത്തെ പ്രാപിക്കുന്നത്. ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വം പ്രാപിക്കുകയാണ്. ദൈവം കൃപയാൽ ദാനമായി തന്ന രക്ഷയുടെ പൂർത്തീകരണം ശരീരത്തിന്റെ വീണ്ടെടുപ്പിൽ പൂർത്തിയാകുന്നതാണ്. കാൽവറി ക്രൂശിൽ വെച്ച് യേശുക്രിസ്തു അവസാനമായി പറഞ്ഞത് സകലതും നിവൃത്തിയായി എന്നാണ്. മനുഷ്യരുടെ രക്ഷയുടെ സംപൂർണ്ണത കാൽവറിക്രൂശിലെ പരമയാഗത്തിൽ നിവൃത്തിയായി. അപ്പൊസ്തലനായ പൗലൊസ് നിരാശരായ തെസ്സലോനീക്യ വിശ്വാസികൾക്ക് ഈ മഹത്തായ മർമ്മം വെളിപ്പെടുത്തിയിരിക്കുന്നു. പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖിക്കേണ്ട ആവശ്യമില്ല.

ഭംഗമില്ലാത്ത ഭാഗ്യകരമായ ഈ നല്ലതും ജീവനുള്ളതുമായ പ്രത്യാശയ്ക്ക് പാത്രീഭൂതരായവർ എത്ര ധന്യരാണ്. ദൈവം സമാധാനത്തിന്റെ ദൈവമാണ്. ദൈവം നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുന്നതാണ്. നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടും. നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ (1തെസ്സ. 5:23-24).

**എന്താണിതിനൊരു ഉറപ്പ്?**

നാം വിശ്വസിക്കുന്ന രക്ഷാനായകൻ മരണത്തെ ജയിച്ച് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റവനാണ്. ഇത് ഒരു ചരിത്ര സത്യമാണ്. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കുന്നതാണ്. ഞാൻ തന്നെ പുനരുത്ഥാനവും ജീവനും എന്ന് കർത്താവ് അവകാശപ്പെട്ടതാണ്. കർത്താവിന് തന്റെ ജീവനെ കൊടുപ്പാനും തിരികെ പ്രാപിപ്പാനും അവകാശമുണ്ട്. ദൈവപുത്രനായ യേശുക്രിസ്തു വന്നത് ആദാമ്യ പാപത്തിൽ മരിച്ചവർക്ക് ജീവനേയല്ല നിത്യജീവനും സമൃദ്ധിയായ ജിവനും നൽകാനാണ്.

രണ്ടാമത്തെ ഉറപ്പ്, കെടുന്ന ബീജത്താലല്ല. കെടാത്തതിനാൽ ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താലാണ് നാം വീണ്ടും ജനിച്ചിരിക്കുന്നത്. ദൈവവചനത്തിന്റെ സ്വാധീനത എത്ര മഹത്താണ്. ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയതും ജീവനും ചൈതന്യവുമുള്ളതാണ്. പ്രാണനേയും ആത്മാവിനേയും സന്ധിമജ്ജകളെയും (ശരീരത്തെ) തുളച്ചു ചെല്ലുന്നതാണ് ((1 പത്രൊസ് 1:23; എബ്രാ. 4:12).

**പുനരുത്ഥാന ശരീരത്തിന്റെ പ്രത്യേകത**

മനുഷ്യന്റെ മർത്യമായ ശരീരം (മരിക്കുന്ന ശരീരം) അമർത്യതയെ പ്രാപിക്കുന്നതാണ്. മരണത്തിന് പുനരുത്ഥാനം ചെയ്ത ശരീരത്തിന്മേൽ



www.bahrainbrethren.com

# സഭയാം ദൈവാലയത്തിലെ നടപ്പ് വ്യവസ്ഥപ്രകാരമോ? (തുടർച്ച)

ജോർജ്ജ് സി. വർഗീസ്

**ഈ** നാളുകളിൽ "വേല" എന്നു തോന്നിപ്പിക്കുന്ന ഒട്ടനവധി പ്രവർത്തനങ്ങൾ, പ്രഭാഷണ പരമ്പരകൾ, റാലികൾ, പദയാത്രകൾ എന്നിത്യാദികൾ ഇടതടവില്ലാതെ സംഘടിപ്പിക്കുകയും നടത്തുകയും ചെയ്യുന്നുണ്ടായിരിക്കാം. എന്നാൽ ഒട്ടു മുക്കാലും ദൈവഹിതപ്രകാരമുള്ള ശുശ്രൂഷ ആകണമെന്നില്ല. ഇമ്മാതിരി സേവനങ്ങളിലും പ്രവർത്തനങ്ങളിലും ഉണ്ടെന്നു തോന്നുന്ന പ്രവർത്തന വീര്യവും ഫലപ്രാപ്തിയും പ്രവർത്തകരുടെ ഇച്ഛാശക്തിയുടെ അളവിനൊത്തവണ്ണമായിരിക്കും. നമ്മുടെ കർത്താവിന്റെ തിരുഹിതത്തിന് നമ്മെത്തന്നെ നിരുപാധികം സമ്പൂർണ്ണമായി സമർപ്പിച്ചു ചെയ്യുന്നതത്രേ യഥാർത്ഥമായ ക്രിസ്തീയ സേവനം. ക്രിസ്തുവിന്റെ യഥാർത്ഥ ദാസനായിരിക്കണമെങ്കിൽ ക്രിസ്തുവിനും അവന്റെ അവകാശങ്ങൾക്കും നമ്മുടെ ഹൃദയങ്ങളിൽ എക്കാലത്തും പ്രഥമസ്ഥാനം ഉണ്ടായിരുന്നേ കഴിയൂ. വിഭിന്ന സ്വഭാവമുള്ള 2 ലക്ഷ്യങ്ങളുടെ നിയന്ത്രണത്തിലായിരിപ്പാൻ ഒരേ സമയം നമുക്ക് കഴികയില്ല എന്ന് മനസ്സിലാക്കേണ്ടത് സുപ്രധാനമായ കാര്യമത്രേ. ഉദാഹരണമായി എന്റെ പണസമ്പാദന ലക്ഷ്യങ്ങളും ക്രിസ്തുവിന്റെ സുവിശേഷപരമായ താല്പര്യങ്ങളും എന്റെ ലക്ഷ്യങ്ങളാകുവാൻ കഴിയുന്നതല്ല. വ്യാപാരത്തിനുവേണ്ടി ഞാൻ ഒരു പട്ടണത്തിലേക്ക് പോകുന്നുവെങ്കിൽ ക്രിസ്തുവിന്റെ സുവിശേഷമല്ല മറിച്ച് വ്യാപാരമാണ് എന്റെ ലക്ഷ്യം എന്നുള്ളത് സ്പഷ്ടമാണ്. വ്യാപാരവും സുവിശേഷവേലയും ഒന്നിച്ചു നടത്തിക്കളയാം എന്ന് ഞാൻ പറഞ്ഞേക്കാം. എന്നാലും അപ്പോഴൊക്കെയും ഇവയിൽ ഏതെങ്കിലും ഒന്നു മാത്രമേ എന്റെ യഥാർത്ഥ ലക്ഷ്യമായിരിപ്പാൻ കഴിയുകയുള്ളൂ. ഒരു കർത്തൃദാസൻ അത്യന്തം അനുഗ്രഹമായും ഫലപ്രദമായും സുവിശേഷ വേല ചെയ്യുകയും അതോടൊപ്പം വ്യാപാരം നടത്തുകയും ചെയ്യരുത് എന്നല്ല, തീർച്ചയായും അവന് അപ്രകാരം ചെയ്യാവുന്നതാണ്. എന്നാൽ അപ്പോൾ വ്യാപാരമല്ല സുവിശേഷവേലയായിരിക്കും അവന്റെ ലക്ഷ്യം എന്നു തീർച്ച. പൗലൊസ് സുവിശേഷ വേല ചെയ്തു. കൂടാരപ്പണിയും ചെയ്തു. എന്നാൽ കൂടാരപ്പണിയല്ല, സുവിശേഷവേലയായി

---

അവകാശവും അധികാരവുമില്ല കാരണം മരണത്തിന്റെ അധികാരിയായ പിശാചിനെ ജയിച്ച കർത്താവിൽ വിശ്വസിക്കുന്നത് ഹേ! മരണമേ നിന്റെ വിഷമുള്ള് എവിടെ? ഹേ! പാതാളമേ നിന്റെ ജയം എവിടെ? മരണത്തിന്റെ വിഷമുള്ള് പാപമാണ്. പാപത്തിന്റെ ശക്തി ന്യായപ്രമാണവും. ഈ മരണമായത് അമർത്യതയേ ധരിക്കേണം. ദ്രവത്വമായത് അദ്രവത്വത്തെ പ്രാപിക്കണം. അപ്പോൾ മരണം നീങ്ങി ജയം വന്നിരിക്കുന്നു. പുനരുത്ഥാന സങ്കീർത്തനമായ 1 കോരി. 15-ാം അദ്ധ്യായം അവധാനപൂർവ്വം വായിച്ച് ധ്യാനിക്കുക.

ഒരുവൻ മരിക്കുന്ന ശരീരത്തിൽ നിന്നാണ് പുനരുത്ഥാനം ചെയ്യുന്നത്. നാം വിതയ്ക്കുന്ന വിത്ത് ചാകുന്നില്ല എങ്കിൽ ജീവിക്കുന്നില്ല. എന്നാൽ ചാകുന്ന ഓരോ വിത്തിൽ നിന്നും അനവധി മണികൾ ഉണ്ടാകുന്നു. ഈ പ്രകൃതിയുടെ വ്യവസ്ഥിതി നാം അംഗീകരിക്കുന്നതുപോലെ ദ്രവത്വമാർന്ന നമ്മുടെ ശരീരത്തിൽ നിന്നും വിണ്മയമായ ഒരു ശരീരം ദൈവം നൽകുന്നു. ഈ ശരീരത്തിന്റെ പ്രത്യേകത ഭൗതീകമായ യാതൊരു തടസ്സങ്ങൾക്കും ഇതിനെ നിരോധിക്കുവാൻ കഴിയില്ല. യഹൂദന്മാരെ ഭയന്ന ശിഷ്യന്മാർ കതകടച്ച് മാളികമുറിയിൽ ഇരിക്കുകയായിരുന്നു. അവരുടെ നടുവിൽ കതകു തുറക്കാതെ യേശുക്രിസ്തു നിൽക്കുന്നു. വലിയ കല്ല് ഉരുട്ടി വെച്ച് റോമൻ ഗവൺമെന്റിന്റെ മുദ്രയും വെച്ച് ഉറപ്പിച്ച കല്ലറ തുറക്കാതെ പുനരുത്ഥാനം ചെയ്ത കർത്താവ് പുറത്തുപോയി. അതിനുശേഷമാണ് ശിഷ്യന്മാരെ ബോധ്യപ്പെടുത്തുവാൻ ദൂതന്മാർ കല്ലുമാറ്റി കല്ലറ വഴി ഒരുക്കിയത്.

പുനരുത്ഥാന ശരീരത്തിന് ദൂരമോ കാലമോ പരിധി കല്പിക്കുന്നില്ല. രക്തച്രക്രമണത്തോടുകൂടിയുള്ള ഒരു ശരീരമല്ല തേജസ്കരിക്കപ്പെട്ട ശരീരം. മാംസരക്തങ്ങൾ ദൈവരാജ്യത്തെ അവകാശമാക്കുകയില്ല എന്ന് കർത്താവു തന്നെ പറഞ്ഞിട്ടുണ്ട്. മാനുഷീക ശരീരത്തിൽ ജീവൻ നിലനിൽക്കുന്നത് രക്തത്തിലാണല്ലോ. എന്നാൽ വിണ്മയമായ ശരീരം ജീവനും ചൈതന്യവുമുള്ളതാണ്. ആഹാരം കഴിക്കേണ്ടതില്ല. എന്നാൽ കഴിക്കാൻ കഴിയുന്നതുമാണ്. ലൂക്കൊസ് 24:42,43. തൊട്ടു നോക്കുവാൻ കഴിയുന്ന ശരീരമാണന്ന് കർത്താവു തന്നെ പറഞ്ഞിട്ടുണ്ട്. കേവലം മായയായ ഒരു ശരീരമല്ല. ക്രിസ്തുവിന്റെ പുനരുത്ഥന ശരീരത്തെക്കുറിച്ച് തിരുവചനം വെളിപ്പെടുത്തിയിരിക്കുന്ന എല്ലാ ഗുണങ്ങളും അവനിൽ വിശ്വസിച്ച് വീണ്ടും ജനിക്കുകയും പുനരുത്ഥാനം ചെയ്യുകയും ചെയ്ത എല്ലാവരിലും 100ശതമാനവും ഉണ്ടായിരിക്കുന്നതാണ്. മർക്കൊസ് 16:9; മത്തായി 28:9-10; യോഹ. 20:27).

തന്നിൽ വിശ്വസിച്ച ദൈവമക്കൾക്കായി കർത്താവ് പിതാവിനോട് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നത് "പിതാവേ നീ എന്നെ അയച്ചിരിക്കുന്നു എന്ന് ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന് പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ. അന്നുണ്ടായിരുന്ന ശിഷ്യന്മാർക്കുവേണ്ടി മാത്രമായിരുന്നില്ല ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കുവേണ്ടിയും ഞാൻ അപേക്ഷിക്കുന്നു (യോഹ. 17:20-23). (തുടരും)



www.bahrainbrethren.com

രുന്നു അവന്റെ ലക്ഷ്യം. ചില ഒഴിവു ദിവസങ്ങളിൽ സഭയിലെ അംഗങ്ങൾ ചിലപ്പോൾ കുടുംബമായിപ്പോലും ടൂറിസ്റ്റുകേന്ദ്രങ്ങളിൽ ലഘുലേഖ വിതരണത്തിനും പ്രവർത്തനത്തിനുമായി പോകാറുണ്ട്. എന്നാൽ ലക്ഷ്യം കടൽത്തിര കാണുന്നതിനും വിനോദകാഴ്ചകൾ കാണുന്നതിലുമാണ്. എങ്കിൽ ആ സുവിശേഷവേല ഒരു ആചാരമാണെന്നും അത് ഫലശൂന്യമാണെന്നും തെളിയുവാൻ താമസമുണ്ടാകയില്ല. എന്റെ അത്യാഗ്രഹത്തെ ശുദ്ധീകരിക്കുവാൻ സുവിശേഷത്തെ മറയാക്കി ഉപയോഗിക്കാതിരിപ്പാൻ ഞാൻ ശ്രദ്ധാലുവാകേണ്ടതുണ്ട്. അതിനുള്ള സാദ്ധ്യത വലുതാണ് താനും. “ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവുമുള്ളത്. അത് ആരാഞ്ഞറിയുന്നവൻ ആർ? യഹോവയായ ഞാൻ ഹൃദയത്തെ ശോധന ചെയ്ത് അന്തരംഗങ്ങളെ പരീക്ഷിച്ചും ഓരോരുത്തന് അവന്റെ നടപ്പിനും പ്രവൃത്തിയുടെ ഫലത്തിനും തക്കവണ്ണം കൊടുക്കുന്നു. (യിര. 17:9-10).

പ്രിയ ദൈവജനമേ, ഏതു ലോകത്തിൽ നിന്നും നമ്മുടെ യജമാനനും ഗുരുവുമായവൻ ഇന്ന് ബഹിഷ്കൃതനായിരിക്കുന്നുവോ അതേ ലോകത്തിൽ ഊരും പേരും ഓഹരിയും കീർത്തിയുമൊക്കെ ആർജ്ജിക്കുവാൻ നാം ബന്ധപ്പെടുകയെന്നോ? ഒരു കാലിത്തൊഴുത്തും ശാപത്തിന്റെ കുരിശും കടംവാങ്ങിയ കല്ലറയുമല്ലാതെ മറ്റൊന്നും നമ്മുടെ യജമാനന് കിട്ടാതിരുന്ന ഈ ലോകത്തിൽ സമ്പത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടി നാം വാഞ്ഛിക്കയും യത്നിക്കുകയും ചെയ്കയെന്നോ? അതിനായി നമ്മുടെ മനസ്സ് അസ്വസ്ഥമാകയെന്നോ? നമ്മുടെ ഹൃദയങ്ങൾക്കും ജീവിതങ്ങൾക്കും തീർത്തും അന്യമായിരിക്കട്ടെ അമ്മാതിരി അഭിലാഷങ്ങളും ചിന്തകൾ പോലും. ജഡപ്രകാരമുള്ള എന്റെ യജമാനനെ ഞാൻ സ്നേഹിക്കുന്നെങ്കിൽ അവന്റെ ഡ്രൈവറായിരുന്നാലും ചെരിപ്പ് തുടയ്ക്കുന്നവനായിരുന്നാലും രണ്ടും എനിക്കൊരുപോലെയായിരിക്കും. എന്നാൽ എന്റെ യജമാനനെക്കാൾ എന്നെത്തന്നെയാണ് ഞാൻ കൂടുതൽ സ്നേഹിക്കുന്നതെങ്കിൽ അവന്റെ ചെരിപ്പ് തുടയ്ക്കുന്ന പണിയെക്കാൾ ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നത് അവന്റെ ഡ്രൈവറായിരിക്കാനായിരിക്കും. ഇതേപ്രകാരം തന്നെയായിരിക്കും സ്വർഗ്ഗീയ യജമാനനെ സേവിക്കുന്ന വിഷയത്തിലും. നമ്മുടെ പ്രായോഗിക സഭാജീവിത മണ്ഡലങ്ങളിൽ നമ്മുടെ മനോഭാവം എങ്ങനെ? കേവലം നിസ്സാരമെന്നോ അപ്രധാനമെന്നോ ചിന്തിക്കുന്ന ചില ചെറിയ സേവന മണ്ഡലങ്ങളിൽ നമ്മുടെ മനോഭാവം എന്താണ്? നമ്മുടെ കൺവൻഷനുകളിൽ ധാരാളമായി വചനഘോഷണം നടത്തുന്ന പ്രമുഖനായ ഒരു ഡോക്ടറിൽ നിന്നും ഞാൻ മനസ്സിലാക്കിയത്, തന്റെ തിരക്കേറിയ ആശുപത്രി ജോലിക്കിടയിലും ആത്മീയ ശുശ്രൂഷകളുടെ മദ്ധ്യത്തിലും താൻ സ്ഥലത്തുള്ളപ്പോൾ സഭാഹാൾ തുറക്കുന്നതും അടിച്ചുവാരുന്നതും താനും കുടുംബാംഗങ്ങളും കൂടി ചേർന്നാണ്. എത്ര അനുഗ്രഹീതമായ മാതൃക! മാനുഷിക ദൃഷ്ടികൾക്ക് ആ വേല അനാകർഷമെന്നോ, പരുപരുത്തതെന്നോ ഹീനമെന്നോ നിസ്സാരമെന്നോ തോന്നിയാൽ നമുക്കെന്തുള്ളൂ? തന്റെ വേലയ്ക്ക് തന്നെ വിളിച്ചാക്കിയത് നമ്മുടെ കർത്താവാണെന്നും തന്റെ വേലയാണ് നാം ചെയ്യുന്നതെന്നും ആയിരം പതിനായിരങ്ങളിൽ ഉത്തമനും സർവ്വാംഗസുന്ദരനുമായവന്റെ ആളത്വത്തിനോടും അവന്റെ മഹത്വത്തിനോടും

ആ വേലയ്ക്ക് നേരിട്ടുള്ള ബന്ധമാണ് ഉള്ളതെന്നും ഉള്ള തിരിച്ചറിവ് നമുക്ക് സംതൃപ്തി നൽകുന്നതല്ലയോ? എന്റെ കർത്താവിനെയാണ് ഞാൻ വാസ്തവമായി സ്നേഹിക്കുന്നതെങ്കിൽ അവനെപ്പറ്റിയുള്ള ചിന്തയാണ് എന്റെ ഹൃദയത്തിൽ നിറഞ്ഞു നിൽക്കുന്നതെങ്കിൽ അവനു വേണ്ടി പടുകൂറ്റൻ സൗധങ്ങൾ നിർമ്മിക്കുന്നതും വെറും കൂടാരങ്ങൾ അടിക്കുന്നതും രണ്ടും എനിക്കൊരുപോലെയായിരിക്കും. ദാസനും ആരാധകനും ഒത്തിണങ്ങിച്ചേർന്നവനായിരിക്കണം ഒരു ദൈവപൈതൽ.

ക്രിസ്തീയ വിശ്വാസികൾ എന്ന നമ്മുടെ സമുന്നത പദവിയിൽ നമ്മുടെ ആത്മീകായോധനത്തിലും വേലയിലും ആരാധനയിലുമെല്ലാം കർത്താവുമായിട്ടുള്ള ഉറ്റ ബന്ധത്തിൽ നമുക്ക് കഴിയാം. അത്യന്തം അമൂല്യമായ അനുഗ്രഹീതാവസ്ഥയല്ലേയിത്? “നമ്മുടെ ഉറവുകൾ ഒക്കെ അവനിലത്രേ” (സങ്കീ. 87:7). ആജീവനാന്തം നമ്മെ സംബന്ധിക്കുന്ന സകലത്തിനും തീർത്തും മതിയായവനാണ് ദൈവം എന്ന് നമുക്ക് ലോകത്തിന് തെളിയിച്ചു കൊടുക്കാം. അതായിരിക്കട്ടെ നമ്മുടെ ശ്രേഷ്ഠ ലക്ഷ്യം.


**106-ാമത് ജനറൽ കൺവൻഷൻ കുമ്പനാട്**

തീയതി : 28-12-2008 ഞായർ മുതൽ 4-1-2009 ഞായർ വരെ.

സ്ഥലം : നോയൽ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിനു സമീപം

പ്രസംഗകർ : എം.എം. സഖറിയ, ഡോ. ഒ.എം. സാമുവേൽ, വർഗീസ് കെ. കുര്യൻ, ചാണ്ടപ്പിള്ള ഫിലിപ്പ്, ജോസ് മാത്യു, സണ്ണി തോമസ്, വി.പി. പൗലോസ്.

പ്രാർത്ഥിക്കുക, സംബന്ധിക്കുക, അനുഗ്രഹം പ്രാപിക്കുക. എന്ന് കൺവീനർ.





www.bahrainbrethren.com

# ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം

സാം പീറ്റർ, കോഴിക്കോട്

ഭൂമിയെ നാസ്തിത്വത്തിന്മേൽ തൂക്കിയ ദൈവം വെളിച്ചവും ഇരുളും തമ്മിൽ വേർതിരിച്ചു. ലോകജനത ആത്മീകമായി അന്ധതമസ്സിലാണ്. ദൈവവചനം ഇപ്രകാരം പറയുന്നു. "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു" (യോഹ. 8:12). ഈ ലോകത്തിന്റെ അധിപതിയായവൻ ജനകോടികളുടെ ഹൃദയങ്ങളെ കുരുടാക്കിയിരിക്കുകയാണ്.

നീതിമാനും പരിശുദ്ധനുമായ ദൈവത്തോടടുക്കാതവണ്ണം പാപം മനുഷ്യനെ ദൈവത്തിൽ നിന്ന കറ്റി. ഏകന്റെ ഭാഗദേയം മനുഷ്യവർഗ്ഗത്തിനു മുഴുവൻ ബാധകമായി. "അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു" (റോമർ 5:12). പാപത്തിന്റെ വിത്ത് പാകിയത് പിശാചാണ്. മരണത്തിന് അധീനരായവരാണ് ഇരുട്ടിൽ നടക്കുന്നത്. ദൈവതേജസ്സ് നഷ്ടപ്പെടുത്തി അന്ധകാരത്തിൽ വസിക്കുന്ന മനുഷ്യരാശിയെ പ്രകാശിപ്പിക്കുവാൻ സത്യവെളിച്ചം ലോകത്തിലേയ്ക്ക് വന്നു. ലോകത്തെ പ്രകാശിപ്പിച്ച സത്യവെളിച്ചം മറ്റാരുമല്ല, നസറായനായ യേശുക്രിസ്തുവാണ്. യെശ 9:2 ൽ "ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു. അന്ധതമസ്സുള്ള ദേശത്തു പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു" നാമും ഇതുപോലെ അന്ധതമസ്സിലും ഇരുളിലും നടന്നവരായിരുന്നു. എന്നാൽ സത്യവെളിച്ചം നമ്മുടെ മേൽ പതിഞ്ഞപ്പോൾ ലോകത്തിന്റെ വെളിച്ചമായവനെ കണ്ടുമുട്ടുവാനിടയായിത്തീർന്നു. പൗലൊസ് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നത് "മുമ്പേ നിങ്ങൾ ഇരുളായിരുന്നു. എന്നാൽ ഇപ്പോൾ കർത്താവിൽ വെളിച്ചമാകുന്നു. അന്ധകാരത്തിൽ നിന്ന് അത്ഭുതപ്രകാശത്തിലേക്ക് കടന്നുവന്ന വെളിച്ചത്തിന്റെ മക്കളാണ് ഇന്ന് ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നുകൊണ്ട് പ്രകാശം പരത്തുന്നത്.

ഭൂലോകം മുഴുവൻ വെളിച്ചം പ്രകാശിക്കുന്നുണ്ടെങ്കിലും ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം കൂരിരുട്ട് നിറഞ്ഞ കാലഘട്ടത്തിലേക്കാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത്. കണ്ണുനീരിന്റെയും കഷ്ടതയുടെയും ദുഃഖത്തിന്റെയും പീഢനത്തിന്റെയും കൂരിരുൾ കടന്ന് സ്വർഗ്ഗീയ സീയോനിൽ ചെന്നെത്തുവാനായി നാം കാത്തിരിക്കുന്നു. സ്വർഗ്ഗീയ സീയോനിൽ നിന്ന് പ്രകാശത്തിന്റെ രശ്മികൾ വരുവാൻ ഇനി അധികം നാളുകൾ ഇല്ല. ഭക്തനായ ചെറിയാൻ സാർ മനോഹരമായ ഗാനം രചിച്ചിട്ടുണ്ട്.

"ശാപം മരണവും ദുഃഖവും വിലാപവുമില്ലിനി
ക്രിസ്തേശുവോടുകൂടെ രാജാക്കളായ്
വാഴും നാമെന്നുമെന്നും
കാണും മുഖാമുഖം നാമിനി പ്രാണേശനേശുവിനെ
കണ്ണീരെല്ലാമന്നൻപെഴുമേശുവിൽ
കൈകൾ തുടച്ചീടുമേ"

അതേ, ഈ ലോകത്ത് ദൈവം നമ്മെ ആക്കിയിരിക്കുന്നത് പ്രത്യാശയില്ലാത്തവരും ദൈവമില്ലാത്തവരുമായ ജനകോടികളുടെ ഇടയിൽ സത്യവെളിച്ചം പ്രകാശിപ്പിക്കുന്നതിനുവേണ്ടിയാണ്. നമ്മുടെ സ്വർഗ്ഗീയ മണവാളന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇരുട്ടിന്റേതായ പ്രവൃത്തികൾ വിട്ടുകളഞ്ഞ് കൂടുതൽ വീറോടെ പടക്കളത്തിൽ പൊരുതുവാൻ വേണ്ട കൃപ നൽകുന്നതിനുവേണ്ടി നമുക്ക് അപേക്ഷിക്കാം. ദാവീദിന്റെ വേരും വംശവുമായ ഉദയനക്ഷത്രം ഇതാ വേഗം വാരാനായിട്ടിരിക്കുകയാണ്.

പ്രിയ സഹോദരിമാരേ, കണ്ണുനീരിന്റെയും കഷ്ടതയുടെയും ദുഃഖത്തിന്റെയും രോധനത്തിന്റെയും പീഢനത്തിന്റെയും സമയങ്ങൾ കഴിയാറായി. ഉദയനക്ഷത്രമാകുന്ന യേശുനാഥന്റെ പ്രത്യക്ഷതയാകുന്ന പ്രകാശം പൊട്ടിവിടരാനായി പോകുന്നു. ആ വരവിന്റെ പ്രത്യാശയെ പുതുക്കിക്കൊണ്ട് കർത്താവിന്റെ വരവിനായി ഒരുങ്ങുവാൻ സഹോദരിമാരായ എല്ലാ അനുവാചകരേയും ദൈവം സഹായിക്കട്ടെ.

---

**പ്രത്യേക കിഴിവിൽ 3 ആത്മീക ഗ്രന്ഥങ്ങൾ**

രചന : പി.ജെ. ആന്റണി, കോഴിക്കോട്

**1. ക്രിസ്തുവിന്റെ 7 മരണമൊഴികൾ** – ക്രിസ്തുവിനെ ക്രൂശിക്കുന്നതിന് മുമ്പ് ക്രിസ്തു എങ്ങനെ ക്രൂശീകരണത്തിനായി സ്വയം ഒരുങ്ങി. ശിഷ്യന്മാരെ എങ്ങനെ ഒരുക്കി. ഗത്ശമന മുതൽ കുരിശിൽ തറച്ചതുവരെ എന്തെല്ലാം സംഭവിച്ചു. എന്നീ കാര്യങ്ങൾ അറിവാൻ ഈ ആത്മീക ഗ്രന്ഥം വായിക്കുക. പേജ് 80. വില Rs.25/-

**2. യേശു ചെയ്ത അത്ഭുതങ്ങൾ** – യേശു മനുഷ്യരൂപം ധരിച്ച് അവതരിച്ച ദൈവം ആണെന്നതിന്റെ പ്രധാന തെളിവ് യേശു ചെയ്ത അത്ഭുതങ്ങളാണ്. ഈ ഗ്രന്ഥത്തിന്റെ വായന നിങ്ങൾക്ക് പുത്തൻ അറിവുകളും ഉൾക്കാഴ്ചയും ലഭിക്കുവാൻ സഹായിക്കും. പേജ് 160. വില Rs.50/-

**3. ശാമുവെൽ ഹെബ്ബിക്കിന്റെ ജീവചരിത്രം** – മലബാറിൽ ഒരു സുവിശേഷ വിഹിത സഭകളും ഇല്ലാതിരുന്ന 1834 ൽ മലബാർ എന്ന കപ്പലിൽ കോഴിക്കോട്ട് വന്നിറങ്ങി. 1854 ൽ മദ്രാസിൽ നിന്ന് സൂയസ് എന്ന കപ്പലിൽ തിരിച്ചുപോയ ശമുവേൽ ഹെബ്ബിക്ക് എന്ന ജർമ്മൻ മിഷണറിയുടെ 24 വർഷത്തെ സുവിശേഷപ്രവർത്തനങ്ങളും സാമൂഹ്യപരിഷ്കരണ ശ്രമങ്ങളും വിവരിക്കുന്ന ചെറു ജീവചരിത്ര സംഗ്രഹം. പേജ് 64. വില Rs.25/-

പി.ജെ. ആന്റണി രചിച്ച ഹാ. മനോഹരം യാഹെ നിന്റെ ആലയം.... എന്ന ഗാനം അടക്കം 102 ആത്മീക ഗാനങ്ങൾ അടങ്ങിയ പാട്ടുപുസ്തകം. മുകളിൽ പറഞ്ഞ 3 ഗ്രന്ഥങ്ങൾ ആദ്യം വാങ്ങുന്ന 100 പേർക്ക് സൗജന്യം. 3 പുസ്തകവും വാങ്ങുന്നവർക്ക് Rs. 75/- ന് ലഭിക്കും. ബന്ധപ്പെടുക! ഫോൺ: 0495 2767233., 9947306292.



www.bahrainbrethren.com

# മുടന്തൻ സൗഖ്യമാകുന്നു.

**(അപ്പൊ പ്രവൃ 3:1-10 ആസ്പദമാക്കി ഒരു പഠനം)**

**കെ.വി. ജോൺ, പത്തനാപുരം**

**3:1** അപ്പൊസ്തലന്മാരായ പത്രൊസും യോഹന്നാനും ഒരു ദിവസം സായാഹ്നത്തിൽ (ഉച്ചകഴിഞ്ഞ് 3 മണിക്ക്) ദൈവാലയത്തിലേക്ക് പോയി. 'പത്രൊസും യോഹന്നാനും' ഇവർ ഗാഢസ്നേഹിതന്മാരും ബിസിനസ്സിൽ പങ്കാളികളുമായിരുന്നു (ലൂക്കൊ 5:10; യോഹ 20:3,4). ഇവരെയാണ് 'അന്ത്യ അത്താഴം' ഒരുക്കുവാൻ കർത്താവ് അയച്ചത് (ലൂക്കൊ.22:8). അപ്പൊ. പ്രവൃ. 4:13 ലും 8:14 ലും ഇവരെ വീണ്ടും കാണാം. ഈ 2 സംഭവങ്ങളിലും യോഹന്നാൻ വ്യക്തിഗതമായി ഒന്നും പ്രവർത്തിച്ചതായി കാണുന്നില്ല.

ദൈവാലയത്തിൽ രാവിലെയും വൈകിട്ടും നിരന്തരഭോജനയാഗം അർപ്പിക്കണമായിരുന്നു (പുറ 29:38; ലേവ്യ. 6:19,20). ഈ യാഗത്തോടു ചേർന്ന് പ്രാർത്ഥനയും നടക്കുമായിരുന്നു. ഈ സന്ധ്യായാഗം ഉച്ചകഴിഞ്ഞ് 3 മണിക്കായിരുന്നുവെന്ന് ജൊസീഫസ് രേഖപ്പെടുത്തുന്നു.

'ഒമ്പതാംമണി നേരത്ത്' ഈ സമയം പുതിയ നിയമത്തിൽ പലയിടത്തും പരാമൃഷ്ടമായിരുന്നതു കാണാം.
1. മുന്തിരിത്തോട്ടത്തിൽ താമസിച്ചു വന്ന വേലക്കാരിൽ ചിലർ എത്തിയ സമയം (മത്താ. 20:5).
2. കുരിശിന്മേൽ യേശുകർത്താവ് നിലവിളിച്ച സമയം (മത്താ. 27:45,46). 3. ദൈവാലയാങ്കണത്തിൽ മുടന്തൻ സൗഖ്യമായ സമയം (ഇവിടെ).
4. കൊർന്നല്യോസ് സ്മരണാർഹമായ ദർശനം കണ്ട സമയം (പ്രവൃ. 10:3).

**3:2.** ആ ദൈവാലയ ഗേറ്റിന്റെ പേര് 'സുന്ദര കവാടം' (Beautiful Gate) എന്നായിരുന്നു. ഈ വാതിലിന്റെ സ്ഥാനത്തെക്കുറിച്ച് പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ജാതികളുടെ പ്രാകാരത്തിൽ നിന്നു കിഴക്കോട്ടുള്ള ശൂശൻ ഗോപുരമോ, സ്ത്രീകളുടെ പ്രാകാരത്തിൽ നിന്നുള്ള നിക്കാനോർ ഗേറ്റ് എന്ന വാതിലോ ആയിരിക്കാം (I.H.Marshall, M.A., B.D., Ph.D; Acts of the Apostles; P.37) പകിട്ടേറിയ കൊരിന്ത്യൻ വെള്ളോടുകൊണ്ട് നിർമ്മിച്ചതായിരുന്നതിനാൽ ഇത് സുന്ദരമായിരുന്നുവെന്ന് ഏർഡ്മാൻ അഭിപ്രായപ്പെടുന്നു. (C.R. Erdman, The Acts, An Exposition, P.42)

ദൈവാലയത്തിൽ പ്രവേശിക്കാൻ വരുന്നവരോടു ഭിക്ഷ യാചിക്കാൻ ദിനംതോറും ഒരു മുടന്തനെ അവിടെ എത്തിച്ചുകൊണ്ടിരുന്നു. ആ വാതിൽ സുന്ദരമായിരുന്നെങ്കിലും ആ മുടന്തന് യാതൊരു പ്രയോജനവും ഉണ്ടായില്ല. അവൻ ജന്മനാ മുടന്തനായിരുന്നുവെന്നത് ആ അത്ഭുതത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു.

**3:3-6** ഈ മുടന്തൻ ഈ അപ്പൊസ്തലന്മാരോടും ഭിക്ഷ ചോദിക്കയും പ്രതീക്ഷയോടെ അവരെ നോക്കുകയും ചെയ്തു. അവർ എന്തെങ്കിലും അവനു നൽകുമോ? 'വെള്ളിയും പൊന്നും ഞങ്ങൾക്കില്ല' എന്ന വാക്കുകൾ ഭിക്ഷുവിനെ നിരാശനാക്കിയെങ്കിലും പണത്തേക്കാൾ വലുതായ ഒരു ദാനം അവനു ലഭിച്ചു. യേശുക്രിസ്തുവിന്റെ നാമത്തിൽ അതായത്, യേശുക്രിസ്തുവിന്റെ അധികാരത്തിൽ, എഴുന്നേറ്റു നടക്കുക എന്ന് പത്രൊസ് കല്പിച്ചു. ഒ.നോ. പ്രവൃ. 9:40; 10:26; 12:7 'വല്ലതും കിട്ടുമെന്ന പ്രതീക്ഷയോടെ. ഈ ആശയം ഈ പുസ്തകത്തിൽ 3 പ്രാവശ്യം കാണാം.
1. ആ ഭിക്ഷു സഹായം ലഭിക്കുമെന്ന് പ്രതീക്ഷിച്ചു (3:5). 2. കൊർന്നല്യോസ് സുവിശേഷം കേൾക്കാനായി പ്രതീക്ഷയോടെ ഇരുന്നു (10:24). 3. കപ്പൽ യാത്രക്കാർ ഒന്നും ഭക്ഷിക്കാതെ ആകാംക്ഷാഭരിതരായി പ്രഭാതത്തിനായി കാത്തിരുന്നു (27:33).

'നടക്കുക' എന്നു പറഞ്ഞു. ചെറുതെങ്കിലും അധികാരത്തിന്റെ വാക്ക്. അത് ആർജ്ജവത്തിൽ ഉത്കൃഷ്ടം' എവിടെ രാജാവിന്റെ വചനമുണ്ടോ അവിടെ ശക്തിയുണ്ട്. (സഭാ 8:4 ഇംഗ്ലീഷ് നോക്കുക; സങ്കീ. 33:9).

അപ്പൊസ്തല പ്രവൃത്തികളിൽ അവന്റെ നാമത്തിന്റെ ശക്തി.
1. രക്ഷ പ്രവൃ. 2:21 (2) ശക്തി പ്രവൃ.3:6, 3. പൂർണ്ണ ആരോഗ്യം പ്രവൃ.3:16, 4. രക്ഷാമാർഗ്ഗം പ്രവൃ.4:12. 5. പൂർണ്ണ സൗഖ്യം പ്രവൃ.4:30, 6. പാപ മോചനം പ്രവൃ.10:43,

**3:7** 'നടക്കുക' എന്നു പറഞ്ഞു. നടക്കുകയെന്നോ? അവൻ ഇതുവരെ നടന്നിട്ടില്ല. പത്രൊസ് അവനെ പരിഹസിക്കുകയായിരുന്നുവോ? ഒരിക്കലുമില്ല. അവൻ എഴുന്നേല്ക്കുന്നതിനു പത്രൊസ് അവനെ സഹായിച്ചു. കർത്താവ് പത്രൊസിന്റെ അമ്മാവിയമ്മയെ കൈകൊടുത്ത് എഴുന്നേല്പിച്ചതുപോലെ (മർക്കൊ. 1:31). അപ്പോൾ അവന്റെ പാദങ്ങളും കണങ്കാലും ഉറപ്പുള്ളതായിത്തീർന്നു.

'ക്ഷണത്തിൽ' പെട്ടെന്ന്. അതിന്റെ ഫലം പെട്ടെന്നായിരുന്നു എന്നു കാണിക്കുന്ന ഒരു മെഡിക്കൽ പദം എഴുത്തുകാരനായ ലൂക്കൊസിന് പ്രിയങ്കരമായ ഒരുപദം (3:7; 5:10; 9:18; 12:23; 13:11; 16:26,33).

'എഴുന്നേറ്റു' ലൂക്കൊസിനു പ്രിയങ്കരമായ മറ്റൊരു പദം. ഈ പദം പ്രവൃത്തികളുടെ പുസ്തകത്തിൽ 33 പ്രാവശ്യം കാണാം. ഉദാ. 5:6; 6:9; 8:26; 10:15; 26:30.

**3:8** ഒരിക്കലും നടന്നിട്ടില്ലാത്ത ഈ മനുഷ്യന് എഴുന്നേല്ക്കുവാനും നടക്കുവാനും കഴിഞ്ഞു. അവൻ സന്തോഷത്താൽ തുള്ളിച്ചാടി. പത്രൊസിനോടും യോഹന്നാനോടും കൂടെ ദൈവാലയ പ്രാകാരത്തിൽ പ്രവേശിച്ചു. സൗഖ്യമായ കാൽ ദൈവാലയത്തിൽ പോകുന്നതിന് ഉപയോഗിച്ചു. 'അവന്റെ നാമം നിമിത്തം നീതിപാതകളിൽ നടക്കുവാൻ' അവൻ ശ്രദ്ധിച്ചു.

'മുടന്തൻ മാനിനെപ്പോലെ ചാടും' എന്ന പ്രവചനം (യെശ. 35:6) ഇവിടെ നിറവേറുന്നു. അവരുടെ കർത്താവ് അവരുടെ ഇടയിൽ നിന്ന് മാറ്റപ്പെട്ടശേഷം ശിഷ്യന്മാരാൽ നടന്ന പ്രഥമ അത്ഭുതമാണിത്. സകല അധികാരവും പ്രാപിച്ച ദൈവപുത്രന്റെ നാമത്തിലുള്ള അത്ഭുതം.

പീയൂസ് മൂന്നാമൻ പാപ്പാ ഒരിക്കൽ പറഞ്ഞു 'വെള്ളിയും പൊന്നുമില്ല എന്നു പറയേണ്ട ആവ

**(ശേഷം 21 -ാം പേജിൽ)**



www.bahrainbrethren.com

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.101-ഉത്തരം

**വിഷയം : ദൈവമക്കൾക്കുള്ള പ്രതിഫലം**

**വായനഭാഗം :** സങ്കീ. 19; സദൃ. 22,23,25; മത്താ.5; ലൂ. 6; വെളി. 22

**ചോദ്യം** I വളരെ പ്രതിഫലമുള്ളത് എന്തു പ്രമാണിക്കുന്നതിനാലാണ്?

**ഉത്തരം :** സങ്കീ. 19:11. യഹോവയുടെ വിധികൾ പ്രമാണിക്കുന്നതിനാൽ വളരെ പ്രതിഫലം ഉണ്ട്.
ഒ.വാ. (1) ഉല്പ. 15:1, യഹോവ അബ്രഹാമിനോട് : ഞാൻ നിന്റെ പരിചയവും അതിമഹത്തായ പ്രതിഫലവുമാകുന്നു. (2) പുറ. 20:6 എന്നെ സ്നേഹിച്ച് എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്ക് ആയിരം തലമുറ വരെ ദയ കാണിക്കും. 3) സങ്കീ. 62:12 കർത്താവ് ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം നൽകുന്നു. 4) സങ്കീ.24:4 വെടിപ്പുള്ള കയ്യും നിർമ്മല ഹൃദയവും ഉള്ളവൻ, വ്യാജത്തിനു മനസ്സു വയ്ക്കാതെയും കള്ളസത്യം ചെയ്യാതെയുമിരിക്കുന്നവൻ യഹോവയോട് അനുഗ്രഹവും....... പ്രാപിക്കും. 5) സദൃ. 31:30 യഹോവാഭക്തിയുള്ള സ്ത്രീയോ പ്രശംസിക്കപ്പെടും. 6) വെളി. 2:2628 ഞാൻ കല്പിച്ചത് അവസാനത്തോളം ചെയ്യുന്നവന് എന്റെ പിതാവ് എനിക്കു തന്നതുപോലെ ഞാൻ ജാതികളുടെ മേൽ അധികാരം കൊടുക്കും. 7) 1 തിമൊ. 4:8 യഹോവാഭക്തി വരുവാനുള്ളതിനും കൂടെ പ്രയോജനമുള്ളതാകുന്നു.

II താഴ്മയ്ക്കും യഹോവാഭക്തിക്കും ഉള്ള പ്രതിഫലം എന്ത്?

**ഉത്തരം.** സദൃ. 22:4. താഴ്മയ്ക്കും യഹോവാഭക്തിക്കും ഉള്ള പ്രതിഫലം ധനവും മാനവും ജീവനുമാകുന്നു.
ഒ.വാ. (1) സദൃ. 15:33 വിനയം മാനത്തിനു മുന്നോടിയാകുന്നു. 2) സങ്കീ. 138:6 യഹോവ ഉന്നതനെങ്കിലും താഴ്മയുള്ളവനെ കടാക്ഷിക്കുന്നു. 3) സങ്കീ. 147:6 യഹോവ താഴ്മയുള്ളവനെ ഉയർത്തുന്നു. ഫിലി 2:8,9 തന്നെത്താൻ താഴ്ത്തിയ ക്രിസ്തുവിനെ ദൈവം ഏറ്റവും ഉയർത്തി. സകല നാമത്തിനും മേലായ നാമം നൽകി. 4) യാക്കോ. 4:6; 1 പത്രൊ. 5:5 ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു; താഴ്ചയുള്ളവർക്ക് കൃപ നൽകുന്നു. 5) മലാ. 3:16,17 യഹോവ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ (നിത്യതയിൽ) യഹോവാഭക്തന്മാർ അവന് ഒരു നിക്ഷേപമായിരിക്കും. 6) ഉല്പ. 15:1 യഹോവ നിന്റെ (അബ്രഹാമിന്റെ - യഹോവാ ഭക്തന്റെ) അതിമഹത്തായ പ്രതിഫലമായിരിക്കും! 7) ഫിലി. 4:4 നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ.

III ശത്രുവിന് വിശപ്പിന് ആഹാരവും ദാഹത്തിനു കുടിപ്പാനും കൊടുത്താൽ നിനക്ക് പ്രതിഫലം തരുന്നത് ആര്?

**ഉത്തരം.** സദൃ. 25:21,22 ശത്രുവിന് വിശപ്പിന് ആഹാരവും ദാഹത്തിനു കുടിപ്പാനും കൊടുക്കുക. യഹോവ നിനക്ക് പ്രതിഫലം തരും.

ഒ.വാ. (1) മത്താ. 5:44,45 ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ (മത്താ. 5:39-42). 2) ലൂ. 6:35 നിങ്ങളോ ശത്രുക്കളെ സ്നേഹിപ്പിൻ; അവർക്ക് നന്മ ചെയ്വിൻ. എന്നാൽ നിങ്ങളുടെ പ്രതിഫലം വളരെയാകും. 3) 1 പത്രൊ. 3:9 ദോഷത്തിനു ദോഷവും ശകാരത്തിനു ശകാരവും പകരം ചെയ്യരുത്. പ്രവൃ. 7:60 തന്നെ കല്ലെറിഞ്ഞവരോട് ക്ഷമിക്കണമേ എന്നു പ്രാർത്ഥിച്ച് സ്തേഫാനോസ് പ്രാണനെ വിട്ടു.

IV എല്ലായ്പ്പോഴും ദൈവഭക്തിയോടെ ഇരുന്നാലുള്ള ഫലം എന്ത്?

**ഉത്തരം.** സദൃ. 23:17, 18 എല്ലായ്പ്പോഴും യഹോവാഭക്തിയോടെ ഇരുന്നാൽ ഒരു പ്രതിഫലം ഉണ്ടാകും. നിശ്ചയം; നിന്റെ പ്രത്യാശയ്ക്ക് ഭംഗം വരികയില്ല.

ഒ.വാ. (1) വെളി 2:10 മരണപര്യന്തം വിശ്വസ്തനായിരുന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും. (2) മത്താ. 19:29 കർത്താവിന്റെ നാമം നിമിത്തം വീടുകളെയോ സഹോദരന്മാരെയോ സഹോദരിമാരെയോ അപ്പനെയോ അമ്മയെയോ മക്കളെയോ നിലങ്ങളെയോ വിട്ടുകളഞ്ഞാൽ എല്ലാം നൂറു മടങ്ങു ലഭിക്കും. (3) ഇയ്യോ. 42:10 തന്നെ പരിഹസിച്ച സ്നേഹിതന്മാർക്കു വേണ്ടി പ്രാർത്ഥിച്ചപ്പോൾ യഹോവ ഇയ്യോബിന്റെ സ്ഥിതി മാറ്റി, മുമ്പേ ഉണ്ടായിരുന്നതൊക്കെയും **ഇരട്ടിയായി** കൊടുത്തു.

V കർത്താവിന്റെ നാമം നിമിത്തം നിങ്ങളെ പഴിക്കയും നിങ്ങളെക്കുറിച്ച് എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ സന്തോഷിച്ച് ഉല്ലസിപ്പിൻ എന്ന് കർത്താവ് പറഞ്ഞതിന്റ കാരണമെന്ത്?

**ഉത്തരം.** മത്താ. 5:11-12 അങ്ങനെ സംഭവിച്ചാൽ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാണ്. അതുകൊണ്ട് സന്തോഷിച്ച് ഉല്ലസിപ്പിൻ എന്ന് കർത്താവ് പറഞ്ഞു.

ഒ.വാ. (1) എബ്രാ. 10:34-35 സ്വർഗ്ഗത്തിൽ നിലനിൽക്കുന്ന ഉത്തമ സമ്പത്ത് അവർക്കുണ്ട് എന്നറിഞ്ഞ് സമ്പത്തുകളുടെ അപഹാരം എബ്രായർ സന്തോഷത്തോടെ സഹിച്ചു. 2) ലൂ. 6:22-23 മനുഷ്യപുത്രൻ നിമിത്തം മനുഷ്യർ നിങ്ങളെ ദ്വേഷിച്ച് ഭ്രഷ്ടരാക്കി നിന്ദിച്ച് നിങ്ങളുടെ പേര് വിടക്ക്



www.bahrainbrethren.com

എന്ന് തള്ളുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ; ആ നാളിൽ സന്തോഷിച്ച് കൊള്ളുവിൻ. നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വലിയത്. 3) 1 പത്രോ. 4:13 ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരായിരിക്കുന്തോറും സന്തോഷിച്ചു കൊൾവിൻ.... അങ്ങനെ നിങ്ങൾ അവന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ച് ആനന്ദിപ്പാൻ ഇടവരും.

VI നിങ്ങളുടെ പ്രതിഫലം വളരെ ആകുവാൻ ചെയ്യേണ്ടത് എന്തെല്ലാം?

**ഉത്തരം.** ലൂ. 6:35 നിങ്ങളോ ശത്രുക്കളെ സ്നേഹിപ്പിൻ; അവർക്ക് നന്മ ചെയ്വിൻ, ഒന്നും പകരം ഇച്ഛിക്കാതെ നന്മ ചെയ്വിൻ. എന്നാൽ നിങ്ങളുടെ പ്രതിഫലം വളരെയാകും.

VII കർത്താവ് പ്രതിഫലവുമായി വേഗം വരുന്നത് ആർക്ക്, എന്ത്, എന്തുമാത്രം കൊടുപ്പാനാണ്?

**ഉത്തരം.** വെളി 22:12 കർത്താവ് വേഗം വരുന്നു. ഓരോരുത്തന്ന് അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം അവന്റെ പക്കൽ ഉണ്ട് (യെശ. 40:10; 62:11).

ഒ.വാ. (1) മത്താ. 16:27 മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ വരും.... ഓരോരുത്തന്നും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കും. 2) യെശ. 61:7 ...ഇരട്ടിയായി പ്രതിഫലം കിട്ടും.... നിത്യാനന്ദം അവർക്ക് ഉണ്ടാകും. 3) എബ്രാ. 10:34,35 സ്വർഗ്ഗത്തിൽ നിലനിൽക്കുന്ന ഉത്തമ സമ്പത്ത് ഉണ്ട്. അതുകൊണ്ട് ഇവിടെ സമ്പത്തുകളുടെ അപഹാരം സന്തോഷത്തോടെ സഹിക്കാം. (എബ്രാ. 11:25,26). 4) വെളി. 2:7 ഏദനിൽ വിലക്കിയ ജീവവൃക്ഷത്തിന്റെ ഫലം (ഉല്പ. 3:23) നിത്യതയിൽ തിന്മാൻ കൊടുക്കും.

**പ്രതിഫലമായി ലഭിക്കുന്ന നിത്യകിരീടങ്ങൾ**

1. **വാടാത്ത കിരീടം. 1 കൊരി. 9:24-25**
2. **നീതിയുടെ കിരീടം 2 തിമൊ. 4:7-8**
3. **ജീവകിരീടം യാക്കോ. 1:12**
4. **പ്രശംസാ കിരീടം 1 തെസ്സ. 2:19**
5. **തേജസ്സിന്റെ കിരീടം 1 പത്രോ. 5:3-4**

**നിങ്ങൾക്കുള്ള ഓഹരി എന്ത്?**

2. കൊരി. 5:10 അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിപ്പാൻ നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു.

P.S. സ്ഥലപരിമിതിയാൽ വളരെയധികം ഒത്തു വാക്യങ്ങൾ അച്ചടിക്കാതെ വിട്ടിരിക്കുന്നു. അവയെല്ലാം ചേർത്ത് ഒരു പുസ്തകം പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞെങ്കിൽ! പ്രാർത്ഥിക്കാം.

**ബൈബിൾ പ്രശ്നാവലി നം. 101 - ജയിച്ചവരുടെ മാർക്കു വിവരം**

| | | |
|---|---|---|
| 1. | ജയിനമ്മ ശാമുവേൽ, പേരൂർക്കട | 167 |
| 2. | ഏലിയാമ്മ പൗലോസ്, തൃശ്ശൂർ | 165 |
| 3. | തങ്കമ്മ ഡാനിയേൽ, കിഴക്കുമ്പാട്ടുകര | 153 |
| 4. | അമ്മിണി തോമസ്, പുല്ലാട് | 151 |
| 5. | സിസ്സി ബിം, മീനങ്ങാടി | 140 |
| 6. | ചിന്നമ്മ ശാമുവേൽ, മുംബൈ | 134 |
| 7. | ആലീസ് സാം, സീബ് | 131 |
| 8. | രത്നാ ജേക്കബ്, പുതുപ്പള്ളി | 128 |
| 9. | ഏലിയാമ്മ കോശി, ബാംഗ്ളൂർ | 127 |
| 10. | ആലീസ് കോര, പുതുപ്പള്ളി | 127 |
| 11. | ഡയ്സമ്മ തങ്കച്ചൻ, രാജസ്ഥാൻ | 126 |
| 12. | ശോശാമ്മ വർഗീസ്, പാലാരിവട്ടം | 125 |
| 13. | ജയ്നമ്മ പൗലോസ്, പൂന | 124 |
| 14. | ജസി കെ. പോൾ, ഒറീസാ | 123 |
| 15. | അന്നമ്മ ചാക്കോ, മണ്ണാരത്തറ | 122 |
| 16. | ഒ.വി. ജോസഫ്, പുല്ലാട് | 121 |
| 17. | സാറാമ്മ തോമസ്, കോട്ടയം | 120 |
| 18. | സുനി ഷാജി, ഡാമൻ | 120 |
| 19. | അന്നമ്മ മാത്യു, ചെന്നൈ | 118 |
| 20. | വത്സമ്മ തോമസ്, ജാൻസി | 114 |
| 21. | ഏലിയാമ്മ തോമസ്, രാജകുമാരി | 114 |
| 22. | ബറ്റി വിനോദ്, വെള്ളൂർ | 112 |
| 23. | കുഞ്ഞമ്മ വർഗ്ഗീസ്, വള്ളങ്കുളം | 110 |
| 24. | ഷിൻസി നെൽസൺ, പള്ളുരുത്തി | 108 |
| 25. | പി.റ്റി. ഫിലിപ്പ്, ബാംഗ്ളൂർ | 107 |
| 26. | ജോളി തോമസ്, വയനാട് | 100 |
| 27. | ജസി സാം, റാന്നി | 100 |

**(19 -ാം പേജിൽ നിന്നും തുടർച്ച)**

ശ്യം ഇപ്പോൾ നമുക്കില്ല' ഇതു കേട്ടുനിന്ന തോമസ് അക്വിനാസ് എന്ന ഭക്തൻ പറഞ്ഞു, 'ഇനി മുടന്തനോട് എഴുന്നേറ്റു നടക്ക എന്നു പറയേണ്ട ആവശ്യവുമില്ല.'

**3:9,10.** സംഭവിച്ചതെല്ലാം ജനം കണ്ടു. ദൈവാലയ വാതിക്കൽ എന്നും കിടന്ന ഈ മുടന്തനെ എല്ലാവരും അറിയുമായിരുന്നു. അവന് നടക്കാൻ കഴിഞ്ഞിരുന്നില്ലയെന്നും എല്ലാവർക്കുമറിയാമായിരുന്നു. എന്നാൽ ഇപ്പോഴിതാ അവൻ നടക്കുന്നു, തുള്ളിച്ചാടുന്നു, ദൈവത്തെ പുകഴ്ത്തുന്നു. അവനു സൗഖ്യമായി എന്നതിന്റെ നിസ്തർക്കതെളിവുകളാണിവ. യേശുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെടുന്ന ഒരു പാപിയുടെ ജീവിതത്തിലുണ്ടാകുന്ന വലിയ മാറ്റത്തിന്റെ വ്യക്തമായ ചിത്രമാണ് ഈ മുടന്തൻ. ജനമൊക്കെയും ഇതു കണ്ടു, വിസ്മയവും പരിഭ്രമവും നിറഞ്ഞവരായിത്തീർന്നു. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി. പഴയത് എല്ലാം കഴിഞ്ഞു പോയി. കണ്ടാലും സകലതും പുതിയതായി' എന്ന വചനം ഇവിടെ സാർത്ഥകമായി. ●



www.bahrainbrethren.com

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**ന്യൂഡൽഹി :** 1994 ൽ എസ്.ജി. ഗിൽബർട്ടിന്റെ പ്രവർത്തനഫലമായി സഭ ആരംഭിച്ചു. ആരോഗ്യപരമായ കാരണങ്ങളാൽ 2004 ൽ സഹോദരനും കുടുംബവും തന്റെ സ്വദേശമായ തിരുവനന്തപുരത്തു താമസിച്ച് കർത്താവിന്റെ വേല ചെയ്തുവരുന്നു. 2008 സെപ്റ്റം. 12 – 14 വരെ ക്രമീകരിക്കപ്പെട്ട യോഗത്തിൽ സുവി. എസ്.ജി. ഗിൽബർട്ട് കടന്നുവന്നു ക്ലാസ്സുകൾ എടുത്തു. 3 പേർ സ്നാനപ്പെട്ടു. ഈ ചെറിയ അസംബ്ലിയുടെ പ്രവർത്തനങ്ങൾ തുടർന്നും അനുഗ്രഹകരമായി നടക്കാൻ ദൈവമക്കൾ പ്രാർത്ഥനയിൽ ഓർക്കുക. ഡൽഹിയിൽ അപ്പോളൊ, എസ്കോട്ട്, ഹോളിഫാമിലി തുടങ്ങിയ ഹോസ്പിറ്റലിലും സൗത്ത് ഡൽഹിയിലും ജോലിക്കായി വരുന്ന ഏവർക്കും കടന്നുവരാൻ സൗകര്യപ്രദമായ സ്ഥലത്താണ് സഭാഹാൾ സ്ഥിതി ചെയ്യുന്നത്. ബന്ധപ്പെടാനുള്ള വിലാസം താഴെ ചേർക്കുന്നു. Hebron Brethren Assembly C/o Joys, Thekkekuttu Flat No - 303 -B, Pocket N. Sarita Vihar, New Delhi 110076, Mob: 9871975967സഭയ്ക്കുവേണ്ടി എ.വി. തോമസ്, റ്റി.വി. തോമസ്, മാത്യൂസ്, ജോയിസ്.

**തൃശൂർ** : 2008 സെപ്റ്റം. 9–13 വരെ നെല്ലിക്കുന്ന് സീയോൻ ബ്രദറൺ ചർച്ചിൽ വെച്ച് എസ്.ബി.എസ്. ക്യാമ്പ് നടന്നു. "ദൈവത്തെ ഭയപ്പെടുക മറക്കരുത്" എന്നതായിരുന്നു ക്യാമ്പ് തീം. തീമിനെ ആസ്പദമാക്കി ക്ലാസ്സുകൾ മുഖ്യലീഡേഴ്സ് നൽകുകയുണ്ടായി. 730 പേർ സംബന്ധിച്ചു. 43 കുട്ടികൾ രക്ഷാനിർണ്ണയത്തിലേക്ക് വരുവാനിടയായി. സമാപന സമ്മേളനത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ കൂടുതൽ മാർക്കു നേടിയവർക്ക് അവാർഡ് ദാനവും ക്യാമ്പിൽ നടന്ന വേദമത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനങ്ങളും നൽകി. തൃശൂർ സെന്ററിന്റെ പുതിയ ഭാരവാഹികൾ – പ്രസിഡന്റ്, ഡേവിഡ് ഐസക്, വൈ. പ്രസിഡന്റ് ടിമ്മി ആഡംസ്, സെക്രട്ടറി പ്രസാദ് ഡേവിഡ്, ജോ. സെക്രട്ടറി പി.എഫ്. പീറ്റർ, ട്രഷറർ ഗ്ലാഡ്സൺ മനോജ്, ജോ. ട്രഷറർ എം. ജി. മോഹൻ, ഓർഗനൈസർ ജോഷി ജോൺ സി., ജോ. ഓർഗനൈസർ വി.എ. ജോസഫ്. എന്ന് സെക്രട്ടറി

**സാന്ത്വനാ മിനിസ്ട്രീസ് :** മദ്യമയക്കുമരുന്നുകൾക്ക് അടിമയായവർ, ആത്മഹത്യാ പ്രവണതയുള്ളവർ, തുടങ്ങിയവരെ ബോധവൽക്കരിക്കുന്നതിനും ദൈവസ്നേഹത്തിലേയ്ക്ക് നയിക്കുന്നതിനുമായി 'സാന്ത്വന സ്വരം' എന്ന പേരിൽ സ്കൂൾ, കോളേജ്, നേഴ്സിംഗ് കോളേജ് തുടങ്ങിയ വിദ്യാലയങ്ങളിൽ പ്രത്യേക പ്രോഗ്രാമുകൾ ക്രമീകരിച്ച് ശുശ്രൂഷകൾ ചെയ്തുവരുന്നു. ജൂൺ – സെപ്റ്റം. മാസങ്ങളിൽ വടവാതൂർ, കഞ്ഞിക്കുഴി, കോട്ടയം, പള്ളം, കങ്ങഴ തുടങ്ങിയ സ്ഥലങ്ങളിലുള്ള വിദ്യാലയങ്ങളിലായി ഏകദേശം 8000ത്തിലധികം വിദ്യാർത്ഥികളെ ദൈവിക സന്ദേശം അറിയിക്കുവാൻ ഇടയായി. "ഞങ്ങൾ എങ്ങനെ നിങ്ങളോട് ഇത് പറയാതിരിക്കും" എന്ന ലഘുലേഖയും വിതരണം ചെയ്യുന്നു. മാത്യു ജോൺ, ഫിലിപ്പ് കെ. ആൻഡ്രൂസ്, ഉണ്ണി തോബിയാസ്, ഷാജൻ തുടങ്ങിയ ഗായകരും ജോണി തോമസും ശുശ്രൂഷകളിൽ സഹകരിക്കുന്നു. വാഹനവും സൗണ്ട് സിസ്റ്റവും വാടകയ്ക്കെടുത്താണ് പ്രവർത്തനങ്ങൾ തുടരുന്നത്. ദൈവജനത്തിന്റെ പ്രാർത്ഥന ആവശ്യമായിരിക്കുന്നു, എന്ന് ജോസഫ് പുന്നൂസ്, വലിയവീട്ടിൽ, വട്ടക്കുന്ന് പി.ഒ., കോട്ടയം – 686516, 0481 – 2555471, 9446119622.

**ശബരിമാങ്കൽ** : എസ്.പി.എസ്. ഫണ്ടിനോട് ചേർന്ന് പ്രവർത്തിക്കുന്ന 40 സുവിശേഷകന്മാരും സ്വമേധയാ പ്രവർത്തകരും ചേർന്ന് 70 ഓളം പേർ വാലങ്കര ബ്രദറൺ സഭയുടെ സഹകരണത്തിൽ സെപ്റ്റം. 16 ന് അനേകം ഭവനങ്ങളിൽ കടന്നുപോയി സുവിശേഷം അറിയിക്കുവാൻ ഇടയായി. 2 – 4 മണി വരെ വിവിധ വിഷയങ്ങളെ ഓർത്തു പ്രാർത്ഥിക്കുവാൻ ഇടയായി. വൈകിട്ട് 5 മണിക്ക് വെണ്ണിക്കുളം ജംഗ്ഷനിൽ പരസ്യയോഗവും നടന്നു. വിതയ്ക്കപ്പെട്ട ദൈവവചനം ഫലം തരുവാനും എസ്.പി.എസ്. പ്രവർത്തനങ്ങളേയും പ്രാർത്ഥനയിൽ ഓർക്കണമേ. എസ്.പി.എസ്. ഫണ്ടിനുവേണ്ടി സെക്രട്ടറി. സി.പി. അനിയൻ, ജോ. സെക്രട്ടറി ഈട്ടിക്കൽ കുഞ്ഞുമോൻ.

## സുവിശേഷ വയലിലേക്ക്

**കാലിക്കടവ്** : സഹോ ബിജോ അബ്രഹാം. ഓർത്തഡോക്സ് സഭയിൽ നിന്നും 2001 ൽ രക്ഷിക്കപ്പെട്ട് കാലിക്കടവ് സഭയോടുള്ള ബന്ധത്തിൽ ആയിരിക്കുകയും 2002 ൽ സ്നാനപ്പെടുകയും 2003 ൽ ദൈവവിളി ഉണ്ടാവുകയും കുമ്പനാട് ബഥനി ബൈബിൾ സ്കൂളിലും സ്റ്റീവാർഡ് ബൈബിൾ കോളജിലും പഠനം പൂർത്തിയാക്കുകയും ചെയ്തു. ഈ സഭയോടുള്ള ബന്ധത്തിലും ജില്ലയിലെ ചില സുവിശേഷകന്മാരോട് ചേർന്നും പ്രവർത്തനങ്ങളിൽ സജീവമായിരിക്കുന്നു. തന്റെ വിളിയും പ്രവർത്തനവും സഭയ്ക്ക് ബോധ്യമായതിനാൽ പൂർണ്ണ സമയ സുവിശേഷകനായി അംഗീകരിച്ചിരിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കായി സഹോദരനെ പരിചയപ്പെടുത്തുന്നു. വിലാസം – ബിജോ അബ്രഹാം, മാട്ടേൽ ഹൗസ്, ബീമനടി പി.ഒ., കാസർഗോഡ് 671314, ഫോൺ 9446691054. എന്ന് തോമസ് മാടപ്പള്ളി, എം.വി.സ്കറിയ

## പുതിയ സഭാകൂടിവരവ്

**കാലടി :** ആലുവ ബ്രദറൺ സഭയുടെ സഹകരണത്തിൽ കഴിഞ്ഞ ആറര വർഷമായി ചെയ്ത പ്രവർത്തനഫലമായി ഒരു പുതിയ സഭാകൂടിവരവ് 2008 ജൂലൈ 27 ന് കാലടി ടൗണിൽ നിന്നും ഒന്നര കി.മീ. ദൂരെ ആലുവാ റൂട്ടിൽ 'ഓട്ടുകമ്പനിപ്പടി' ബസ് സ്റ്റോപ്പിനു ചേർന്നുള്ള വാഴപ്പിള്ളി സഹോ. കൊച്ചുവർക്കിയുടെ ഭവനത്തിൽ ആരംഭിച്ചിരിക്കുന്നു. ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു. തുടർന്നും ഈ സഭയെയും പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർക്കുക. നെടുമ്പാശ്ശേരി അന്തർദേശീയ വിമാനത്താവളത്തിൽ നിന്ന് 4 കി.മീ. ദൂരമുള്ള ഈ കൂടിവരവിൽ യാത്രാസംബന്ധമായി എയർപോർട്ടിൽ വരുന്ന സഹോദരങ്ങൾക്ക് വന്ന് ആരാധിക്കുവാനുള്ള സൗകര്യമുണ്ട്. ഞായർ – 10.30 എ.എം., ഫോൺ 09388960825, വിലാസം പി.ബി. നമ്പർ–3, കാലടി പി.ഒ., എറണാകുളം – 683574. സഭയ്ക്കുവേണ്ടി സുവി. നോബിൾ ജോർജ്ജ്, കൊച്ചുവർക്കി വാഴപ്പിള്ളി.

**തൃശൂർ :** മുളങ്കുന്നത്തുകാവ് മെഡിക്കൽകോളജിനു സമീപം അത്താണി എന്ന സ്ഥലത്ത് 2008 സെപ്റ്റം. 7 ന് "ക്രിസ്ത്യൻ ബ്രദറൺ ചർച്ച്"എന്ന പേരിൽ ഒരു പുതിയ



www.bahrainbrethren.com

സഭാകൂടിവരവ് ആരംഭിച്ചിരിക്കുന്നു. ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും ഉള്ള കൂടിവരവുകൾ നടന്നുവരുന്നത് അത്താണിയിൽ കെൽട്രോൺ സ്റ്റോപ്പിലുള്ള കെ. കെ.കോംപ്ലക്സ് കെട്ടിടത്തിലാണ്. ആരാധനാ സമയം ഞായറാഴ്ച 9.30 എ.എം. വിലാസം K.K.Kurian, Karanjikudiyil, K.K. Complex , Athani P.O., Thrissur - 670771, Ph: 9995084499 എന്ന് സജി സാമുവേൽ, കെ. കെ. കുര്യൻ, പി.ജെ. പൗലൊസ്.

**തിരുവനന്തപുരം :** കവടിയാർ സഭയുടെ പ്രവർത്തനങ്ങൾ 2006 മുതൽ വെഞ്ഞാറമൂട്, കല്ലറ, കാരേറ്റ് തുടങ്ങിയ സ്ഥലങ്ങളിൽ നടക്കുന്നു. കല്ലറയ്ക്ക് സമീപം പച്ചമുക്ക് എന്ന സ്ഥലത്ത് പ്രവർത്തനം മുഖാന്തിരം ചിലർ രക്ഷിക്കപ്പെട്ട് സ്നാനപ്പെടുകയുണ്ടായി. തുടർന്ന് ബ്രദറൺ അസംബ്ലി കല്ലറ എന്ന പേരിൽ ഒരു കൂടിവരവ് 2008 മാർച്ച് 30 ന് ആരംഭിച്ച വിവരം സ്തോത്രത്തിനായി അറിയിക്കുന്നു. ഇപ്പോൾ 8 പേർ കർത്തൃമേശയിൽ പങ്കെടുക്കുന്നു. ചിലർ സ്നാനപ്പെടുവാൻ ആഗ്രഹിക്കുന്നു. കവടിയാർ സഭയുടെ സുവി. ഏബ്രഹാം മാത്യൂസും അയൽസഭകളിലെ സുവിശേഷകന്മാരും ഈ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നു. ഈ കൂടിവരവിനെയും വെഞ്ഞാറമൂട്, കാരേറ്റ് എന്നിവിടങ്ങളിൽ കൂടിവരവുകൾ ഉണ്ടാകേണ്ടതിനുമായി പ്രാർത്ഥിക്കുക. എന്ന് കവടിയാർ സഭയ്ക്കുവേണ്ടി സാമുവൽ ജോൺ, ഏബ്രഹാം മാത്യൂസ്. കല്ലറ സഭയുടെ വിലാസം ഏബ്രഹാം മാത്യൂസ്, ബ്രദറൺ അസംബ്ലി, കല്ലറ T.c.x/909 അമ്പലത്തുനട, മുക്കോലയ്ക്കൽ, തിരുവനന്തപുരം - 695044.

**കുന്നൻപാറ :** തിരുവനന്തപുരം ജില്ലയിൽ വട്ടിയൂർക്കാവ് വില്ലേജിൽ കുന്നൻപാറ എന്ന സ്ഥലത്ത് 2005 ൽ ആറാമട സഭയുടെ സഹകരണത്തിൽ ഒരു പ്രവർത്തനം ആരംഭിച്ചു. ഹൈന്ദവർ തിങ്ങിപ്പാർക്കുന്ന ഈ സ്ഥലത്ത് സണ്ടേസ്കൂൾ, ബൈബിൾ ക്ലാസ്സ്, പ്രാർത്ഥനായോഗങ്ങൾ ഭവന സന്ദർശനങ്ങൾ എന്നിവ നടന്നുവന്നിരുന്നു. രക്ഷിക്കപ്പെട്ടവർക്കായി 2007 ഡിസം. 9 മുതൽ എല്ലാ ഞായറാഴ്ചയും കർത്തൃമേശയില്ലാത്ത സഭായോഗം നടന്നിരുന്നു. 2008 ഒക്ടോ. 1 ന് ഗുഡ് സമിരിറ്റൻ മിനിസ്ട്രിയുടെ ഏകദിന സുവിശേഷ പ്രവർത്തനം ഇവിടെ വച്ച് നടക്കുവാനിടയായി. തത്ഫലമായി 14 പേർ കർത്താവിനെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം ആറാമട സഭയുടെയും മലയൻകീഴ് സഭയുടെയും സഹകരണത്തിൽ 8 പേരുടെ സ്നാനശുശ്രൂഷ നടക്കുകയുണ്ടായി. അങ്ങനെ ഒക്ടോ. 5 ന് പു. നി. മാതൃകയിൽ ആരാധന ആരംഭിക്കുവാൻ ഇടയായി. അക്രൈസ്തവ പശ്ചാത്തലത്തിൽനിന്ന് മുന്നോട്ടുവന്നിട്ടുള്ളവർക്ക് എതിർപ്പുകളും പ്രയാസങ്ങളും ഉണ്ട്. ഇവരുടെ നിലനില്പിനും സഭയുടെ അനുഗ്രഹത്തിനുമായി പ്രാർത്ഥിക്കുക. സഭയ്ക്കുവേണ്ടി എസ്.ജി. ഗിൽബർട്ട്, കെ.തമ്പി. വിലാസം Brethren Assembly, Kunnampara, C/o. S.G. Gilbert, St. Mary Church Lane, Maruthanvila Veedu, Kunnapuzha, Aramada P.O., T.V.M. 695032.

## അഭ്യർത്ഥന

**വെള്ളാർ (തിരുവനന്തപുരം) :** 1998 മുതൽ വെള്ളാർ എന്ന സ്ഥലത്ത് ഒരു കൂടിവരവ് ആരംഭിക്കാൻ കർത്താവ് സഹായിച്ചു. 25 പേർ കൂട്ടായ്മയിൽ പങ്കെടുക്കുന്നവരായിട്ടുണ്ട്. ദൈവമക്കളുടെ സഹായത്താൽ 2000 ൽ സ്റ്റീവാർഡ് അസോസിയേഷന്റെ പേരിൽ നാലര സെന്റ് സ്ഥലം വാങ്ങി. സഭാഹാൾ ഇല്ലാത്തതിനാൽ സഭാകൂടിവരവുകൾ സുവി. ജോർജ്ജ്കുട്ടിയുടെ ഭവനത്തിൽ ആണ് നടന്നുപോരുന്നത്. അന്തരാഷ്ട്ര ടൂറിസ്റ്റു കേന്ദ്രമായ കോവളത്തുനിന്നും 2 കി.മീ. നുള്ളിലാണ് ഇപ്പോൾ അസംബ്ലി സ്ഥിതി ചെയ്യുന്നത്. ഇവിടെയുള്ള ദൈവമക്കളുടെ സഹായത്തോടെ '33 X 20'അളവിൽ ഒരു സഭാഹാളിന്റെ അടിസ്ഥാനം ഇട്ടു. ഹാളിന്റെ പണി പൂർത്തീകരിപ്പാൻ പാവപ്പെട്ടവരായ ഈ സഭയിലെ സഹോദരന്മാർക്ക് കഴിവില്ല. 3 ലക്ഷം രൂപയോളം വേണ്ടിവരും. അതിലേക്ക് ദൈവമക്കളുടെ പ്രാർത്ഥനയും ഉദാരമായ സംഭാവനയും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു. സംഭാവന സഭയുടെ പേരിലുള്ള Joint Account No. 10200, Central Bank of India, Contact: Evg. Georgekutty . W, Brethren Assembly, Vellar, Kovalam P.O., Trivandrum - 695 527, Kerala അയച്ചാലും. എന്ന് ജോർജ്ജ് കുട്ടി ഡബ്ല്യു, ഷിജു റ്റി, കെ. ശശിധരൻ, ബിജിലാൽ. ശുപാർശ ചെയ്തവർ പി.വി. വർഗ്ഗീസ്, എ.വി. ജോർജ്ജ്, ഡോ. പി.വൈ. ജോർജ്ജ്, ഇ.ജെ. മാത്യു, കെ. വി.വർഗ്ഗീസ്.

**കരിക്കറത്തല :** കഴിഞ്ഞ 4 വർഷക്കാലമായി സുവി. മുരളീധരൻ നായർ മുള്ളിലവുവിള ബ്രദറൺ സഭയുടെ സഹകരണത്തിൽ സുവിശേഷപ്രവർത്തനം ചെയ്തതിന്റെ ഫലമായി ഈ പ്രദേശത്ത് 2007 മാർച്ച് 18 ന് പുതിയനിയമ മാതൃകയിലുള്ള ഒരു കൂടിവരവ് ആരംഭിച്ചു. 8 കുടുംബങ്ങളിൽനിന്നുമായി 12 പേർ ഇപ്പോൾ ആരാധിക്കുന്നു. സുവിശേഷകൻ താമസിക്കുന്ന വാടക ഭവനത്തിലാണ് യോഗങ്ങൾ നടക്കുന്നത്. കഴിഞ്ഞ നാളുകളിൽ ഈ വിഷയം വച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി എട്ടര സെന്റ് സ്ഥലവും ഒരു ചെറിയ ഓലമേഞ്ഞ ഭവനവും ദൈവം കാട്ടിത്തരികയും ചില സഹോദരന്മാരുടെ സഹായത്താൽ 10,000 രൂപ അഡ്വാൻസ് കൊടുക്കുവാനും കഴിഞ്ഞു. വസ്തുവിന്റെ മതിപ്പുവില 1,75,000 രൂപയാണ്. ഇപ്പോൾ ഇരിക്കുന്ന വീട് നന്നാക്കുവാനും കോമ്പൗണ്ട് തിരിക്കുവാനുമായി 2,50,000 രൂപ ഉണ്ടാകേണ്ടിയിരിക്കുന്നു. ഡിസം. 15 ന് മുമ്പ് അഡ്വാൻസ് കഴിച്ച് 1,65,000 രൂപ കൊടുത്ത് തീർക്കണം. ഈ സഭയിലെ വിശ്വാസികൾ നിർദ്ധനരും കൂലിവേലക്കാരും ആയതിനാൽ ഇത്രയും വലിയ തുക ഉണ്ടാക്കുവാൻ അപ്രാപ്തരാണ്. ആയതിനാൽ ഈ ആവശ്യത്തിലേക്ക് സഭയായും വ്യക്തികളായും പ്രാർത്ഥിക്കുകയും സാമ്പത്തിക സഹായം ചെയ്ത് സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊള്ളുന്നു. ഈ ആവശ്യത്തിലേക്ക് എൻ. എ.മാത്യു, ജി. മുരളീധരൻ നായർ എന്നിവരുടെ പേരിൽ വെള്ളറട വിജയാ ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് ഉണ്ട്. A/C No. 204301011000471.വസ്തു സ്റ്റുവേർഡ് അസോസിയേഷന്റെ പേരിലാണ് വാങ്ങുന്നത്. കത്തുകളും സംഭാവനകളും അയയ്ക്കേണ്ട വിലാസം, ജി. മുരളീധരൻ നായർ, വൃന്ദാവനം, കരിക്കറത്തല, ഡാലുംമുഖം പി.ഒ., 695125, നെയ്യാറ്റിൻകര. എന്ന് സഭയ്ക്കുവേണ്ടി, സുവി. ജി. മുരളീധരൻ നായർ, സുവി. എൻ.എ. മാത്യു. മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വാസ്തവമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. സാം സക്കറിയ, പേരൂർക്കട.

## രോഗികൾ

**ചക്കിട്ടാംപൊയ്ക :** സുവി. ജോസ് തടത്തിൽ കഴിഞ്ഞ 18 വർഷത്തോളമായി സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരികയാണ്. ഇപ്പോൾ തോമ്പിക്കണ്ടം ബ്രദറൺ അസംബ്ലിയുടെ സുവിശേഷകനാണ്. ഹൃദയസംബന്ധമായ അസുഖത്താൽ ഭാരപ്പെടുന്ന താൻ തിരുവല്ലാ പുഷ്പഗിരി ആശുപത്രിയിൽ ആൻജിയോഗ്രാഫ്



www.bahrainbrethren.com

ടെസ്റ്റ് നടത്തുകയും 90% ബ്ലോക്ക് ഉള്ളതായി കണ്ടുപിടിച്ചു. എത്രയും വേഗം ബൈപാസ് സർജറിക്ക് വിധേയനാകണമെന്ന് അറിയിച്ചു. താൻ സാമ്പത്തീകമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളാണ്. ഏകദേശം 1.5 ലക്ഷത്തോളം രൂപാ ഈ ഓപ്പറേഷന് ചെലവ് പ്രതീക്ഷിക്കുന്നു. ബി.ആർ.റ്റി.യിൽ നിന്നും ഒരു സഹായം ലഭിച്ചിരുന്നു. ഇതുവരെ ചികിത്സകൾക്കായി ഗണ്യമായ തുക ചെലവായി. തുടർന്ന് ദൈവമക്കളുടെ സാമ്പത്തിക സഹകരണം ഉണ്ടായാൽ മാത്രമേ ഈ ഓപ്പറേഷന് വിധേയപ്പെടാൻ കഴിയുകയുള്ളു. സഹായം അയയ്ക്കേണ്ട വിലാസം:- സുവി. എം.എൽ.ജോൺ, മരുതുവേലിൽ വീട്, തെള്ളിയൂർ പി.ഒ.-689544, വെണ്ണിക്കുളം. എന്ന് സി.ജെ. മാത്യു, കെ.റ്റി. ജോസഫ്, എം.എൽ. ജോൺ, സി.പി. അനിയൻ.

**തെള്ളിയൂർ :** തെള്ളിയൂർ ബ്രദ്റൺ സഭാംഗവും കരിക്കാട് ഹെബ്രോൻ ബ്രദ്റൺ സഭാശുശ്രൂഷകനുമായ സി. എം. തോമസ് കോട്ടയം മെഡിക്കൽ കോളജിൽവിദഗ്ധ പരിശോധനയിൽ ഹൃദയത്തിന് 3 ബ്ലോക്ക് ഉള്ളതായി കാണുന്നു. 2009 ജനു. രണ്ടാമാഴ്ചയിൽ ഓപ്പൺഹാർട്ട് സർജറി ചെയ്യുവാൻ നിർദ്ദേശിച്ചിരിക്കുകയാണ്. ഈ ആവശ്യത്തിനായി 20,000 രൂപയോളം ഇപ്പോൾ കൈവശമുണ്ട്. മറ്റുചെലവുകൾ ഉൾപ്പെടെ 75,000 രൂപാ ആവശ്യമായിരിക്കുന്നു. തുടർന്നുള്ള ഓപ്പറേഷനും സൗഖ്യത്തിനുമായി ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. സംഭാവനകൾ A/c No. 57055203685, SBT Valakuzhy എന്ന പേരിൽ C.M. Thomas, Cheralatholil, Thelliyoor P.O.-689544 എന്ന വിലാസത്തിൽ അയയ്ക്കേണമേ. സഭയ്ക്കുവേണ്ടി, ഈട്ടിക്കൽ കുഞ്ഞുമോൻ, സി.കെ. പാപ്പച്ചൻ.

**നവാപൂർ :** ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി സുവി. വിജയ സൈമൺ ഹൃദയ സംബന്ധമായ രോഗത്താൽ കഴിഞ്ഞ ചില നാളുകളായി ഭാരപ്പെടുന്നു. ഹൃദയരോഗ വിദഗ്ധരുടെ പരിശോധനയിൽ 3 ബ്ലോക്കുകൾ ഉണ്ടെന്നു മനസ്സിലാക്കുകയും എത്രയും വേഗം ചികിത്സ ആവശ്യമാണെന്നു നിർദ്ദേശിക്കുകയും ചെയ്തു. കുത്തിവെയ്പുമൂലം രോഗശമനം ഉണ്ടാകുമെന്നും അതിലേക്ക് 50,000 രൂപ വേണ്ടി വരുമെന്നും കരുതുന്നു. ഈ തുക തനിക്കോ തന്റെ സഭാവിശ്വാസികൾക്കോ സമാഹരിക്കുവാൻ സാധ്യമല്ലാത്തതിനാൽ ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. സഹായം അയയ്ക്കേണ്ട വിലാസം Evg. Vijay Simon, Prabhakar Colony, P.O. Box 17 Navapur (P.O), Nandurbar, (Dist.) 425418 എന്ന് S. Segaji S. Gavit, V.K. Varunan, Vijay Simon.

## പുസ്തക പരിചയം

**'ഫിലേമോൻ ഹൃദയത്തെ തണുപ്പിച്ചവൻ'**

രചന : എം.വി.തോമസ്. ബൈബിളിൽ ഒരു അദ്ധ്യായം മാത്രമുള്ള ഫിലേമോന്റെ ലേഖനം എഴുത്തുകാരൻ 3 അദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്നു. 1). വാ. 1-7 വരെ വീട്ടിലൊരു സഭ. 2) വാ. 8-16 വരെ ഒരു വയസന്റെ അപേക്ഷ. 3) വാ. 17-25 വരെ എന്റെ പേരിൽ കണക്കിട്ടു കൊൾക. പ്രസിദ്ധ ക്രിസ്തീയ സാഹിത്യകാരൻ എം. വി. തോമസിന്റെ 33-ാമത്തെ കൃതിയാണ്. തീർച്ചയായും ഈ പുസ്തകം വായനക്കാരുടെയും ഹൃദയം തണുപ്പിക്കും. 54 പേജുകളുള്ള പുസതകവില 30 രൂപ. ഗ്രന്ഥകാരനിൽനിന്നും ലഭ്യമാണ്.


RN.No. 36067/ 81

Postal Reg. No. KL/TLA/44/2006-08 dt. 09-09- 05

ആത്മപ്രകാശിനി

If undelivered Please return to:

Athma Prakashini

P.B.No.10

Kumbanad

Thiruvalla 689 547

Printed and Published by

C.A.George

at Excel Offset Printers, Omallor


**ബഥനി ബൈബിൾ സ്കൂൾ റിഫ്രഷർ കോഴ്സ്**

**കുമ്പനാട് :** ബഥനി ബൈബിൾസ്കൂളിന്റെ 60-ാമത് ബാച്ചിന്റെ സമാപനത്തോടനുബന്ധിച്ച് പൂർവ്വ വിദ്യാർത്ഥികൾക്കായി ഒരു റിഫ്രഷർ കോഴ്സ് കുമ്പനാട് ബ്രദറൺ സഭാ ഹാളിൽ വെച്ച് 2009 മാർച്ച് 23 തിങ്കൾ മുതൽ 27 വെള്ളി വരെ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പൂർണ്ണ സമയ സുവിശേഷ വേലയിൽ ഏർപ്പെട്ടിരിക്കുന്നവരും സഭാശുശ്രൂഷയിലും സുവിശേഷ പ്രവർത്തനങ്ങളിലും പങ്കെടുക്കുന്നവരും 50 വയസ്സിൽ താഴെയുള്ളവരേയുമാണ് പ്രതീക്ഷിക്കുന്നത്. ഇന്ത്യയിലോ വിദേശ രാജ്യങ്ങളിലോ ഉള്ളവർക്ക് പങ്കെടുക്കാവുന്നതാണ്. താല്പര്യമുള്ളവരെ ക്ഷണിച്ചുകൊള്ളുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സെക്രട്ടറി ബഥനി ബൈബിൾ സ്കൂൾ പി.ഒ. ബോക്സ് നമ്പർ 45 കുമ്പനാട് 689547 എന്ന വിലാസത്തിലോ 0469 2664314, 2664319, 2664925 എന്നീ ഫോൺ നമ്പറിലോ നേരത്തെ അറിയിക്കേണ്ടതാണ്. സെക്രട്ടറി.

## പത്തനംതിട്ട കൺവൻഷൻ

താഴെ പറയുന്ന സ്ഥലത്തും സമയത്തും നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

സ്ഥലം : പത്തനംതിട്ട സുവിശേഷാലയം

സമയം : 2008 ഡിസം. 21 ഞായർ 6 പി.എം. മുതൽ 28 ഞായർ മദ്ധ്യാഹ്നം വരെ.

പ്രസംഗകർ : ഡോ. ഒ.എം. ശമുവേൽ, ജോസ് മാത്യു, തോംസൺ ബി. തോമസ്, വർഗ്ഗീസ് കെ. കുര്യൻ

മറ്റുദൈവദാസന്മാരും ഉണ്ടായിരിക്കും.

സെക്രട്ടറി. ഗോസ്പൽ ഹാൾ, പത്തനംതിട്ട




www.bahrainbrethren.com